2020 OCT \ VOL 19 \ ISSUE 10 \ PAGE 48 \ PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




## മറക്കരുത്
## നീയാണ് കാവൽ

ഫാ. റോബിൻ തോമസ്

## ചുറ്റിലും ശബ്ദ മലിനീകരണം
## ജാഗ്രതൈ!

എൽസീന ജോസഫ്

JESUS YOUTH A MISSIONARY MOVEMENT AT THE SERVICE OF THE CHURCH



സേവ്യർ വീവീ പി.വി

ജനനം : 18 ഫെബ്രുവരി 1882, ബവേറിയ, ജർമനി
മരണം : 5 ഒക്ടോബർ 1925, ബവേറിയ, ജർമനി
വയസ്സ് : 43
വാഴ്ത്തപ്പെട്ടത് : 7 മാർച്ച് 1999
വിശുദ്ധപദവി : 12 ഒക്ടോബർ 2012
തിരുനാൾ : ഒക്ടോബർ 5



# വി. അന്ന ഷേയ്ഫർ

## തിരുനടയിൽ അർപ്പിക്കപ്പെട്ട സഹനപുഷ്പം

ടീനേജിന്റെ അന്ത്യപാദത്തിൽ സംഭവിച്ച ഒരപകടത്തിനു ശേഷം ജീവിതകാലം മുഴുവൻ കിടക്കയിൽ കഴിച്ചു കൂട്ടേണ്ടി വരുക! പ്രാഥമിക കൃത്യങ്ങൾ പോലും പരസഹായം കൂടാതെ നിർവഹിക്കാനാവാതെ ബുദ്ധിമുട്ടുക! ഇതിനൊക്കെ പുറമേ രോഗങ്ങളും വേദനകളും! കേൾക്കുമ്പോൾ തന്നെ നമുക്ക് സഹതാപം തോന്നുന്ന ജീവിതം. എന്നാൽ ഇത്തരം സാഹചര്യങ്ങൾക്കുപോലും അന്ന ഷേയ്ഫറിന്റെ പ്രകാശം പരത്തുന്ന പുഞ്ചിരി അവളുടെ ചുണ്ടുകളിൽ നിന്ന് എടുത്തു മാറ്റാനായില്ല. കാരണം, അവൾ സ്നേഹിച്ചു, അവസാനം വരെ സ്നേഹിച്ചു - തന്റെ പ്രാണനാഥനായ ക്രിസ്തുവിനെയും അവനായി നേടിയെടുക്കേണ്ട ആത്മാക്കളെയും!

ഒരു സാധാരണ കുടുംബത്തിലാണ് അന്ന ഷേയ്ഫർ ജനിച്ചത്. അപ്പന്റെ മരണത്തോടെ, പതിന്നാലാം വയസ്സിൽ പഠനം പാതിവഴിക്ക് നിറുത്തി കുടുംബം പോറ്റാൻ അന്നയും കൊച്ചുകൊച്ചു ജോലികൾ ചെയ്തു തുടങ്ങി. എന്നാൽ സമയം കിട്ടുമ്പോഴൊക്കെ ആരുമറിയാതെ ആളൊഴിഞ്ഞ ഇടങ്ങളിൽ അവൾ ഈശോയുമായി ഹൃദയസംഭാഷണത്തിൽ മുഴുകിയിരുന്നു. ഒരു മിഷണറി സന്യാസിനിയായി കർത്താവിനുവേണ്ടി വേല ചെയ്തു ജീവിക്കണമെന്നതായിരുന്നു അവളുടെ ആഗ്രഹം. എന്നാൽ സ്വർഗം അവൾക്കു വേണ്ടി ഉന്നതമായ മറ്റൊരു പദ്ധതി കണ്ടു വച്ചിട്ടുണ്ടായിരുന്നു; ഉലയിൽ സ്വർണമെന്ന പോലെ അവളെ വിശുദ്ധീകരിക്കുവാനുള്ള പദ്ധതി!

1901 ഫെബ്രുവരി 4. അന്ന മറ്റൊരു തൊഴിലാളിയോടൊപ്പം അലക്കു ശാലയിൽ തിരക്കിട്ട ജോലിയിലായിരുന്നു. വലിയ കുട്ടകങ്ങളിൽ വെള്ളം തിളപ്പിച്ച്, അതിലാണ് തുണികൾ അലക്കിയിരുന്നത്. ഒരിക്കൽ കാലു തെന്നി തിളച്ചുമറിയുന്ന വെള്ളത്തിലേക്കു വീണ അവളുടെ കാൽപാദം മുതൽ മുട്ടുവരെ വെന്തുപോയി. ഉടൻ തന്നെ അവളെ അടുത്തുള്ള ആശുപത്രിയിലെത്തിച്ചെങ്കിലും അവളുടെ ജീവൻ തന്നെ രക്ഷിക്കാനാകുമോയെന്ന് ഡോക്ടർമാർക്ക് സംശയമായിരുന്നു. നിരവധി ശസ്ത്രക്രിയകൾ ചെയ്തുവെങ്കിലും അവസാനം ഡോക്ടർമാർ അവളെ കൈവെടിഞ്ഞു. ആശുപത്രിയിൽ നിന്ന് വീട്ടിൽ തിരിച്ചെത്തിയ അന്നയുടെ ശുശ്രൂഷാച്ചുമതല അവളുടെ അമ്മ ഏറ്റെടുത്തു. സ്വാധീനം നഷ്ടപ്പെട്ട അവളുടെ കാലുകൾക്ക് ചലനശക്തി തിരികെ ലഭിക്കുന്നതിനു ഡോക്ടർമാർ പല പരീക്ഷണങ്ങൾ ചെയ്തുവെങ്കിലും ഒന്നും വിജയിച്ചില്ല. ഒരു സന്യാസിനിയായി കർത്താവിനെ ശുശ്രൂഷിക്കണമെന്ന അന്നയുടെ ആഗ്രഹത്തിന് അങ്ങനെ തിരശ്ശീല വീണു. എന്നാൽ ക്രിസ്തുവിന്റെ തിരുഹിതത്തിനു തന്നെത്തന്നെ വിട്ടുകൊടുത്ത് സഹനങ്ങളെല്ലാം പാപികൾക്കു വേണ്ടി സമർപ്പിച്ച് ഈശോയ്ക്കു കാഴ്ചവച്ചു.

വേദനയുടെ കാഠിന്യം നിമിത്തം ഉറങ്ങാനാവാത്ത രാത്രികളെല്ലാം തന്നെ അന്ന ആരാധനയുടെ മണിക്കൂറുകളാക്കി മാറ്റി. ഈശോയുടെ തിരുഹൃദയത്തോടും ദിവ്യകാരുണ്യത്തോടുമുള്ള ഭക്തി സഹനവേളകളിൽ അവൾക്കു ബലമേകി. ദിവസേന അവൾക്കു വി.കുർബാന സ്വീകരിക്കാൻ അവളുടെ ഇടവകവികാരിയും ആത്മീയ പിതാവുമായിരുന്ന വൈദികൻ അവസരമൊരുക്കി. ഈശോയുടെ സഹനങ്ങളോട് കൂടുതൽ ഐക്യപ്പെടാനുള്ള ആഗ്രഹം അവളിൽ ജ്വലിച്ചുയർന്നു. ഒരു ദിവസം വി. കുർബാന സ്വീകരണ സമയത്ത് ആഗ്നേയശരങ്ങൾ പോലെ അഞ്ചു രശ്മികൾ അന്നയുടെ കൈകളിലും കാലുകളിലും മാറിടത്തിലും തുളച്ചുകയറി, ക്രിസ്തുവിന്റെ അഞ്ചു തിരുമുറിവുകളാൽ അവൾ അലംകൃതയായി. 1925-ൽ വൻകുടലിൽ ക്യാൻസർ ബാധിച്ചതോടെ അന്നയുടെ ആരോഗ്യം പൊടുന്നനേ വഷളായി. ആ വർഷം ഒക്ടോബർ 5-ന് വി.കുർബാന സ്വീകരിച്ച് നിമിഷങ്ങൾക്കകം അവളുടെ ആത്മാവ് അവളുടെ സ്നേഹനാഥനോട് ചേർന്നു.

ഈശോയുടെ സഹനപുഷ്പം സ്വർഗത്തിലെത്തിയതിന്റെ അടയാളമായി അനേകം അത്ഭുതങ്ങളാണ് അവളുടെ മാധ്യസ്ഥം യാചിച്ച് പ്രാർഥിച്ചവർക്ക് ലഭിച്ചത്. ഏകദേശം 15,000 അത്ഭുതങ്ങൾ അന്ന ഷേയ്ഫറിന്റെ മധ്യസ്ഥതയിൽ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 2011-ൽ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അന്ന ഷേയ്ഫറിനെ വിശുദ്ധയായി പ്രഖ്യാപിച്ചു.

# എഡിറ്റേഴ്സ് റൂം



**അഡ്വ. കെ.ജെ. ജോൺസൺ**

# ചേച്ചീ, ബില്ലു വേണോ?

കൈയിലിരിക്കുന്ന പഴയ ആഭരണങ്ങൾ മാറ്റി പുതിയവ വാങ്ങുവാനാണ് ആനി ജോൺ നഗരത്തിലെ പ്രമുഖ ജ്വല്ലറിയിലെത്തിയത്. ഇഷ്ടമുള്ള ആഭരണങ്ങൾ തെരഞ്ഞെടുത്തു കഴിഞ്ഞ് തുക എത്രയെന്നു ചോദിച്ചപ്പോൾ സെയിൽസ്മാൻ ചോദിച്ചത് മറ്റൊന്നായിരുന്നു. "ചേച്ചീ, നികുതി ബിൽ വേണോ? വേണമെങ്കിൽ അയ്യായിരം രൂപ കൂടി ഇനിയും നൽകണം." അത്രയും തുക കൈയിലില്ലാത്തതിനാൽ ഇഷ്ടപ്പെട്ട ആഭരണം തിരിച്ചു വച്ച് കുറഞ്ഞവിലയുള്ള മറ്റൊരെണ്ണം വാങ്ങി നികുതി അടച്ച ബില്ലുമായാണ് ആനി ജോൺ എന്ന വീട്ടമ്മ ജ്വല്ലറിയിൽ നിന്നുമിറങ്ങിയത്.

സമൂഹത്തിൽ നടക്കുന്ന അഴിമതികളെക്കുറിച്ചും മൂല്യച്യുതിയെക്കുറിച്ചും വളരെയധികം ആശങ്കയുള്ളവരാണ് ഇന്നത്തെ സമൂഹം. നിർഭാഗ്യവശാൽ വ്യക്തി ജീവിതത്തിന്റെ വഴിത്താരകളിൽ ബോധപൂർവമായോ അല്ലാതെയോ മൂല്യങ്ങൾ തമസ്കരിക്കുന്നുവെന്നതാണ് യാഥാർഥ്യം. സമൂഹത്തിന്റെ സാമ്പത്തിക പുരോഗതി പോലെ തന്നെ വളരെ പ്രധാനപ്പെട്ടതാണ് വ്യക്തിപരമായ ധാർമികതയുടെ അടിസ്ഥാനങ്ങളും.

ബഹിരാകാശത്തു നിന്നും നോക്കിയാൽ ഭൂമിയിൽ കാണാനാവുന്നത് എന്നു പറയുന്ന മനുഷ്യനിർമിതമായ ഒന്നാണ് ചൈനയുടെ വൻമതിൽ. പുരാതന രാജവംശങ്ങൾ തങ്ങളുടെ അതിർത്തികൾ സംരക്ഷിക്കാൻ വർഷങ്ങളെടുത്ത് പണിത മഹാത്ഭുതം. പക്ഷേ, ചരിത്രത്തിൽ ശത്രുക്കൾ പലവട്ടം ഈ വൻമതിൽ ഭേദിച്ചു കയറിയിട്ടുണ്ട്. മതിലുകൾ തകർത്തോ, ചാടിക്കടന്നോ അല്ല ശത്രുക്കൾ ആക്രമിച്ചത്. മറിച്ച് കാവൽക്കാരന് കൈക്കൂലി കൊടുത്താണ്. നമ്മുടെ ധാർമികതയെ ബലപ്പെടുത്താതെയുള്ള സാമ്പത്തിക, സാമൂഹിക സുരക്ഷാക്രമങ്ങളെല്ലാം വ്യർഥമാവിലാകും എന്നതാണ് ചരിത്രം നമ്മെ ഓർമിപ്പിക്കുന്നത്.

അഴിമതിക്കെതിരെ പോരാടാൻ തീരുമാനിച്ച, കോളേജിൽ പഠിക്കുന്ന കുറച്ചു ചെറുപ്പക്കാർ ചില തീരുമാനങ്ങളെടുത്തു. ഞങ്ങൾ വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും ബിൽ നിർബന്ധമായും വാങ്ങും, ഞങ്ങളുടെ കാര്യങ്ങൾ വേഗത്തിൽ നടക്കുന്നതിനോ അനധികൃതമായ ആവശ്യങ്ങൾക്കു വേണ്ടിയോ കൈക്കൂലി കൊടുക്കില്ല, പരീക്ഷയിൽ കോപ്പി അടിക്കുകയില്ല. ഇത്തരത്തിൽ ത്യാഗപൂർവമായ തീരുമാനങ്ങൾക്കു മാത്രമേ പുതിയ ആകാശവും ഭൂമിയും സൃഷ്ടിക്കാൻ സാധിക്കൂ.

"സർ, എന്റെ മാഗസിന്റെ സബ്സ്ക്രിപ്ഷൻ കഴിഞ്ഞ മാസം തീർന്നു. ഈ മാസവും എനിക്കതു കിട്ടി." ഞങ്ങൾ പരിശോധിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ശരിയാണ്, സോഫ്ട്‌വെയറിൽ തെറ്റായാണ് എന്റർ ചെയ്തിരിക്കുന്നത്. അർഹതയില്ലാത്ത ഒരു ചെറിയ കാര്യം പോലും വേണ്ടെന്ന് പറഞ്ഞ സോണിയെക്കുറിച്ചോർത്തപ്പോൾ അഭിമാനം തോന്നി. ഇങ്ങനെയുള്ള തീരുമാനങ്ങളും മൂല്യങ്ങളിലടിയുറച്ച ജീവിതവുമാണ് ഭാവി ഭാസുരമാക്കാനും ജീവിത സാഫല്യത്തിനും നമുക്കിടയാക്കുന്നത്.



എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# കെയ്റോസ്

**Kairos** | October 2020 | Vol 19 | Issue 10

Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Joseph Ezhumayil *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
Ginees Francis 9562379515 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@kairos.global)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Managers**
Leena Shaju +91 6238279115 circulations@kairos.global
Leema Alex +91 6238105775 circulations@kairos.global

**Associate Circulation Managers**
*Australia:* Mintu Vijoy, Melbourne +61 452538785
*Bahrain:* Roshan George, Manama + 973 36906995
*Cambodia:* Sophearong Ravy, Phnom Penh +855 964265472
*Canada:* Joby Joseph, Ontario +12899 686 074
*Germany:* Anna Paul, Berlin +49 176 83495451
*India:* Leena Shaju, Cochin +91 6238279115
Jackulin Sheela, Mumbai +91 9967329244
*Ireland:* Suresh V Joy, Dublin. +35 3879630904
*Israel:* Jaison K Thattil, Tel Aviv +972 559425308
*Kuwait:* Anish Thomas Kappil, Salmiya +965 90063685
*Malaysia:* Deepu James, KL Sentral +60 12649 4628
*Netherlands:* Jojo Varghese, Utrecht +31 684974552
*New Zealand:* Derick Daniel, Auckland +64 291270650
*Oman:* Jiju Paul, Muscat +968 99467516
*Papua New Guniea:* Abin Michael, Port Moresby +675 74794368
*Qatar:* Jomichan P George, Doha + 974 33688437
*Singapore:* Jilu Nobin, Sengkang +65 93294529
*Switzerland:* Joseph C Robert, Zurich +41 762499295
*Thailand:* Mary Harris, Bangkok +66 843138626
*UAE:* Thomas Komban, Dubai + 971 553009006
*Uganda:* Dominic Mathew, Kampala +256 757207200
*UK:* Mathachan Madukkakuzhy Stoke on Trent + 44 7969365686
*USA:* Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@kairos.global

**Office**
Smitha Jose: smitha.jose@kairos.global

**Mailing Address**
*INDIA*
Kairos Media, 8/174, Navodaya Studio Complex, Thengode P.O,
Kochi 682030, Kerala, India.
infoin@kairos.global +91 484 2984327

*USA*
Kairos International Inc., 3010 Mason Grove Ln
Pearland, TX 77584 USA
info@kairos.global +1 832 592 3675

www.kairos.global
Facebook.com/Readkairos Twitter.com/kairosmalayalam

**Design**
Shaji Joseph Arakkal +91 9895405631 arakkalshaji@gmail.com


# താളുകളിൽ




Cover photo by
Warren Kenneth de Souza
on Unsplash

## ഇവാഞ്ചലൈസേഷൻ ഇന്റർനെറ്റിലൂടെ

ജോഷി ജോസഫ്


12





**കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ**

PRINT | ONLINE (ENG) | ONLINE (MAL)

# മറുപടീസ്



18

## കണ്ണുതുറന്ന് കാവൽ നിൽക്കുക

സാബു ജോസ്



## കരുണയുടെ കരസ്പർശം

26

അനിൽ തോമസ്


06 ദൈവത്തിന്റെ മൗനം
ശശി ഇമ്മാനുവൽ

09 എഡ്ഗ്ലിസ്പീക്കിങ്
ഡോ. എഡ്‌വേർഡ് എടേഴത്ത്

40 സിനിടോക്സ്
സാജൻ സി.എ.

41 ബുക്ക്ഷെൽഫ്
അനിതാ ബാബു

42 വാർത്താവിചാരം
സണ്ണി കോക്കാപ്പിള്ളിൽ

44 സ്മാർട്ട് കിഡ്സ്
വെങ്കി & സി. ജിയ എം.എസ്.ജെ.

46 ചിരിയും ചിന്തയും
ജോസ് കുര്യൻ & ജോയ്സ് കെ.ജോസ്


കഴിഞ്ഞ ലക്കം കെയ്റോസ് വളരെ നന്നായിരുന്നു. മാസിക തുറന്നാൽ ഉള്ളടക്കം വായിക്കുമ്പോൾ തന്നെ, ആദ്യം മുതൽ അവസാനംവരെ വായിച്ചുപോകാൻ തോന്നുന്ന മികച്ച അവതരണം. പ്രത്യേകിച്ച് 'കരുണയ്ക്കൊരു നിറമുണ്ടോ' എന്ന തലക്കെട്ടിൽ എൽസീന ജോസഫ് എഴുതിയ കവർ സ്റ്റോറി. വായനക്കാരുടെ ഹൃദയത്തെ സ്പർശിക്കാൻ ആ വാക്കുകൾക്കു കഴിയുന്നുണ്ട്. പറയുന്ന സംഭവങ്ങളും അനുഭവങ്ങളും അനേകർക്ക് ദൈവകരുണയെക്കുറിച്ചോർക്കാനും ജീവിതത്തിലൂടെ കരുണയൊഴുക്കാനും ഇടയാകട്ടെയെന്ന് ആശംസിക്കുന്നു. ഇനിയും, കൂടുതൽ മികച്ച ലേഖനങ്ങൾക്കായി കാത്തിരിക്കുന്നു.

**ഷിൽബി ഫ്രാൻസിസ്, കോട്ടയം**

## ശ്രദ്ധിക്കുമല്ലോ

പ്രിയമുള്ളവരേ കെയ്റോസ് മാസികയുടെ വരിക്കാരാകാനാഗ്രഹിക്കുന്നവർക്കും കെയ്റോസിന്റെ ഈ യുവജന ശുശ്രൂഷയിൽ, സാമ്പത്തികമായി സഹായിക്കുവാനാഗ്രഹിക്കുന്നവർക്കും NEFT വഴിയോ, മറ്റേതെങ്കിലും രീതിയിലോ ബാങ്കിലേക്കു പണമടയ്ക്കാവുന്നതാണ്. ഇങ്ങനെ ബാങ്കിൽ പണമടയ്ക്കുന്നവർ ഈ വിവരം ദയവായി ഓഫീസിലേയ്ക്ക് അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

94465 63335, 0484 2984327

*ബാങ്കുവഴി പണമടയ്ക്കുവാൻ:*

KAIROS TRUST, SB A/c No. 13060100110898
IFSC - FDRL 0001012
FEDERAL BANK, KALAMASSERY

*ഓഫീസ് വിലാസം:*


കെയ്റോസ് മീഡിയ, 8/174
നവോദയ സ്റ്റുഡിയോ കോംപ്ലക്സ്
തെങ്ങോട് പി.ഒ., കാക്കനാട്, കൊച്ചി 682030
0484 2984327
kairosmag@kairos.global



# ദൈവത്തിന്റെ മൗനം

ശശി ഇമ്മാനുവൽ

യുവജനങ്ങൾക്ക് ആത്മീയ അധ്യയനങ്ങളും പരിശീലനങ്ങളും നൽകുന്നതിൽ ആത്മാർപ്പണം ചെയ്ത നല്ലൊരു പ്രഭാഷകൻ കൂടിയാണ് ലേഖകൻ ✉ sasiimmanuel@gmail.com

**ജീവിതത്തിലെ ചില നഷ്ടങ്ങളും പിന്നീടുള്ള കാത്തിരിപ്പും പലപ്പോഴും കൂടുതൽ നന്മയുളവാക്കുന്നതായി കാണാറുണ്ട്, ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് പ്രത്യേകിച്ച്**

***"മോശമായ ഒരു വിമാനത്തിൽ മാനത്ത് പറക്കുന്നതിനേക്കാൾ നല്ലത് നല്ലൊരു വിമാനത്തിനായി ഭൂമിയിൽ ഇങ്ങനെ കാത്തിരിക്കുന്നതാണ്"***

ഇന്നാ, ടെട്ര അമേലിയ സിൻട്രോം (tetra-amelia syndrome) എന്ന അപൂർവ വൈകല്യത്തിനുടമയായ ഓസ്ട്രേലിയക്കാരനായ നിക്കോളാസ് ജെയിംസ് വുജിസിക് (Nicholas James Vujicic) എന്ന യുവാവിന്റേതാണ് ഈ വാക്കുകൾ. ഇപ്പോൾ ജീവിക്കുന്നത് അമേരിക്കയിൽ. നിക്ക് ഒരേ സമയം സുവിശേഷ പ്രസംഗകനും മോട്ടിവേഷണൽ സ്പീക്കറുമാണ്. ടെട്ര അമേലിയ സിൻട്രോം എന്ന അപൂർവ രോഗമുള്ളവർക്ക് ശരീരത്തിൽ ജോയിന്റ്സ് ഉണ്ടാവില്ല, രണ്ടു കൈകളും കാലുകളും ഇല്ലാതെയാണ് നിക്ക് പിറന്നു വീണത്. എന്നാലിന്ന് ലോക പ്രശസ്തനായ ഒരു വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. തന്റെ പ്രചോദനാത്മക പ്രഭാഷണങ്ങളും അംഗപരിമിതികളെ പരാജയപ്പെടുത്തുന്ന ആത്മവിശ്വാസത്തിന്റെ ബോഡി ലാംഗ്വേജുമായി ലോകം മുഴുവൻ പ്രത്യാശയുടെ സന്ദേശം പങ്കുവയ്ക്കാൻ ചുറ്റി സഞ്ചരിക്കുകയാണ്. തന്റെ വൈകല്യങ്ങളിൽ തളർന്ന് ആത്മഹത്യയെക്കുറിച്ചു പോലും ചിന്തിച്ച ഒരു കാലഘട്ടം നിക്കിന്റെ ജീവിതത്തിലുണ്ടായിരുന്നു. എന്നാൽ വി. ഗ്രന്ഥത്തിൽ യോഹന്നാന്റെ സുവി

# നമ്മൾ പഠിക്കേണ്ട

ശേഷം ഒൻപതാം അധ്യായത്തിലെ കുരുടനെ നോക്കി, ഇവൻ അന്ധനായി പിറന്നത് ആരുടെ പാപം നിമിത്തമാണ് ഇവന്റെയോ, മാതാപിതാക്കളുടേയോ എന്ന ചോദ്യത്തിന് "ആരുടേയും പാപം നിമിത്തമല്ല മറിച്ച് ദൈവശക്തി അവനിൽ പ്രകടമാകാനാണ്" എന്ന ക്രിസ്തു വചനത്തിൽ നിന്നും വീണ്ടും ജനിച്ച്, തന്റെ ജീവിതത്തിനു പുതിയ പ്രത്യാശയും ലക്ഷ്യവും നിക്ക് നേടിയെടുക്കുകയായിരുന്നു. തന്റെ ജീവിതം മുഴുവനും ക്രിസ്തുവിന് സമർപ്പിച്ച



# ചില പാഠങ്ങൾ



അദ്ദേഹത്തിന്റെ പ്രശസ്തമായ ഒരു വീഡിയോയുടെ പേര് തന്നെ No arms, No legs, No Worries (കരങ്ങളുമില്ല, പാദങ്ങളുമില്ല, ആകുലതകളും) എന്നായിരുന്നു. അതാണ് നിക്കിന്റെ ക്രിസ്തുവിലുള്ള പുതു ജീവിതവും.

തന്റെ ആത്മകഥയ്ക്ക് അദ്ദേഹം നൽകിയ പേര് 'പരിമിതികളില്ലാത്ത ജീവിതം' (Life without Limits) എന്നായിരുന്നു. ആ പുസ്തകത്തിൽ നിന്നാണ് മുകളിലെ പ്രശസ്തമായ വാക്യം നമുക്ക് ലഭിച്ചത്. തന്റെ യാത്രകൾക്കിടയിൽ അകാരണമെന്നവണ്ണം ചില എയർപോർട്ടുകളിൽ മണിക്കൂറുകൾ കാത്തിരിക്കേണ്ടി വരുമ്പോൾ, സ്വഭാവികമായും ഉള്ളിൽ നിറയുക

**തിരിച്ചുവരാനാവാത്ത വിധം ആരും ഒരിക്കലും ദൈവത്തിന് നഷ്ടപ്പെടുന്നില്ല എന്നതാണ് ധ്യാനം. നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരാൻ ഒരു പഴുത് തേടുന്നവനാണ് ദൈവം.**

ഈർഷ്യയായിരിക്കും. എന്നാൽ അത്തരം പ്രതികൂല വിചാരങ്ങൾക്ക് അൽപം പോലും ഇടം നൽകാതെ നിക്ക് തന്നോടു തന്നെ ഇങ്ങനെ പറയുക പതിവാണ്. "മോശമായ ഒരു വിമാനത്തിൽ മാനത്ത് പറക്കുന്നതിനേക്കാൾ നല്ലത് നല്ലൊരു വിമാനത്തിനായി ഭൂമിയിൽ ഇങ്ങനെ കാത്തിരിക്കുന്നതാണ്." കൊറോണ നമ്മുടെ ജീവിതത്തിൽ വരുത്തിവച്ച വിനാശത്തെയോർത്തും നഷ്ടങ്ങളേയും നിയന്ത്രണങ്ങളേയുമോർത്തും നാം പരിതപിക്കുമ്പോഴും ചിലതൊക്കെ കൈവെള്ളയിലെ ജലകണം പോലെ ചോർന്ന് പോയതോർത്ത് വിതുമ്പുമ്പോഴും നിക്കിന്റെ ഈ വാക്കുകൾ നമുക്കൊരു ധ്യാനമാകണം.

ചില നഷ്ടങ്ങളും കാത്തിരിപ്പും വേഗത കുറയലുമെല്ലാം ജീവിതയാത്രയിൽ ഉപരി നന്മക്കാവാം സംഭവിക്കുന്നത്. തന്റെ ഔദ്യോഗിക ജീവിതത്തിൽ നേരിട്ട ഒരു പരാജയമാണ് പ്രശസ്തിയും ധനവും ധാരാളം തന്നിരുന്ന വക്കീൽ പണി വലിച്ചെറിഞ്ഞ് പൗരോഹിത്യം തെരഞ്ഞെടുക്കാനും ദിവ്യരക്ഷക സഭ സ്ഥാപിക്കാനും എണ്ണം പറഞ്ഞ ആത്മീയ ഗ്രന്ഥങ്ങൾ ദൈവജനത്തിനായ് രചിക്കാനും അൽഫോൺസ് ലിഗോരിയെ പ്രേരിപ്പിച്ചത്.

ലൊയോളയും ഫ്രാൻസിസ് അസ്സീസിയുമടക്കം ഇനിയുമെത്രപേർ.

ദൈവത്തോടൊത്തുള്ള ചില കാത്തിരിപ്പുകൾ കൂടുതൽ നല്ലതിനാണ്. ഇനി ഈ തിരുവചനം ശ്രദ്ധിക്കാം "കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ, ദുർബലരാകാതെ ധൈര്യമവലംബിക്കുവിൻ; കർത്താവിനു വേണ്ടി കാത്തിരിക്കുവിൻ" (സങ്കീ 27,14). തിരിച്ചുവരാനാവാത്ത വിധം ആരും ഒരിക്കലും ദൈവത്തിന് നഷ്ടപ്പെടുന്നില്ല എന്നതാണ് ധ്യാനം. നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരാൻ ഒരു പഴുത് തേടുന്നവനാണ് ദൈവം. ആരെങ്കിലും വാതിൽ തുറന്ന് കൊടുത്താൽ മതിയാകും (Ref: വെളി 3,19-20 വാക്യങ്ങൾ). ജീവിതം തിരിച്ചുപിടിക്കാൻ എത്രയോ വഴികളാണ് നമുക്ക് മുമ്പിൽ. നിക്ക് നമ്മെ പഠിപ്പിക്കുന്ന പാഠങ്ങൾ അതിജീവനത്തിന്റേയും പ്രത്യാശയുടേതുമാണ്. ജീവിതകാലം മുഴുവൻ ലോക്ക് ഡൗണിലാവേണ്ട ഒരാൾ ജീവിതത്തോട് പറയുന്നു 'എനിക്ക് മനസ്സില്ല' കീഴടങ്ങാൻ. ലോകത്തെ മുഴുവൻ കീഴടക്കിയ ഒരാളുടെ (യോഹ 16,33) വചനം നൽകുന്ന പ്രത്യാശ തന്നെയാണ് അത്.

നമ്മെ എക്കാലത്തും നിരാശയുടെ അഗാധതയിലേക്ക് തള്ളിവിടാൻ പോന്ന അഞ്ച് കാര്യങ്ങളെക്കുറിച്ചുള്ള ചില സൂചനകൾ നിക്കിന്റെ ആത്മകഥയിൽ നമുക്ക് കാണാനാകും. തിരക്കിട്ട തീരുമാനങ്ങൾ, തെറ്റായ വിലയിരുത്തലുകൾ, അതിരുവിട്ട പ്രതികരണങ്ങൾ, വേഗം പ്രത്യാശ കൈവിടുക, ജീവിതം ഒരിക്കലും നന്നാവില്ലെന്ന ചിന്തകൾ ഇവയെല്ലാമാണ് ആ അഞ്ച് കാര്യങ്ങൾ. ഇവ നമ്മുടെ ജീവിതവുമായി ചേർത്തുവച്ച് വിശകലനം ചെയ്യുന്നത് എന്തുകൊണ്ടും നല്ലതായിരിക്കും ■



ഡോ. എഡ്വേർഡ് എടേഴത്ത്

ആദ്യ നാളുകൾ മുതലേ ജീസസ് യൂത്ത് മൂവ്മെന്റിന്റെ മുൻനിരയിൽ സജീവമായുള്ള പ്രധാനിയും മികച്ച അധ്യാപകനും വാക്ചാതുര്യമുള്ള പ്രഭാഷകനും വാഗ്മിയുമാണ് ലേഖകൻ. edward.edezhath@gmail.com

# പുറപ്പെട്ടുപോകുന്ന യുവത്വവും ജീസസ് യൂത്തും

വീട്ടിൽ നിന്ന് പുറപ്പെട്ടുപോകലും ഒളിച്ചോട്ടവുമൊക്കെയായിരുന്നു ചർച്ചാ വിഷയം. "എന്റെ സഹോദരങ്ങൾ മൂന്നുപേർ, കാരണവന്മാരുമായി ഏറ്റുമുട്ടി എപ്പോഴെങ്കിലുമൊക്കെ പുറപ്പെട്ടു പോയിട്ടുണ്ട്". "അപ്പോൾ എന്തേ നിങ്ങൾ ഒളിച്ചോടി പോയില്ല?" "അതിന് ജീസസ് യൂത്താണ് എന്നെ സഹായിച്ചത്. ഞാനും പുറപ്പെട്ടുപോയി, ഒരുവിധത്തിൽ എന്റെ സഹോദരങ്ങളെക്കാളും അധികം. പക്ഷേ, ഈ പേരിലായതുകാരണം ആർക്കും അതിൽ വിഷമം തോന്നിയില്ല എന്നു മാത്രം."

## പുറപ്പെട്ടുപോകലിന്റെ പുഷ്–പുൾ ഫാക്ടറുകൾ

വീടുകളിൽ നിന്നുള്ള കുട്ടികളുടെ പുറപ്പെട്ടുപോകൽ കൂടുതൽ ഇക്കാലത്താണോ അതോ രണ്ടു തലമുറകൾക്ക് അപ്പുറത്തായിരുന്നോ എന്നത് ചർച്ച ചെയ്യപ്പെടാവുന്ന കാര്യമാണ്. പഴയൊരു കാലത്ത് ഏതാണ്ട് എല്ലാവീടുകളിലും ആൺകുട്ടികൾ വഴക്കിട്ട് പോയിട്ടുണ്ടാകും. അങ്ങനെ വിദൂരങ്ങളിൽ പോയി രക്ഷപെട്ട അനേകരുടെ കഥകളും കേട്ടിട്ടുണ്ട്. ഇന്ന് അത്തരം സംഭവങ്ങൾക്ക് കുറവു വന്നിട്ടുണ്ടെന്നാണ് വ്യക്തിപരമായ അനുഭവം. എങ്കിലും സർക്കാർ കണക്കുകൾ അസ്വസ്ഥപ്പെടുത്തുന്നതാണ്. ഓരോ വർഷവും കാണാതായ കുട്ടികളുടെ എണ്ണം വർധിക്കുന്നു. കഴിഞ്ഞ വർഷം കേരളത്തിൽ അത് 2400 ഓളം ആയിരുന്നത്രേ. അതിൽ പകുതിയിൽ താഴെ പെൺകുട്ടികൾ. അത് വർധിക്കുമെന്നാണ് എല്ലാ സൂചനകളും. അതേപ്പറ്റി പോലീസിന്റെ ആശ്വാസ വാക്കുകളും കേട്ടു, ഇതിൽ 98 ശത മാനവും തിരിച്ചെത്തുന്നുണ്ടത്രേ. പക്ഷേ ഒരു ചോദ്യമുയരുന്നു, യുവത്വത്തെ വീട്ടിൽ നിന്ന് തള്ളിവിടുന്ന അല്ലെങ്കിൽ പുറത്തേയ്ക്ക് ആകർഷിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്?



“പ്രിയപ്പെട്ട യുവജനങ്ങളെ,
നിങ്ങളുടെ യുവത്വത്തിന്റെ
ഈ ദിനങ്ങൾ ഏറ്റവുമധികം
പ്രയോജനപ്പെടുത്തുക...
ജീവിക്കുക! ജീവിതത്തിന്റെ
ഏറ്റവും നല്ല ഭാഗം നിങ്ങൾക്കു
തന്നെ നൽകുക! കൂടിന്റെ
വാതിൽതുറന്ന് പുറത്തേക്കു
പോയി പറക്കുവിൻ! ദയവായി
നേരത്തെ വിശ്രമിക്കരുത്”

Photo by Dewang Gupta on Unsplash

**1. ഭവനാന്തരീക്ഷം:** അത് സംഘർഷഭരിതമാകാം, അല്ലെങ്കിൽ അസ്വസ്ഥത നിറയുന്നതെന്ന് ഒരാൾക്ക് തോന്നുന്നതുമാകാം.

**2. സ്വാതന്ത്ര്യം ആവശ്യം തന്നെ:** വളരാനും, പടരാനും, പുത്തൻ അനുഭവങ്ങൾ നേടാനും വേണ്ടിയുള്ള സമയമാണല്ലോ യുവത്വം.

**3. അക്കരപ്പച്ച:** സ്വന്ത നാടും വീടും ഒഴിച്ച് എവിടെയും മനോഹരം എന്ന് ആ പ്രായത്തിൽ തോന്നുകയും ചെയ്യുമല്ലോ.

**4. ആന്തരിക സംഘർഷം:** വളർച്ചയുടെ ഓരോ ഘട്ടവും ഒരാൾക്ക് സ്വന്തമായി പോലും എളുപ്പത്തിൽ മനസ്സിലാകാത്ത വലിയ മാനസിക പിരിമുറുക്കത്തിന്റെ അനുഭവമാകാമല്ലോ

**5. ആകർഷകമായ ബന്ധങ്ങൾ:** എന്നെ അംഗീകരിക്കുന്ന, മനസ്സിലാക്കുന്ന ബന്ധങ്ങൾക്കു മുൻപിൽ എന്ത് പണയപ്പെടുത്താനും യുവത്വം തയ്യാറാകുകയും ചെയ്യും.

പഴയ പുറപ്പെട്ടുപോകൽ കുറയുന്നിടത്തും വീട്ടിലെ ബന്ധങ്ങളിൽ നിന്ന് ഗാഢ സുഹൃദ് വലയങ്ങളിലേയ്ക്കും ആസക്തികളിലേയ്ക്കും രക്ഷപെടുന്നവരും അതുപോലെ സ്വന്തം മുറികളിലേയ്ക്കും സമൂഹ മാധ്യമങ്ങളിലേയ്ക്കും പിൻവലിയുന്നവരും ഇന്ന് ഏറെ വർധിക്കുന്നു എന്നത് മറ്റൊരു വലിയ യാഥാർഥ്യം.

## യുവത്വ മാതൃകയും പുറപ്പെട്ടുപോക്കും

പാപ്പാ ഫ്രാൻസിസ് യേശുവിന്റെ യുവത്വത്തെക്കുറിച്ച് സൂചിപ്പിക്കുന്ന കാര്യങ്ങൾ രസകരമാണ്:
“വാസ്തവത്തിൽ മറിയവും ജോസഫുമൊത്ത് സങ്കുചിതവും, ശ്വാസം മുട്ടുന്നതുമായ ഒരു ബന്ധത്തിലല്ല ഈശോ വളർന്നുവന്നത്... ഒരു ദിവസം മുഴുവനും കണ്ടില്ലെങ്കിലും, നടന്നുകൊണ്ടിരുന്നവരുടെ കൂട്ടത്തിൽ അവനുണ്ടാകുമെന്ന് (അവർ ചിന്തിച്ചു). സ്വതന്ത്രമായി ചരിക്കാനും മറ്റുള്ളവരുടെ കൂടെ യാത്രചെയ്യാനും സാധ്യമാകുമാറ് അവിടത്തെ മാതാപിതാക്കൾ അവനിൽ വിശ്വാസമർപ്പിച്ചിരുന്നു” (ക്രിസ്തു ജീവിക്കുന്നു, 29).

യേശു വീട്ടിൽനിന്ന് പുറപ്പെട്ടു പോയവൻ ആയിരുന്നെന്നു മാത്രമല്ല അനേകരെ ഇറക്കികൊണ്ടു പോന്നവനും ആയിരുന്നു എന്നതാണ് രസകരമായ കാര്യം. അതും പോരാതെ പുറപ്പെട്ടു പോകാനായിരുന്നു അവിടത്തെ വിടവാങ്ങൽ ആഹ്വാനം. എന്റെ കാര്യങ്ങൾ പറയാൻ ദൂരദൂരങ്ങളിലേയ്ക്ക് പോകുക എന്നായിരുന്ന തന്റെ വിടവാങ്ങൽ സന്ദേശം.

## ജീസസ് യൂത്ത് പുറപ്പെട്ടുപോകലിന്റെ സുന്ദര പാത

“ജീവിതത്തിൽ ആദ്യമായി വീട്ടിൽ നിന്ന് മാറി അന്തിയുറങ്ങുന്ന എത്രപേരുണ്ടിവിടെ?” കൗമാരപ്രായക്കാർക്കുള്ള ജീസസ് യൂത്ത് ക്യാമ്പുകളിൽ ചെല്ലുമ്പോൾ ഞാൻ ചോദിക്കാറുണ്ട്. അറുപതു ശതമാനം പേരെങ്കിലും കൈയുയർത്തും. “വീട്ടിൽനിന്നു മാറിനിൽക്കാൻ വിഷമമുണ്ടോ?” പലരും പ്രതികരിക്കും ഞങ്ങൾക്ക് സന്തോഷമാണ്, പക്ഷേ അച്ഛനുമമ്മയും ഇന്ന് ഉറങ്ങില്ല.

ലളിതമാക്കി പറഞ്ഞാൽ പുറപ്പെട്ടുപോകലിന്റെ അപകടം കുറഞ്ഞ വഴിയല്ലേ ഈ ജീസസ് യൂത്ത്? വളർന്നു വരുമ്പോൾ ഈ കെട്ടുപാടിൽ നിന്നൊന്ന് പുറത്തു പോകണം എന്ന് തോന്നും. കാരണവന്മാരുടെയും അധ്യാപകരുടെയും ഉപദേശവും മേൽനോട്ടവും ഇല്ലാത്ത ഒരിടത്ത് ഒന്ന് ‘മേയണം’ എന്നു തോന്നും. അതിൽ എന്താ തെറ്റ്? അത് വലിയ കുഴപ്പമില്ലാത്തിടത്തായാൽ അതല്ലേ നല്ലത്?

മുന്നേറ്റ വളർച്ചയുടെ ആദ്യകാലങ്ങൾ ഓർക്കുന്നു. നേതൃസംഗമങ്ങൾ എല്ലാം എറണാകുളത്ത്. കേരളത്തിന്റെ എല്ലാ മുക്കിലും മൂലയിലും നിന്ന് ചെറുപ്പക്കാർ നീണ്ട യാത്ര ചെയ്തെത്തും. ‘ആദ്യമായി എന്റെ നാടിനു പുറത്ത് യാത്ര ചെയ്തത് അന്നാണ്’. ‘ഫാഷൻ ഉടുപ്പിട്ടവരെ, ഇംഗ്ലീഷ് പറയുന്നവരെ ആദ്യം കണ്ടത് അവിടെയാണ്’. തിരിച്ചു ചെന്നപ്പോൾ പട്ടണം കണ്ട അവനും അവളും വലിയ നേതാവായി എന്നത് അതിന്റെ മറുപുറം. ഒന്ന് അന്വേഷിച്ച് കുഴപ്പമില്ല എന്നു ബോധ്യമായപ്പോൾ ഈ ‘പുറപ്പെട്ടുപോകലിന്’ അപ്പനും അമ്മയ്ക്കും നാട്ടുകാർക്കും വലിയ എതിർപ്പും ഇല്ല.

പുറപ്പെട്ടു പോകാൻ തന്നെയാണ് യേശുവിനെ പോലെ പാപ്പയും യുവത്വത്തോടു പറയുന്നത്, “പ്രിയപ്പെട്ട യുവജനങ്ങളെ, നിങ്ങളുടെ യുവത്വത്തിന്റെ ഈ ദിനങ്ങൾ ഏറ്റവുമധികം പ്രയോജനപ്പെടുത്തുക... ജീവിക്കുക! ജീവിതത്തിന്റെ ഏറ്റവും നല്ല ഭാഗം നിങ്ങൾക്കുതന്നെ നൽകുക! കൂടിന്റെ വാതിൽതുറന്ന് പുറത്തേക്കുപോയി പറക്കുവിൻ! ദയവായി നേരത്തെ വിശ്രമിക്കരുത്.” (ക്രിസ്തു ജീവിക്കുന്നു, 143). ഇതല്ലേ ജീസസ് യൂത്ത് ഇന്നത്തെ യുവജനത്തിനു വച്ചു നീട്ടുന്നത്? ഇതല്ലേ അവർക്കും വേണ്ടത്? ■



ജോഷി ജോസഫ്, ഹൂസ്റ്റൺ, യു.എസ്.എ.
joshypala@kairos.global

# ഇവാഞ്ചലൈസേഷൻ

പതിമൂന്നു വർഷങ്ങൾക്കു മുമ്പ് ഡൽഹിയിലെ ജീസസ്‌യൂത്ത് ഹൗസിലെ നിത്യാരാധന ചാപ്പലിൽ വച്ചാണ് കാവിയുടുത്ത ഒരു കത്തോലിക്കാ സന്യാസിയെ ജീവിതത്തിലാദ്യമായി ഞാൻ കാണുന്നതും പരിചയപ്പെടുന്നതും. കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദാനന്തര ബിരുദത്തിനുശേഷം ഡൽഹിയിൽ ഒരു സോഫ്റ്റ്‌വെയർ സ്ഥാപനത്തിൽ ജോലിയാണെന്നും ആറുമാസത്തിനുള്ളിൽ അമേരിക്കയിലേക്ക് പോകുമെന്നും പറഞ്ഞപ്പോൾ അദ്ദേഹമെന്നെ ഇങ്ങനെ ഉപദേശിച്ചു: "അനന്ത സാധ്യതകളുള്ള ഇന്റർനെറ്റിലൂടെ ഒരു നവ സുവിശേഷവത്ക്കരണം സ്വപ്നം കാണുക. അതിനായി തീക്ഷ്ണമായി പ്രവർത്തിക്കുക". ഇന്നത്തെപോലെ Instagram, Twitter, WhatsApp മുതലായവയോ എന്തിനു YouTube പോലും ഇല്ലാതിരുന്ന കാലത്ത് ഒരു വെബ്സൈറ്റ് ഉണ്ടാക്കുക എന്നതിൽ കവിഞ്ഞ് മറ്റൊന്നിനും എത്ര ആലോചിച്ചിട്ടും ഒരെത്തും പിടിയുംകിട്ടിയില്ല. ഇനി വെബ്സൈറ്റ് ഉണ്ടാക്കിയാൽ തന്നെ പോസ്റ്റ് ചെയ്യാൻ ലേഖനങ്ങൾ എവിടുന്നു കിട്ടും, ലേഖനങ്ങൾ ആരാണ് എഡിറ്റ് ചെയ്യുക ആരിതൊക്കെ കോ-ഓർഡിനേറ്റു ചെയ്യും എന്നൊക്കെയുള്ള ചിന്തകളായി. എടുത്താൽ പൊങ്ങാത്ത പ്രൊജക്റ്റാണിതെന്ന് അന്നെനിക്ക് തോന്നി.

ഇന്ന് ഇൻറർനെറ്റിൽ എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും സുലഭമാണ്. പരിശുദ്ധാത്മാവ് കൂടെക്കൂടെ ആ സന്യാസിയുടെ വാക്കുകൾ എന്നെ ഓർമപ്പെടുത്തിയിരുന്നതിനാൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ എങ്ങനെ നവ സുവിശേഷവത്ക്കരണം സാധ്യമാകും എന്നായി എന്റെ ചിന്തകൾ. ഫേയ്സ്ബുക്കിലൂടെ ശാലോം, സെഹിയോൻ മുതലായ മിനിസ്ട്രികളുടെ വീഡിയോകളും ലേഖനങ്ങളും മറ്റും എല്ലാ ദിവസവും ഷെയർ ചെയ്യാൻ തുടങ്ങി. അത് കൂടുതൽ ആളുകളിലേക്ക് എത്തിച്ചേരുവാൻ വേണ്ടി അറിയാവുന്നവരെയും  അറിയാത്തവരേയുമെല്ലാം ഫെയ്സ്ബുക് ഫ്രണ്ട്സാക്കി. കൂടാതെ വാട്സാപ്പിൽ പല ബ്രോഡ്കാസ്റ്റ് ഗ്രൂപ്പുകൾ ഉണ്ടാക്കിയും മറ്റു WhatsApp ഗ്രൂപ്പുകളിലും Instagram, Twitter, YouTube, GroupMe, Snapchat തുടങ്ങി എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പുതിയ അക്കൗണ്ടുകൾ ഉണ്ടാക്കി ലേഖനങ്ങളും അനുഭവക്കുറിപ്പുകളും മറ്റും എല്ലാ ദിവസവും തന്നെ ഷെയർ ചെയ്യാൻ തുടങ്ങി. ആദ്യമൊക്കെ മറ്റുള്ളവർ എന്തുവിചാരിക്കുമെന്ന ചിന്ത എന്നെ പുറകോട്ടു  വലിച്ചിരുന്നുവെങ്കിലും ആരോ സോഷ്യൽ മീഡിയയിൽ ഷെയർ ചെയ്ത, "മനുഷ്യരുടെ  മുൻപിൽ എന്നെ ഏറ്റു പറയുന്ന ഏവനെയും എന്റെ പിതാവിന്റെ മുൻപിൽ ഞാനും ഏറ്റു പറയും" എന്ന ബൈബിൾ വചനം എനിക്ക് കൂടുതൽ ബോധ്യവും ഊർജവും നൽകി.

"വളരെ ഡിപ്രഷനിലൂടെ കടന്നു പോയപ്പോളാണ് നീ ഇന്നലെ ഫേയ്സ്ബുക്കിൽ ഷെയർ ചെയ്ത ലേഖനം വായിച്ചത്; അത് സൂപ്പറായിരുന്നു, ഞാൻ ഉഷാറായി" തുടങ്ങിയ അനേകം പോസിറ്റീവ് ഫീഡ്ബാക്കുകൾ പിന്നീട് ലഭിച്ചു തുടങ്ങി. ഇത്തരം ഷെയറിങ്ങിലൂടെ പരിശുദ്ധാത്മാവ്  പ്രവർത്തിക്കുന്നുവെന്ന ബോധ്യം കൂടുതൽ ഷെയർ ചെയ്യുവാൻ എന്നെ പ്രചോദിപ്പിച്ചു.

"വളരെ ഡിപ്രഷനിലൂടെ കടന്നു പോയപ്പോളാണ് നീ ഇന്നലെ ഫേയ്സ് ബുക്കിൽ ഷെയർ ചെയ്ത ലേഖനം വായിച്ചത്; അത് സൂപ്പറായിരുന്നു, ഞാൻ ഉഷാറായി"

# ഇന്റർനെറ്റിലൂടെ




Photo by Szabo Viktor on Unsplash *(Edited)*

പാലായിൽ കോളേജിൽ പഠിക്കുമ്പോൾ മുതൽ കെയ്റോസ് മാസികയുടെ വലിയൊരു ആരാധകനാണ് ഞാൻ. ജീസസ് യൂത്തിൽ കൂടുതൽ സജീവമാകാനും ക്യാമ്പസ് ടീമിന്റെ ഭാഗമാകാനും അന്നെന്നെ ഏറെ പ്രചോദിപ്പിച്ചത് കെയ്റോസ് മാസികയിൽ വന്ന ലേഖനങ്ങളും അനുഭവക്കുറിപ്പുകളുമാണ്. ഒറ്റയിരിപ്പിനു മുഴുവൻ വായിച്ചുതീർക്കാറുള്ള ഏക മാസികയും കെയ്റോസ് തന്നെ. അമേരിക്കയിൽ വന്നതിനുശേഷവും കെയ്റോസ് മാസിക വരുത്തുകയും ഇവിടത്തെ പ്രെയർ ഗ്രൂപ്പുകളിൽ പ്രചരിപ്പിക്കുകയും ചെയ്തു. 'നിങ്ങൾ എവിടെയാണോ, അവിടെ ശോഭിക്കുക, അഥവാ നട്ടിരിക്കുന്നിടത്ത് പുഷ്പിക്കുക' എന്ന പ്രചോദനം കെയ്റോസ് മാസികയിൽ നിന്നു ലഭിച്ചതിനാലാണ്, ഇവിടത്തെ പല ജീസസ് യൂത്ത് ഗ്രൂപ്പുകൾക്കും മിനിസ്ട്രികൾക്കും തുടക്കം കുറിക്കാനായത്.

നാലഞ്ചു വർഷം മുൻപ് മാസികയിലെ ഒരു ലേഖനം ഫേയ്സ്ബുക്കിലൂടെ ഷെയർ ചെയ്യുവാൻ നോക്കിയപ്പോളാണ്, ഏതാണ്ട് ഇരുപതോളം വർഷമായി പ്രവർത്തിക്കുന്ന കെയ്റോസ് മാസികയ്ക്കു ഒരു വെബ്സൈറ്റില്ല എന്ന കാര്യം ശ്രദ്ധിച്ചത്. കെയ്റോസ് മാസികയുടെ ചീഫ് എഡിറ്റർ ഡോ. ചാക്കോച്ചൻ ഞാവള്ളിയെ വിളിച്ച് മാസികയ്ക്ക് വെബ് സൈറ്റ് എന്ന ആശയം ഞാൻ പങ്കുവയ്ക്കുകയും അദ്ദേഹത്തിന്റെ അനുവാദത്തോടെ അതിന്റെ ജോലികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ, വെറും രണ്ടാഴ്ചകൊണ്ട് എന്റെ ഇടവക പള്ളിക്കുവേണ്ടി ഒരു വെബ്സൈറ്റ് പൂർത്തിയാക്കിയ എനിക്ക്, വിചാരിച്ചതിന് വിപരീതമായി ഓരോരോ തടസ്സങ്ങൾ കാരണം ഏതാണ്ട് ഒരു വർഷമായിട്ടും വെബ്സൈറ്റ് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അപ്പോളാണറിയാൻ സാധിച്ചത് മുമ്പ് പലരും കെയ്റോസിനുവേണ്ടി ബ്ലോഗുകളും വെബ്സൈറ്റും ഉണ്ടാക്കാൻ ശ്രമിക്കുകയും പാതിവഴിയിൽ നിന്നുപോകുകയും ചെയ്തുവെന്ന്. വെബ്സൈറ്റ് പണി പൂർത്തിയാക്കുവാൻ സാധിക്കുമോയെന്നും എല്ലാ മാസവും അപ്ഡേറ്റ് ചെയ്യുവാൻ സാധിക്കുമോയെന്നുമുള്ള ആകുലത എന്നെ വല്ലാതെ പിടികൂടി. പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിൽ പുതിയതായി പണിത ഞങ്ങളുടെ ഇടവക പള്ളിയുടെ വെഞ്ചിരിപ്പ് ദിവസം പരിശുദ്ധ അമ്മയുടെ തിരുസ്വരൂപത്തിനു മുമ്പിൽ മുട്ടുകുത്തി നിന്നുകൊണ്ട് കെയ്റോസ് മാസികയും പുതിയ വെബ്സൈറ്റിനെയും അമ്മയുടെ വിമല ഹൃദയത്തിനു സമർപ്പിച്ചു പ്രാർഥിച്ചു. അപ്പോൾ കർത്താവ് ഇങ്ങനെ ഒരു വചനം സന്ദേശമായി തന്നു. "ഒരു വർഷം മുമ്പേ നിങ്ങൾ അഭിലഷിക്കാനും പ്രവർത്തിക്കാനും തുടങ്ങിയ ഈ കാര്യം ഇപ്പോൾ പൂർത്തിയാക്കുന്നത് ഉത്തമമായിരിക്കുമെന്നു ഞാൻ ഉപദേശിക്കുന്നു" (2 കൊറി 8,10). അത്ഭുതമെന്നുപറയട്ടെ, കുറച്ചു ദിവസങ്ങൾക്കകം അമേരിക്കയിൽ ഹൂസ്റ്റൺ കേന്ദ്രീകൃതമായി കെയ്റോസ് മാസികയ്ക്ക് ഒരു വെബ് ടീമിന് രൂപം കൊടുക്കുവാനും വെബ്സൈറ്റ് പണി അതിവേഗം പൂർത്തിയാക്കുവാനും സാധിച്ചു.

എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലും കെയ്റോസ് വളരെ സജീവവമാണ്. എല്ലാ ദിവസവുംതന്നെ ലേഖനങ്ങളും അനുഭവങ്ങളും അഭിമുഖങ്ങളും പിന്നെ പോസ്റ്ററുകൾ വീഡിയോകൾ എന്നിവയും പോസ്റ്റ് ചെയ്യുന്നു.

ഇന്ന് www.kaiors.global എന്ന വെബ് അഡ്രസ്സിൽ കെയ്റോസ് ഗ്ലോബൽ മാസികയുടെയും കെയ്റോസ് മലയാളം മാസികയുടെയും ഓൺലൈൻ എഡിഷനും ഡിജിറ്റൽ എഡിഷനും ലഭ്യമാണ്. കൂടാതെ Instagram, Twitter, YouTube, GroupMe, WhatsApp, Facebook, Mailchimp തുടങ്ങിയ എല്ലാ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലും കെയ്റോസ് വളരെ സജീവവമാണ്. എല്ലാ ദിവസവുംതന്നെ ലേഖനങ്ങളും അനുഭവങ്ങളും അഭിമുഖങ്ങളും പിന്നെ പോസ്റ്ററുകൾ വീഡിയോകൾ എന്നിവയും പോസ്റ്റ് ചെയ്യുന്നു. തിരക്കിനിടയിൽ മാസിക വായിക്കുവാൻ സമയമില്ല, ഒരോഡിയോ മാസിക ഉണ്ടായിരുന്നെങ്കിൽ ഡ്രൈവിങ്ങിനിടയിലും ട്രാവൽ ചെയ്യുമ്പോഴും ജോലിയിലായാൽ പോലും കേൾക്കാമായിരുന്നു എന്നഭിപ്രായപ്പെട്ടവർക്കായി ഇപ്പോൾ Apple Podcast, Google Podcast, Sound Cloud, YouTube എന്നീ പ്ലാറ്റ്ഫോമുകളിൽ കെയ്റോസ് ഓഡിയോ മാഗസിനുകളും ലഭ്യമാണ്. കൂടാതെ Zoom, YouTube Live, FaceBook Live എന്നി പ്ലാറ്റ്ഫോമുകളിലൂടെ യുവജനങ്ങൾക്ക് ഉപകാരപ്രദമായ വിവിധ വിഷയങ്ങളിൽ വെബിനാറുകളും നടത്തപ്പെടുന്നു.

സുവിശേഷം അനേകരിലേക്ക് എത്തിക്കുവാൻ നമുക്ക് അതിയായ ആഗ്രഹമുണ്ടെങ്കിലും ചിലപ്പോൾ അതിനുള്ള കഴിവോ ധൈര്യമോ എനിക്കില്ലായെന്ന തോന്നലുണ്ടാകാം. ആരോട് പറയണം എങ്ങനെ പറയണം എന്തു ചെയ്യണം എന്നൊക്കെയുള്ള കൺഫ്യൂഷനിലുമായിരിക്കാം. എന്നാൽ കെയ്റോസ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ നമ്മുടെ കർത്താവിന്റെ സുവിശേഷം അനേകരിലെത്തിക്കുവാൻ വലിയ സാധ്യത നമുക്ക് മുമ്പിൽ തുറന്നു തരുന്നു. ഇന്റർനെറ്റിന്റെ അനന്തസാധ്യതകൾ ഉപയോഗിച്ച് ഇതിലെ അനുഭവങ്ങളും ലേഖനങ്ങളുമൊക്കെ നമുക്കും ഷെയർ ചെയ്യാം. നമ്മുടെ ഒരു ഷെയറിങ് അനേകരെ കർത്താവിലേക്ക് തിരിച്ചുകൊണ്ടുവരാനും അടുപ്പിക്കാനും ആത്മീയമായി ഉണർത്താനും കാരണമാകാം. തീരാദുഃഖത്തിൽ നിന്നോ കടുത്ത മാനസിക സംഘർഷത്തിൽനിന്നോ ഒരുപക്ഷേ, ഒരബോർഷനിൽ നിന്നോ ആത്മഹത്യയിൽ നിന്നുപോലുമോ ഒരാളെയെങ്കിലും രക്ഷിക്കും. അതിനാൽ "തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ" (റോമ 12,11) എന്ന തിരുവചനമോർത്തുകൊണ്ട് പ്രത്യാശയോടെ നമുക്ക് മുന്നേറാം.

---

*(ജോഷി ജോസഫ് ഭാര്യ ബീനയോടും നാല് മക്കളോടുമൊപ്പം അമേരിക്കയിൽ ഹൂസ്റ്റണിൽ താമസിക്കുന്നു. സിറ്റി ഓഫ് ഹൂസ്റ്റണിൽ ആപ്ലിക്കേഷൻസ് മാനേജരായി ജോലിചെയ്യുന്ന ഇദ്ദേഹം കെയ്റോസ് മീഡിയ എക്സിക്യൂട്ടീവ് ടീമംഗവും കെയ്റോസ് ഗ്ലോബൽ മാസികയുടെ മാനേജിങ് എഡിറ്ററുമാണ്.)*

# കെയ്റോസ് മാസികയുടെ സോഷ്യൽ മീഡിയ ലിങ്കുകൾ:

## Kairos Malayalam Social Media Platforms

Read Kairos Malayalam Magazine Online:
**http://mal.kairos.global/**

Facebook:
**https://www.facebook.com/ReadKairos**

Twitter :
**https://twitter.com/kairosmalayalam**

Instagram :
**https://www.instagram.com/kairosmalayalam**

YouTube:
**https://www.youtube.com/c/kairosmedia**

Apple Podcasts: Kairos Malayalam Audio Magazine
**https://podcasts.apple.com/us/podcast/kairos-malayalam-audio-magazine/id1503130466**

Google Podcasts: Kairos Malayalam Audio Magazine
**https://podcasts.google.com?feed=aHR0cHM6Ly9mZWVkcy5zb3VuZGNsb3VkLmNvbS91c2Vyc y9zb3VuZGNsb3VkOnVzZXJzOjc5MzE2NDE1NC9zb3VuZHMucnNz**

SoundCloud: Kairos Malayalam Audio Magazine
**https://soundcloud.com/kairosmedia**

## Kairos Global Social Media Platforms

Read Kairos Global Online:
**http://eng.kairos.global**

Facebook:
**https://www.facebook.com/ReadKairosglobal**

Twitter:
**https://twitter.com/readkairos**

Instagram:
**https://www.instagram.com/readkairos**

YouTube: Kairos Global
**https://www.youtube.com/channel/UCkNFfB-ck99sbgpNQh6iYnQ**

Apple Podcasts: Kairos Global Audio Magazine
**https://podcasts.apple.com/us/podcast/kairosglobal-audio-magazine/id1501126301**

Google Podcasts: Kairos Global Audio Magazine
**https://podcasts.google.com?feed=aHR0cDovL2ZlZWRzLnNvdW5kY2xvdWQuY29tL3VzZXJzL3N vdW5kY2xvdWQ6dXNlcnM6NzU1NDM2NzI3L3NvdW5kcy5yc3M%3D**

SoundCloud: Kairos Global Audio Magazine
**https://soundcloud.com/kairosglobal**



ടിന്റു സോണി

*കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് കുടുംബത്തോടൊപ്പം എറണാകുളത്ത് താമസം. tintusony@gmail.com*

# താൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്



**Q** ചേച്ചീ, എന്റെയൊരു ഫ്രണ്ടിനു വേണ്ടിയാണിത് ചോദിക്കുന്നത്. എന്തെങ്കിലുമൊന്ന് വിചാരിച്ചാൽ പിന്നെ അവൾ യാതൊരു കാരണവശാലും അതിൽ നിന്ന് പിന്മാറുന്ന പ്രശ്നമില്ല. കൂടുതലും പോസിറ്റീവായ കാര്യങ്ങളല്ലാ യെന്നതാണ് സങ്കടം. വാശിയും മസിലുപി ടിത്തവും മറ്റുള്ളവരുടെ മുമ്പിൽ നമ്മെ മോശക്കാരിയാക്കുമെന്നൊക്കെ പലതവണ പറഞ്ഞുകൊടുത്തിട്ടുണ്ട്. കല്യാണം കഴിഞ്ഞു ഒരു കുഞ്ഞു കുട്ടിയുമുണ്ട്. ഈയൊരു സ്വഭാവരീതിയുടെ ബുദ്ധിമുട്ടുകൾ പലപ്പോഴും എന്നോടവൾ ഷെയർ ചെയ്തിട്ടുണ്ട്. ചേച്ചിക്കെന്താപറയാനുള്ളത്.

**A** 'താൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്' ഇനി മുയലിന്റെ മൂന്നാമത്തെ കൊമ്പ് ഒരു മിഥ്യ അല്ലെന്ന് സ്ഥാപി ക്കാൻ നൂറായിരം ന്യായങ്ങളും. ഇത് ചിലരുടെയെങ്കിലും മനോഭാവത്തിന്റെ പ്രശ്നമായി കാണാറുണ്ട്. സ്വയം ന്യായീക രിക്കാനുള്ള പരിശ്രമം ഏറുമ്പോൾ സഭ്യമായി സംസാരിക്കാൻ മറന്നു പോകുക, സ്വന്തം കോപത്തെ നിയന്ത്രിക്കാനാവാതെ അക്രമണ സ്വഭാവത്തിലേയ്ക്ക് വഴുതി വീഴുകയൊക്കെ വല്ലാത്ത പൊല്ലാപ്പുകളാണ്. എന്തു വന്നാലും വേണ്ടില്ല വിട്ടു കൊടുക്കില്ല ഞാൻ എന്ന വാശി കൂടുമ്പോൾ പരിസര ബോധവും നഷ്ടപ്പെടും. താങ്കളുടെ സുഹൃത്ത് ഇത്തരം ഒരവസ്ഥയിലൂടെയോ ഇതിന്റെ സമാനമായ അവസ്ഥയിലൂടെയോ കടന്നുപോകുന്ന ആളാണെന്നാണ് മനസ്സി ലാക്കാൻ കഴിയുന്നത്. ചെറുപ്പം മുതലേ ഇങ്ങനെ ആയിരുന്നോ, എന്തിന്റെയെങ്കിലും സമർദം മൂലമാണോ, എന്തെങ്കിലും ശാരീ രിക പ്രത്യേകതകൾ മൂലമാണോ, കുഞ്ഞു നാളുകളിലെ ഏതെങ്കിലും തിക്തമായ അനുഭവങ്ങളാണോ ഇത്തരം സ്വഭാവത്തിനു പിന്നിലെന്ന് അറിയേണ്ടതുണ്ട്. കുറച്ച് നിർദേശങ്ങൾ ചുവടെ ചേർക്കുന്നു. ഉചിത മായത് സ്വീകരിക്കുമല്ലോ.

1. സുഹൃത്തിന്റെ മനസ്സ് ശാന്തമായിരിക്കുന്ന സമയത്ത് മാത്രം ഇതിനെ കുറിച്ച് സംസാരി ക്കാൻ ശ്രമിക്കുക. അവരുടെ വശം നിങ്ങൾ കേൾക്കുന്നുണ്ടെന്നും നിങ്ങൾ അവരെ നന്നായി മനസ്സിലാക്കുന്നുണ്ടെന്നുമുള്ള ഉറപ്പ് അവർക്ക് കിട്ടുന്ന രീതിയിലാവണം വർത്തമാനം പുരോഗമിക്കേണ്ടത്.

2. ഇത്തരം സ്വഭാവ രീതി മൂലം അവരുടെ കുടുംബ ജീവിതത്തിന് സംഭവിക്കാവുന്ന തകർച്ചകളെപ്പറ്റി മനസ്സിലാക്കി കൊടുക്കാം. പ്രത്യേകിച്ച് അവരുടെ കുഞ്ഞ് വളരെ ചെറുപ്പത്തിലേ ഇതൊക്കെ കണ്ടു വളരുകയാണെന്നും അതിന്റെ തിരുശേഷിപ്പ് കുഞ്ഞിൽ വരുത്താവുന്ന സ്വഭാവ വൈകല്യത്തെക്കുറിച്ചും സംസാരിക്കാം.

3. നിങ്ങൾ പറഞ്ഞിട്ട് മനസ്സിലാക്കുന്നില്ലെ ങ്കിൽ അവർക്കുകൂടി വിശ്വാസ യോഗ്യരായ മുതിർന്ന ആരുടെയെങ്കിലും സഹായം തേടുക.

4. മനഃശാസ്ത്രപരമായ മാർഗനിർദേശ ങ്ങളോ കോപം നിയന്ത്രിക്കാനുള്ള തെറാപ്പികളോ സ്വീകരിക്കാവുന്നതാണ്.

5. പൊസിറ്റീവ് മനോഭാവം സൃഷ്ടിക്കാൻ സഹായകമാകുന്ന ബുക്കുകൾ പരിചയപ്പെ ടുത്തി വായനാശീലം രൂപപ്പെടുത്താൻ സഹായിക്കാം.

6. ഉചിതമായ സമയം തെരെഞ്ഞെടുത്ത് മറ്റുള്ളവരുടെ ഭാഗത്തുനിന്ന് ചിന്തിക്കാനും ചിന്തിപ്പിക്കാനും പരിശീലിപ്പിക്കാം.

7. നല്ല ഹോബികളോ വ്യായാമമുറകളോ തുടങ്ങാനും തുടരാനും സഹായിക്കാം.

8. ഇത്തരത്തിലുള്ള വാശി, ജീവിതത്തിലെ ചില നല്ല കാര്യങ്ങൾ നേടിയെടുക്കാൻ നമ്മെ സഹായിച്ചേക്കും നിങ്ങളുടെ സുഹൃ ത്തിനോടുള്ള കരുതലിനും സ്നേഹത്തിനും എല്ലാ ദൈവാനുഗ്രഹങ്ങളും ഉണ്ടാവട്ടെ. Be with her with great compassion.

# ഹൃദയപൂർവം നന്ദിയോടെ...

സോഷ്യൽ മീഡിയയിലൂടെ യുവമനസ്സുകളിൽ ചുവടുറച്ച് യാത്രതുടരുന്ന കെയ്റോസ് മാസികയെ പിന്തുണയ്ക്കുന്ന എല്ലാ വായനക്കാർക്കും ഞങ്ങൾ ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

വലിയ ജനപങ്കാളിത്തത്തോടെ നടക്കുന്ന കെയർ ഫെസ്റ്റിവൽ, ആശയക്കൂട്ടം എന്നീ വെബിനാറുകൾ, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള ഓഡിയോ, ഡിജിറ്റൽ മാഗസിനുകൾ തുടങ്ങിയ സോഷ്യൽ മീഡിയയിലെ എല്ലാത്തരം പ്ലാറ്റ്ഫോമുകളിലൂടെയും കെയ്റോസിന് മുന്നേറാനാവുന്നത് വായനക്കാരും സുഹൃത്തുക്കളുമായ നിങ്ങളുടെ സഹകരണവും പിന്തുണയും പ്രോത്സാഹനവും കൊണ്ടാണെന്ന് ഞങ്ങൾക്ക് നന്നായറിയാം. പ്രാർഥനാപൂർവം ഒറ്റവാക്കിൽ നന്ദിപറയുന്നു, ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**ചീഫ് എഡിറ്റർ**

Photo by Karolina Grabowska on Pexels


STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT KAIROS

| | | |
|---|---|---|
| Title of Newspaper | : | Kairos |
| Registration No. | : | RNI No. KERMAL/2002/12027 |
| Language | : | Malayalam |
| Periodicity of Publication | : | Monthly |
| Single Subscription | : | Rs 50.00 |
| Printer & Publisher | : | Reji J. Karot |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Editor's Name | : | Adv. K.J. Johnson |
| Nationality | : | Indian |
| Address | : | Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682030 |
| Owner's Name | : | Kairos Trust, Chevayur P.O, Kozhikode |

I Reji J. Karot here by declare that the particular given above are true to the best of my knowledge and belief



സാബു ജോസ്

# കണ്ണുതുറന്ന് കാവൽ നിൽക്കുക

**ക്രൈസ്തവ സഭ സാമൂഹികരാഷ്ട്രീയ വിഷയങ്ങളിൽ നിലപാട് എടുക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ സംസ്ഥാന പ്രസിഡന്റും സീറോ മലബാർ പ്രോലൈഫ് അപ്പോസ്റ്റലേറ്റ് എക്സിക്യൂട്ടിവ് സെക്രട്ടറിയും മുതിർന്ന മാധ്യമപ്രവർത്തകനുമായ സാബു ജോസ് കെയ്റോസ് മാസികയോട്...**

ഇത്ര സങ്കീർണമായ ഒരു വലിയ ജനസമൂഹത്തിനുവേണ്ടി ഒരു ഭരണഘടനാ രൂപപ്പെടുത്തിയതാണ് സ്വതന്ത്ര ഭാരതത്തിന്റെ സുപ്രധാന നേട്ടമെന്നു പറയാതെ വയ്യ. സ്വാതന്ത്ര്യ ദിനത്തിൽ ആരാധനാലയത്തിന്റെ അകത്തും പുറത്തും ദേശീയ പതാകയ്ക്ക് പ്രാധാന്യം കൊടുക്കുന്ന മതവിഭാഗം ഒരുപക്ഷേ ക്രൈസ്തവർ മാത്രമായിരിക്കും. വിശ്വാസത്തിന്റെ ഭാഗമായിരിക്കെ, രാജ്യത്തിന്റെ നിയമങ്ങൾക്കും പുരോഗതിക്കും തടസ്സമാകാതെ ഉത്തരവാദിത്വപ്പെട്ട പൗരന്മാരാകണമെന്നാണ് ആഗസ്ത് 15-ന് അൾത്താരയിൽ കാണുന്ന പതാക നമുക്ക് നൽകുന്ന സന്ദേശം. ജാഗ്രത ആവശ്യമുള്ള ഒരു സാമൂഹിക അന്തരീക്ഷത്തിലാണ് നമ്മളെല്ലാവരും ജീവിക്കുന്നത്. ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം അനുസരിച്ച്, വിശ്വാസ ജീവിതം നയിക്കുന്നവരാണ് ഈ രാജ്യത്തെ ക്രൈസ്തവർ. നീതിബോധമുള്ള, പ്രതികരണശേഷിയുള്ള, ക്രിയാത്മകതയുള്ള വിശ്വാസികൾ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. മാമ്മോദീസ സ്വീകരിച്ചവരെല്ലാം കർത്താവിന്റെ, വിശ്വാസത്തിന്റെ, സഭയുടെ വക്താക്കളാണ്. എന്നാൽ ജീവിതസാക്ഷ്യമാണ് ഏറ്റവും പ്രധാനമായി സഭ എല്ലാ വിശ്വാസികളിൽനിന്നും പ്രതീക്ഷിക്കുന്നത്.

## രാഷ്ട്രീയ-മത വിഷയങ്ങളിലെ സഭാ നേതൃത്വത്തിന്റെ പ്രസ്താവനകളും നിലപാടുകളും

ഇന്ത്യയെന്ന നമ്മുടെ നാടിന്റെ സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങൾ നാം അറിയാതെ പോകരുത്. ഈ അറിവ് നമ്മെ പുതിയ ബോധ്യങ്ങളിലേയ്ക്ക് നയിക്കും. ചില വിഷയങ്ങളിലെ നിശ്ശബ്ദത കുറ്റകരമാണ്. എന്നാൽ സഭയുടെ ഔദ്യോഗികമായ വേദികളിൽ ഉത്തരവാദിത്വപ്പെട്ടവർ കൂട്ടായി ചർച്ച ചെയ്തു വേണം നിലപാടുകൾ സമൂഹത്തെ അറിയിക്കേണ്ടത്. വിവിധ കോണുകളിൽ നിന്നായി ഏകോപനമില്ലാതെ ഉണ്ടാകുന്ന പ്രതികരണങ്ങൾ പൊതുസമൂഹത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും സഭാ വിരുദ്ധർക്ക് ആയുധമാവുകയും ചെയ്യും. ഏതെങ്കിലും വിഭാഗത്തിന്റെ മെഗാഫോൺ ആകാതെ നോക്കണം. ഏതെങ്കിലും മതവിഭാഗം, പാർട്ടി, മുന്നണി എന്നിവയെ വിമർശിച്ചും അനുകൂലിച്ചും പരസ്യമായി രംഗത്ത് വരുമ്പോൾ വിവേകം വിട്ടുപോകാതെ നോക്കണം. ഇതിനർത്ഥം വിവേചനം, അനീതി, അക്രമം, ദുഷ്ടശ്രമങ്ങൾ, ദുരാരോപണങ്ങൾ എന്നിവ വർധിക്കുമ്പോൾ കണ്ണടച്ച് മാസ്ക് ധരിച്ചു ഗ്യാപ്പിട്ട്, സാനിറ്റർ ഒഴിച്ചു കൈകഴുകി നിൽക്കണം എന്നല്ല.

## സഭാംഗങ്ങളുടെ രാഷ്ട്രീയ ഇടപെടലുകൾ

കോവിഡിനു മുമ്പേതൊട്ടേ സാമൂഹ്യ രാഷ്ട്രീയ കാര്യങ്ങളിൽ ക്രൈസ്തവർ 'മാസ്ക്' ധരിക്കുന്നവരാണ്. നമ്മൾ ചെയ്യുന്ന നന്മകൾ പോലും പറയാതിരിക്കുവാൻ ശ്രദ്ധിക്കുന്നു. നമുക്കെതിരെ എന്ത് പറഞ്ഞാലും, ചെയ്താലും മാസ്കിന്റെ പേര് പറഞ്ഞു നമ്മൾ ഒഴിവാക്കുകയായിരുന്നോ?

സമൂഹത്തിൽനിന്ന് സഭാ സ്ഥാപനങ്ങളിലേയ്ക്ക് അഴിമതി, അനീതി ഇതൊക്കെ അൽപമെങ്കിലും കടന്നുകയറിയപ്പോഴും നാം വായ മാത്രമല്ല, കണ്ണുകൾ കൂടി മറച്ചുവോ? ഇനി ഗ്യാപ് അഥവാ സാമൂഹ്യ അകലം, അതും പ്രകടമാണ്. രാഷ്ട്രീയ സാംസ്കാരിക മേഖലകളിൽ നിന്നും വ്യവസായിക വാണിജ്യ മേഖലയിൽനിന്നും നമ്മൾ ഏറെ അകന്നില്ലേ? രാഷ്ട്രീയം മോശം; സാംസ്കാരികം വഴിതെറ്റും; വ്യവസായം നഷ്ടം വരും;... ഇങ്ങനെയൊക്കെയുള്ള ന്യായങ്ങൾ നിരത്തി നമ്മൾ മാറി നിന്നില്ലേ? വിശ്വാസത്തിൽ ആഴമുള്ളവർ രാഷ്ട്രീയസാമൂഹിക വേദികളിൽ ഉയർന്ന് വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഭക്തസംഘടനകളിലെ പങ്കാളിത്തം കൊണ്ട് ഒരാളും അപരനോടും സഭയോടും സമൂഹത്തോടുമുള്ള പ്രതിബദ്ധത ഒതുക്കാമെന്നു വിചാരിക്കരുത്. ജനാധിപത്യത്തിലെ അവകാശങ്ങളെ പറ്റിയും ഉത്തരവാദിത്വങ്ങളെ പറ്റിയും നമുക്ക് അവബോധം ഉണ്ടാകണം. പ്രശ്നപരിഹാരം സെമിനാറുകളിലും പ്രസംഗങ്ങളിലും ഒതുങ്ങാതെ ക്രിയാത്മകമായ പ്രവർത്തന രീതികളും കർമപദ്ധതികളും നിയമ നടപടികളും സ്വീകരിക്കണം. അങ്ങനെയാണ് നാം സഭാ സംരക്ഷകരാകേണ്ടത്. അതുപോലെ മറ്റൊരു കാര്യവും ശ്രദ്ധിക്കണം. പുറത്തേക്കു കൈ ചൂണ്ടുമ്പോൾ മറ്റുവിരലുകൾ നമ്മൾ കാണാതിരിക്കരുത് എന്നതാണത്.

## സഭാസ്ഥാപനങ്ങളുടെ ഇന്നത്തെ പ്രവർത്തന രീതി

കേരള നവോത്ഥാനത്തിൽ ചെറുതല്ലാത്തൊരു പങ്ക് സഭാസ്ഥാപനങ്ങൾ വഹിച്ചിട്ടുണ്ട്. എന്നാൽ വിശ്വാസ താത്പര്യങ്ങളെക്കാൾ സ്ഥാപനതാത്പര്യങ്ങൾക്ക് മുൻഗണന ലഭിക്കുന്നത് സങ്കടകരമാണ്. സാമ്പത്തിക താത്പര്യങ്ങളുടെ ഫലമായി നമ്മളുടെ സമുദായത്തിലെ പാവപ്പെട്ടവർക്ക് സഭാസ്ഥാപനങ്ങളിൽ അവസരം ലഭിക്കുന്നില്ലെന്നത് യാഥാർഥ്യമാണ്. ദരിദ്രരായ ക്രൈസ്തവ യുവജനങ്ങൾ അവസരങ്ങൾക്കായി അന്യനാടുകളിൽ പോകാനും തുടർന്നുണ്ടാകുന്ന പല മൂല്യശോഷണത്തിനും മേൽപറഞ്ഞ പ്രവണതയ്ക്ക് പങ്കുണ്ട്. ഇന്നൊക്കെ ഓരോ സമുദായവും സ്വന്തം സ്കൂൾ തുടങ്ങി. ജാതി-മത-വർഗം കണക്കേ സ്കൂളുകൾ വർധിച്ചു. ലാഭം നോക്കി ആരംഭിച്ച, 'സ്കൂൾ ബിസിനസ് ഗ്രൂപ്പുകൾ' സാമൂഹ്യ വിഭജന തന്ത്രങ്ങൾ പയറ്റുന്നു. നമ്മുടെ സമുദായത്തിലെ ആളുകൾ നമ്മുടെ സ്കൂളിൽ - ഇതാണ് ഇപ്പോൾ വിവിധ മത വിഭാഗം പരസ്യമായി പറയുന്നത്. സമർപ്പിതർ നന്നായി നടത്തുന്ന സ്ഥാപനം, തകരേണ്ടതും തകർക്കേണ്ടതും അരുടെ ബിസ്സിനസ് ആവശ്യമായി മാറുന്നു. അതിനുവേണ്ടി വൈദികരും സന്യാസിനികളും മോശക്കാരായി ചിത്രീകരിക്കേണ്ടത് അവരുടെ ആവശ്യമായി മാറുന്നു. ഇതൊന്നും അറിയാതെ സഭയ്ക്കുള്ളിലും ചിലർ സമര പന്തൽ ഒരുക്കുന്നു. അധികാരികളെ അവഹേളിച്ചുകൊണ്ടുള്ള നിരവധി തെരുവുസമരങ്ങളും കണ്ടില്ലേ...സമൂഹത്തിൽ ഇവരെ പരസ്യമായി അവഹേളിച്ചും ഘോഷയാത്ര നടത്തിയും നാം എന്തു നേടി?

മാധ്യമമേഖലയിലും നമ്മൾ ഇങ്ങനെ പരാജയപ്പെട്ടതെങ്ങനെയെന്നു ചിന്തിക്കണം. ഭക്തി വളർത്തുന്ന ചാനലുകളും പ്രസിദ്ധീകരണങ്ങളും ഇപ്പോൾ കൂടുതലുണ്ടാകുന്നുണ്ട്. അതു മാത്രംമതിയോ? എല്ലാമാധ്യമങ്ങളെയും പ്രയോജനപ്പെടുത്തുന്നതിനുപകരം ഏതെങ്കിലും വാർത്തയുടെ പേരിൽ ഓരോ മാധ്യമത്തെയും ശത്രുപക്ഷത്തുനിർത്തുകയാണോ വേണ്ടത്? മാധ്യമമേഖലയിൽ വിപ്ലവ, വർഗീയ പ്രവർത്തകർ വർധിച്ചുവരുമ്പോൾ നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നാണു ചിന്തിക്കേണ്ടത്. കേരളത്തിലെ മാധ്യമനിയന്ത്രണം ആരുടെ കൈയിലാണെന്നു പഠിക്കാൻ നാം ശ്രമിക്കണം. മാധ്യമവിദ്യാഭ്യാസം കുടുംബങ്ങളിലും സഭയിലെ പ്രസ്ഥാനങ്ങളിലുമുണ്ടാകണം. ക്രിസ്തീയ മൂല്യങ്ങളും യഥാർഥ ആത്മീയതും പകർന്നുനൽകുന്ന പ്രസിദ്ധീകരണങ്ങൾ കുടുംബങ്ങളിൽ വായിക്കപ്പെടുന്നുവെന്ന് നാം ഉറപ്പുവരുത്തുകയും വേണം.

നാടിനും നാട്ടുകാർക്കും സഭനൽകിയ സംഭാവനകളെക്കുറിച്ച് നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. അതുമനസ്സിലാക്കാൻ മടിയോ മറയോ വേണ്ട. എന്നാൽ ഈ പാരമ്പര്യം കൂടുതൽ ഉത്തരവാദിത്വമാണ് നമ്മളോട് ആവശ്യപ്പെടുന്നത്. 2000 വർഷത്തിന്റെ പൈതൃകവും പവിത്രതയും പിന്തുടരാനും കളങ്കപ്പെടാതിരിക്കാനും കാലം തെരഞ്ഞെടുത്തു നിയോഗിച്ചിരിക്കുന്നവർ ഇന്നുള്ളവരാണ്. അത് നമ്മളാണ്, മറക്കരുത് ■



Photo by Antoine Julien on Unsplash



എൽസീന ജോസഫ്

# ചുറ്റിലും ശബ്ദ മലിനീകരണം

# ജാഗ്രതൈ!

ജാഗ്രത എന്ന വാക്ക് മനസ്സിൽ പതിപ്പിച്ചത് കുട്ടിക്കാലത്തെ പ്രിയപ്പെട്ട ബാലമാസികയിലെ കഥാപാത്രങ്ങൾ ജമ്പനും തുമ്പനുമാണ്. ഈ.... ഹ... ഹ.. എന്നലറിക്കരഞ്ഞുള്ള ചാട്ടവും 'ജാഗ്രതൈ!' ആഹ്വാനവും ഇന്നും ചെവിയിൽ മുഴങ്ങുന്നു. പിന്നീട് എപ്പോഴോ തിരുവചനഭാഗങ്ങളിലെ 'ജാഗരൂകരായിരിക്കുവിൻ' എന്ന തലക്കെട്ട് മനസ്സിൽ കേറിക്കൂടി. കുഞ്ഞായിരിക്കെ വായിച്ച കഥാപാത്രങ്ങളും വളർന്നപ്പോൾ  അടുത്തറിയാൻ ശ്രമിച്ച വിശുദ്ധ ബൈബിളും ജാഗരൂകതയുടെ ആവശ്യം അടിവരയിടുന്നതായി കണ്ടു. എന്തായിപ്പോ ഈ ജാഗ്രതയുടെ കാര്യം എന്നല്ലേ..? ഉണ്ട് കുറച്ചധികം ജാഗ്രത ആവശ്യമുണ്ട്. മുന്നോട്ടു പോകുംതോറും ഈ വാക്ക് ആംബുലൻസിന്റെ ബീക്കൺ കണക്കെ അലറുന്നത് കേൾക്കേണ്ടി വരും.

സോഷ്യൽ മീഡിയ മനുഷ്യനിലുണ്ടാക്കിയ ഏറ്റവും വലിയ മാറ്റം പ്രതികരണശേഷി കൂട്ടി എന്നതാണ്. നേരത്തെ, വർത്തമാനം പറഞ്ഞിരുന്നതും സംവാദത്തിൽ ഏർപ്പെട്ടിരുന്നതും മുഖത്തുനോക്കി ആയിരുന്നെങ്കിൽ കഴിഞ്ഞ പത്തുവർഷമായി ഈ സ്ഥിതിക്ക് മാറ്റം വന്നു. മുഖം നോക്കി പറയുന്നവ മുഖപുസ്തകത്തിലൂടെ (ഫേസ്ബുക്ക്) പങ്കുവയ്ക്കുന്ന അവസ്ഥയിലേക്ക് നീങ്ങി. ആരെയും അഭിമുഖീകരിക്കാതെ, അവനവന്റെ ഉള്ളിൽ തോന്നുന്നതെല്ലാം ആരെക്കുറിച്ചും ഏതു സമയത്തും വിളിച്ചുകൂവാം എന്ന സ്ഥിതി വന്നത് നല്ലതെന്നു പറയാനൊക്കുമോ? സഭാകമ്പം കാരണം സംസാരിക്കാൻ ഭയപ്പെട്ടിരുന്നവർക്ക് അസുലഭ അവസരമാണ് ഇത്തരം പ്ലാറ്റ്ഫോമുകൾ ഒരുക്കിത്തന്നത് എന്നതൊഴിച്ചാൽ മറ്റൊരു മേന്മയും ഇത്തരം സംവാദ വേദികൾക്ക് പറയാനില്ല. ഇവിടെയാണ് പറയുന്നവനും വായിക്കുന്നവനും കാണിക്കേണ്ടുന്ന ജാഗ്രത കിടക്കുന്നത്.

ഇങ്ങോട്ട് വന്ന് ചീത്തവിളിക്കുകയും വിമർശിക്കുകയും വാക്കുകൾകൊണ്ട് പൊങ്കാലയിടുകയും ചെയ്യുന്നവർക്കെല്ലാം മറുപടി കൊടുക്കണോ എന്നത് സ്വയം ചോദിക്കേണ്ടുന്ന വിഷയം. ഇനി മറുപടി കൊടുക്കുമ്പോൾ എങ്ങനെ വേണം എന്നത് മനസ്സിൽ ഒരുപാടു തവണ ആലോചിക്കേണ്ടത് ഇതിന്റെ  മറ്റൊരു തലം. കോളനിയാക്കി കീഴ്പ്പെടുത്തി ഭരിക്കാൻ വന്ന ബ്രിട്ടീഷുകാരെ തുരത്തിയത് പീരങ്കിയോ ബോംബോ ആയുധധാരികളായ സമരക്കാരോ ആയിരുന്നില്ല. തികച്ചും സൗമ്യനും ശാന്തനുമായ മനുഷ്യന്റെ അഹിംസയെന്ന വ്രതമാണ്, ജീവിത ദർശനമാണ്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തെ ഇന്ത്യയിൽ വച്ച് അസ്തമയസൂര്യന്റെ ചുവപ്പ് കാണിച്ചത് ചോരചിന്താത്ത മാർഗത്തിലൂടെ ആയിരുന്നു. ഇന്ന് യുദ്ധത്തിന്റെ കാഹളം ചുറ്റിലും മുഴങ്ങുന്നുണ്ട്. വ്രണിതമനസ്സിൽ നിന്നുമുയരുന്ന ആശയയുദ്ധങ്ങളുടെ ഭേരി കേൾക്കുമ്പോൾ ചോര തിളയ്ക്കുന്നതും പ്രതികരണശേഷി തലപൊക്കുന്നതും അറിയുന്നുണ്ട്. ആഴ്ചകൾ നീളുന്ന ഇത്തരം അക്രമങ്ങൾ പേരറിയാത്തതും കേട്ടറിയാത്തതുമായ അസംഖ്യം ശത്രുക്കളെ നേടാം എന്നതിൽ കവിഞ്ഞൊന്നും ഇതുമൂലം ആർക്കും ഒരുനേട്ടവും കൊടുത്തിട്ടില്ല.

എപ്പോഴാണ് ഒരു വ്യക്തിയുമായോ ആശയവുമായോ അഭിപ്രായ ഭിന്നത ഉണ്ടാകുന്നതെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? അത് അവതരിപ്പിക്കുന്ന രീതിയിൽ ആണെന്നാണ് ആദ്യത്തെ നിഗമനം. ആശയകൈമാറ്റത്തിനോ കേൾവിക്കോ തുറവിയില്ലാത്തവിധം ധാരണകൾ, ചിന്തകൾ, കണ്ടെത്തലുകൾ ഒക്കെ മറ്റുള്ളവരിലേക്ക് അടിച്ചേൽപിക്കുന്ന മനോഭാവം ഏറെ ദൂഷ്യം ചെയ്യുന്നു. സ്വന്തം ധാരണകൾ മറുവാദത്തിനു വിട്ടുകൊടുക്കാതെ പറഞ്ഞുസ്ഥാപിക്കുമ്പോൾ കേട്ടുനിൽക്കുന്നവന് അവിടെ അവസരം ഇല്ലാതെ പോകുന്നു. ഇവർ പിന്നീട് കിട്ടുന്ന അവസരത്തിൽ ഇതേ നാണയത്തിൽ തിരിച്ചടിക്കുന്നു. ഫലമോ ഈ രണ്ടു പ്രതികരണങ്ങളും ഭാഷയിലെ കണിശതയും തീക്ഷ്ണഭാവവും കൊണ്ട് സൗമ്യത നഷ്ടപ്പെട്ടവയായി തീരുന്നു.

ലിജോ ജോസ് പെല്ലിശ്ശേരിയുടെ ജെല്ലിക്കെട്ട് സിനിമയിൽ പറഞ്ഞു വയ്ക്കുന്ന പോലെ ഇത്തരം രോഷസംഭാഷണങ്ങൾ പ്രകൃതിയെ മലിനമാക്കുന്നു. ശബ്ദമലിനീകരണം ഉണ്ടാക്കുന്നത് വാഹനങ്ങളുടെ ഹോണടിയും ഉച്ചഭാഷിണികളും മാത്രമല്ലെന്നും ആവശ്യത്തിലധികം വരുന്ന ഓരോ വാക്കും സംസാരിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം തന്നെയും പ്രകൃതി മലിനീകരണം ഉണ്ടാക്കുന്നു എന്ന് തിരിച്ചറിയുക.

പ്രതികരണത്തിന് ഒരു ക്രൈസ്തവ സ്വഭാവം അനിവാര്യമാണെന്ന് പറയാതെ വയ്യ.



Graffiti art photo by Bas Josten on Unsplash

ദേവാലയത്തിൽ ക്രിസ്തു ചാട്ടവാറെടുത്തു എന്നു പറഞ്ഞ് അതുപോലെ ചെയ്യാൻ ഇറങ്ങിപ്പുറപ്പെടുന്ന നല്ല ഗുരുക്കന്മാർ ആത്മവിചിന്തനം ചെയ്യണം. ഈ ചാട്ടവാർ പ്രയോഗത്തിന് മുൻപും പിൻപും ക്രിസ്തുവിന്റെ സമീപനങ്ങൾ വായിച്ചു ധ്യാനിക്കണം. രാഷ്ട്രീയ-സാമൂഹ്യ-മത രംഗങ്ങളിലെ അഭിപ്രായപ്രകടനങ്ങൾ വേണ്ടത്ര കരുതലോടെ ചെയ്യാത്തതിന്റെ പാർശ്വഫലമാണ് ഇന്ന് കാണുന്ന പലതരം വർഗീയ ഭാവങ്ങളെയും വളർത്തിയതെന്ന് നിസ്സംശയം പറയാം.

'ഒരു കരണത്തു അടിക്കുന്നവന് മറുകരണം കാണിച്ചുകൊടുക്കാൻ' പഠിപ്പിച്ച വലിയ ഗുരുവിനെ അപ്പാടെ അനുകരിച്ചില്ലെങ്കിലും 'ആരെടാ' എന്ന് ചോദിക്കുന്നവനോട് 'എന്തെടാ' എന്ന് തിരിച്ചുചോദിക്കുമ്പോൾ അൽപം മൃദുഭാവം ആവാം. ക്രിസ്ത്യാനികൾ പൊതുവേ പറയുന്ന കാര്യമുണ്ട്, നമ്മൾ ഇത്രമയത്തിൽ പെരുമാറിയിട്ടാണ് മറ്റുള്ളവർ നമ്മളെ ഇങ്ങനെ ആക്രമിക്കുന്നതെന്ന്. ശരിക്കും നമ്മളല്ലേ ഏറ്റവും കടുത്ത നിലപാടുകൾ എടുക്കുന്നത്. പ്രതികരിക്കാതിരിക്കുന്നത് രണ്ടു കാരണങ്ങൾ കൊണ്ടാകും. ഒന്ന് മറുപ്രതികരണം ആവശ്യമില്ലാത്തതു കൊണ്ട് അഥവാ ആ വിഷയത്തോട് നമ്മൾ മനസ്സുകൊണ്ട് വിട്ടുകളഞ്ഞതിനാൽ. രണ്ടാമത്തെ കാര്യം വെറുതേ പറഞ്ഞു മുഖം വികൃതമാക്കേണ്ട അല്ലെങ്കിൽ എങ്ങനെ വിവേകത്തോടെ യുക്തിഭദ്രമായി പറയാമെന്ന് അറിയാത്തതു കൊണ്ട്. അധിക ഘട്ടങ്ങളിലും നമ്മുടെ സ്ഥാനം ഈ രണ്ടാമത്തെ ഗണത്തിലാണ്. അതു കൊണ്ടാണ് നേരത്തെ പറഞ്ഞു, നമ്മളാണ് ഏറ്റവും കടുത്ത പ്രതികരണക്കാരെന്ന്. ഇവിടെയാണ് ജാഗ്രതക്കുള്ള പ്രസക്തിയും. കേൾക്കാനും ഉൾക്കൊള്ളാനും മറുപടി രൂപീകരിച്ചു തിരിച്ചയക്കാനും പ്രവർത്തിച്ചു കാണിക്കാനും അതീവ ജാഗ്രത ആവശ്യമുണ്ട് കൂട്ടുകാരേ...

പറയുന്നവരുടെ മുഴുവൻ വാദവും സന്ദർഭവും മനസ്സിലാക്കുക. കേട്ട കാര്യങ്ങളിലെ നെല്ലും പതിരും വേർതിരിക്കുക, മറുപടിയുടെ അനിവാര്യത വിശകലനം ചെയ്യുക, തർക്കമില്ലാത്തവിധം വസ്തുതകൾ ശേഖരിക്കുക, ആവേശം പെട്ടിയിൽ പൂട്ടുക. വാക്കുകൾ തെരഞ്ഞെടുക്കുമ്പോൾ ശാന്തതയും കൃത്യതയും സൂക്ഷിക്കുക. മറുപടി നൽകുന്നത് വ്യക്തിക്കോ സംഘടനക്കോ അല്ല; പ്രത്യുത, പ്രസ്താവനയ്ക്കെതിരെയാണെന്ന് കേൾവിക്കാരന് ബോധ്യമാകും വിധം പ്രതികരിക്കുക. ആശയസംഘട്ടനങ്ങൾ വ്യക്തി കേന്ദ്രീകൃതവും പ്രസ്ഥാന കേന്ദ്രീകൃതവുമാകുമ്പോണ് പ്രതികരണങ്ങൾ മലിനീകരണം ഉണ്ടാക്കുന്നത്.

ഒരു കാര്യം സത്യമാണ്. ഒരു ബഹളവും ഒച്ചപ്പാടും ഈ നാട്ടിൽ ഒരു അനക്കവും സൃഷ്ടിച്ചിട്ടില്ല. മറിച്ച്, ചുണ്ടിൽ പുഞ്ചിരിയും നിലപാടിൽ വ്യക്തതയും പെരുമാറ്റത്തിൽ കൃത്യതയും ഇടപെടലിൽ സൗമ്യതയും ഉള്ളവനെ മാത്രമേ സമൂഹം മനസ്സുകൊണ്ട് സ്വീകരിച്ചിട്ടുള്ളൂ. ഇത്രയും വായിക്കുമ്പോൾ ആത്മശോധന ചെയ്താൽ അറിയാം ഇനിയും, നമ്മൾ എത്ര വളരേണ്ടിയിരിക്കുന്നുവെന്ന്. അനാവശ്യ കല്ലേറുകൾക്ക് ഇരയാകാതിരിക്കാനും ശബ്ദമലിനീകരണം തടയാനും പക്വതയുടെ വളർച്ച അനിവാര്യതയാണെങ്കിൽ എന്തിന് വളരാതിരിക്കണം. ഇരുന്ന് മുരടിക്കുന്നതിനേക്കാൾ ഭേദം വളർച്ചയാണെങ്കിൽ ഭായ്... ഈ വളർച്ചയ്ക്കുള്ള കോംപ്ലാൻ വിശുദ്ധ കുർബാനയും കൂദാശയുമാണ്. മടികൂടാതെ കാൽവരി കേറി ആവശ്യത്തിന് ശേഖരിച്ചോ ■



ഫാ. റോബിൻ തോമസ്

# മറക്കരുത്
## നീയാണ് കാവൽ

പാലാ സെന്റ് തോമസ് കോളേജിൽ വിദ്യാർഥി ആയിരിക്കുമ്പോൾ (1996) പാലക്കാട്ട് സൈലൻറ് വാലിയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ക്യാമ്പിൽ പങ്കെടുത്തപ്പോഴാണ് ആദ്യമായി പ്രകൃതിസംരക്ഷണത്തിന്റെ പ്രസക്തി മനസ്സിലാക്കുന്നത്. 1978-ൽ ശ്രീമാൻ മൊറാർജി ദേശായി ഇന്ത്യയുടെ പ്രധാന മന്ത്രിയായിരിക്കെ, വനത്തിലൂടെ ഒഴുകുന്ന കുന്തിപുഴയ്ക്ക് കുറുകെ സൈലന്റ് വാലിയിൽ ഡാം നിർമിക്കാൻ അനുമതി നൽകി. കേരള ജനതയുടെ പരിസ്ഥിതി ബോധത്തെ തൊട്ടുണർത്തിയ സംഭവമായിരുന്നു അത്. സിംഹവാലൻ കുരങ്ങന്മാർക്ക് വേണ്ടി നടത്തുന്ന സമരമെന്നും വികസന വിരുദ്ധത എന്നൊക്കെ പറഞ്ഞ് പലരും ആക്ഷേപിച്ചപ്പോഴും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ ഒരു ജനതതിയുടെ പരിസ്ഥിതി ബോധം ഉണർന്നു. ആയിരക്കണക്കിന് ഹെക്ടർ വനം നശിപ്പിച്ചുകൊണ്ട് ഡാം നിർമ്മിക്കുന്നതിന് എതിരേ കേരള ജനത സമരം നടത്തി വിജയിച്ച പോരാട്ട കഥകൾ ആ ക്യാമ്പിൽ നേരിട്ട് മനസ്സിലാക്കാനും തൊട്ട് അറിയാനും കഴിഞ്ഞു. മനുഷ്യന് തനിച്ചൊരു അസ്തിത്വമില്ലെന്നും ഓരോ ചെറു ജീവിയും മനുഷ്യനുൾക്കൊള്ളുന്ന സംതുലിതാവസ്ഥയുടെ ഭാഗമാണെന്നുമുള്ള വലിയ അവബോധം, വികസനം മാത്രം സ്വപ്നം കണ്ടിരുന്ന ചെറുമനസ്സുകളിൽ ആഴത്തിൽ പതിയാൻ അന്ന് അവസരമൊരുങ്ങി.

ഒരു ദേശത്തിന്റെ വികസനവും ജീവിത നിലവാരവും വിജ്ഞാന ബോധവും രോഗ പ്രതിരോധശേഷിയും സാമൂഹിക സാഹചര്യങ്ങളുമെല്ലാം രൂപപ്പെടുത്തുന്നതിൽ പ്രകൃതി വിഭവങ്ങളുടെ പങ്ക് നിസ്സാരമല്ല. കഴിഞ്ഞ ഒരു മുപ്പത് വർഷത്തിനിടയിൽ വർധിച്ചു വന്നിരിക്കുന്ന ജലക്ഷാമവും, പ്രകൃതിദുരന്തങ്ങളും സൂചിപ്പിക്കുന്നത് ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെട്ടിരുന്ന കേരളം, പ്രകൃതിസംരക്ഷണത്തിൽ പുറകോട്ടു പോയി എന്നതാണ്. ആഗോള താപനം എന്ന് പറഞ്ഞപ്പോൾ നാം വിചാരിച്ചത് ഇത് ആഫ്രിക്കയിലെ മണലാരണ്യത്തിലോ ഗ്രീൻലാന്റിലെ മഞ്ഞുമലയിലോ സംഭവിക്കുന്ന ഒരു കാര്യമായിട്ടായിരുന്നു. എന്നാൽ പാലക്കാട് ജില്ലയിൽ 38 ഡിഗ്രി ചൂട് രേഖപ്പെടുത്തിക്കഴിഞ്ഞു. മരുഭൂമിയിൽ വളരുന്ന പല സസ്യങ്ങളും ജീവജാലങ്ങളും കണ്ടുതുടങ്ങിയിരിക്കുന്നു. നമ്മുടെ നാൽപത്തിനാല് നദികൾ അഴുക്കുചാലുകളായി, കൃഷിയിടങ്ങൾ കീടരഹിതമായി, ഗ്രാമങ്ങൾ നഗരവൽക്കരിക്കപ്പെട്ടു, രമണീയത മങ്ങി ടൂറിസം ചുവടുറപ്പിച്ചു, പട്ടണങ്ങൾ ജനവാസയോഗ്യമല്ലാതെ പുകക്കുഴലുകൾ കൊണ്ട് നിറഞ്ഞു. (വനം വകുപ്പ് ജന പങ്കാളിത്തത്തോടെ സംരക്ഷണ പരിപാടികൾ നടത്തിയതിനാൽ അവിടെ മാത്രം കാര്യമായ നാശം ഉണ്ടായില്ല). ആരുടെ വികസനത്തിനു വേണ്ടിയായിരുന്നു ഇതെല്ലാം? ഇതിലൂടെ ആരൊക്കെയാണ് നേട്ടം കൊയ്തത്? ഇന്ന് ജലം വിലയ്ക്ക് വാങ്ങേണ്ട വസ്തുവായി മാറി. നാളെ ഇതുപോലെ എന്തെല്ലാം നാം വില കൊടുത്ത് വാങ്ങേണ്ടി വരും.

ഇതിന്റെയെല്ലാം വിപത്ത് ഏറ്റവുമധികം അനുഭവിക്കാൻ പോകുന്നത് ഇന്നത്തെ യുവജനങ്ങളാണ്. അവരുടെ ഭാവി, ജോലി, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം എന്നിവയെല്ലാം കടുത്ത വെല്ലുവിളികളെ നേരിടേണ്ടി വരും. മനുഷ്യന്റെ ഇടപെടലിലൂടെ പരിസ്ഥിതിനാശം സംഭവിച്ച് മരുഭൂമികളായ അനേകം പ്രദേശങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഒരിക്കൽ നഷ്ടപ്പെട്ട പ്രകൃതിയെ തിരിച്ചു കൊണ്ടുവരുക അത്ര എളുപ്പമല്ല. എൺപത് കിലോമീറ്റർ അകലെ നിന്നും ടാങ്കർ ലോറിയിൽ ജലം എത്തിച്ച് മരങ്ങൾ വച്ചുപിടിപ്പിച്ച് കഠിനാധ്വാനത്തിലൂടെ വർഷത്തിൽ നാല് മഴ പെയ്യുന്ന സ്ഥലങ്ങളാക്കി മാറ്റിയ ആഫ്രിക്കയിലെ സുഹൃത്ത് പറഞ്ഞ അനുഭവങ്ങൾ നാളെ നമ്മുടെ മക്കൾക്ക് ഉണ്ടാകാതിരിക്കട്ടെ.

ഇന്ത്യയിൽ ഇന്ന് ഇരുപത്തിയൊൻപത് പരിസ്ഥിതിലോല പ്രദേശങ്ങൾ ഉണ്ട്. ഒരാൾ ഹൃദയസംബന്ധമായ രോഗാവസ്ഥയുടെ ലക്ഷണങ്ങൾ കാണിക്കുമ്പോൾ ഭക്ഷണം നിയന്ത്രിക്കാനും ക്രമമായ വ്യായാമം നടത്താനും ഡോക്ടർ നിർദേശിക്കും. അത് അവഗണിച്ച് പഴയതിലും മോശമായാണ് ജീവിത ശൈലിയെങ്കിൽ ഭാവിയിൽ പല വിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളെ നേരിടേണ്ടി വരും. രോഗം നിർണയിക്കുന്നത് ഡോക്ടറാണെങ്കിൽ, പരിസ്ഥിതിയുടെ ലോലത നിർണയിക്കുന്നത് ആഗോള മാനദണ്ഡങ്ങൾ വച്ച് അതിൽ പ്രാവീണ്യമുള്ള ശാസ്ത്രജ്ഞന്മാരാണ്. അവരുടെ നിർദേശങ്ങളെ കാറ്റിൽ പറത്തി നാം നടത്തുന്ന സുസ്ഥിരമല്ലാത്ത വികസന തന്ത്രങ്ങൾ വിപത്തിനേ കാരണമാകു. സത്യാവസ്ഥ മറച്ചുവച്ചുള്ള പരിസ്ഥിതി പ്രവർത്തനവും, പരിസ്ഥിതി വിരുദ്ധ സമീപനവും നാശത്തിൽ കൊണ്ടെത്തിക്കും എന്നതിൽ സംശയമില്ല. അടുത്ത കാലത്ത് നടന്ന ലോക രാഷ്ട്രങ്ങളുടെ പരിസ്ഥിതി ഉച്ചകോടിക്ക് ആഗോള പ്രസക്തിയുള്ള തീരുമാനങ്ങൾ എടുക്കാൻ കഴിഞ്ഞില്ല. ഐക്യരാഷ്ട്രസഭ

മുന്നോട്ടുവച്ച സഹസ്രാബ്ദലക്ഷ്യവും, സുസ്ഥിര വികസനവും കാര്യക്ഷമമായിരുന്നില്ലായെന്ന് അവരുടെതന്നെ കണക്കുകൾ തെളിയിക്കുന്നു. കാര്യമായൊന്നും ചെയ്യാതെ അധികാര സ്ഥാനങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുന്നവരാണ് ഇന്നിന്റെ വലിയ ശാപം.

ഇവിടെയാണ് കത്തോലിക്കാ സഭയുടെ പരിസ്ഥിതി സമീപനത്തിന്റെ പ്രസക്തി. കമ്പോള ചൂഷണത്തിന്റെ പരിണിത ഫലമായിട്ടാണ് ഫ്രാൻസിസ് പാപ്പ 'അങ്ങേയക്ക് സ്തുതി' എന്ന ചാക്രിക ലേഖനത്തിൽ പരിസ്ഥിതി പ്രശ്നങ്ങളെ അവതരിപ്പിക്കുന്നത്. സാമ്പത്തിക ലാഭ-നഷ്ടങ്ങളുടെ വെളിച്ചത്തിൽ സ്വതന്ത്ര വിപണിയിലൂടെ, വികസന നയങ്ങൾക്ക് അനുയോജ്യമായ രാഷ്ട്രീയ സംവിധാനത്തിൽ സംരക്ഷിക്കപ്പെടാൻ കഴിയുന്ന ഒന്നല്ല പ്രകൃതി. അതിനാൽ നവമായ വ്യവസായ സംരംഭങ്ങൾ, ആഗോളവത്ക്കരണത്തിന്റെ ഇരകളായ അടിസ്ഥാന വർഗത്തെ ചൂഷണരഹിതമാക്കുന്ന വികസന മാതൃകകൾ, കർഷകർക്കും നിർധനർക്കും അനുയോജ്യമായ നയങ്ങൾ, സുതാര്യവും, അഴിമതിരഹിതവും, കാര്യക്ഷമവുമായ സംവിധാനങ്ങൾ എന്നിവയാണ് സഭ മുന്നോട്ടു വയ്ക്കുന്നത്.

ഇനിയും ഒത്തിരി കാര്യങ്ങൾ ഈ വിഷയത്തിൽ പറയാനുണ്ട്. കാര്യത്തിന്റെ ഗൗരവം മനസ്സിലായിക്കാണും എന്ന് കരുതട്ടെ. പരിമിതികൾ മൂലം അവസാനിപ്പിക്കുന്നതിനുമുമ്പ് യുവജനങ്ങളായ നമുക്ക് എന്തൊക്കെ ചെയ്യാനാകുമെന്ന് അക്കമിട്ടു പറയുകയാണ്.

**1. പരിസ്ഥിതി സ്വത്വം ആർജിച്ചെടുക്കാൻ ഈ വിഷയത്തെ സംബന്ധിച്ച കാലിക പ്രസക്തമായ അറിവുകൾ സമ്പാദിക്കുക.**

**2. ഗൗരവമേറിയ ഈ വിഷയം പരമാവധി ആളുകളിൽ എത്തിക്കുന്നതിന് പരിശ്രമിക്കുക.**

**3. ഞാൻ ജീവിക്കുന്ന ലോകം എന്റെ പൊതു ഭവനമാണ് എന്ന അവബോധം വളർത്തുക.**

**4. നമ്മുടെ ശരീരത്തെ പരിപാലിക്കുന്ന ശുചിത്വത്തോടെ പ്രകൃതിയെ സംരക്ഷിക്കുക.**

**5. വീണ്ടും ഉപയോഗിക്കാവുന്ന വസ്തുക്കൾ (പേന, സഞ്ചി, പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ) വാങ്ങുന്നതിന് മുൻഗണന കൊടുക്കുക.**

**6. മാലിന്യ സംസ്കരണ സംസ്കാരം രൂപപ്പെടുത്തുക.**

**7. പ്രകൃതിയെ നശിപ്പിക്കുന്ന വസ്തുക്കൾ ഉത്പാദിപ്പിക്കുകയോ, വിൽക്കുകയോ, വാങ്ങുകയോ ചെയ്യില്ല എന്ന തീരുമാനം എടുക്കുക.**

**8. പൊതു യാത്രാ സംവിധാനങ്ങൾ, വാഹന പൂളിംഗ് എന്നിവ ഉപയോഗിച്ച് യാത്ര നടത്തുക.**

**9. യുവജനങ്ങൾ നടത്തുന്ന പൊതുപരിപാടികളിൽ നൂറ് ശതമാനം പ്രകൃതി സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയും, നല്ല മാതൃകകൾ യുവജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുക.**

**10. പരമാവധി മരങ്ങൾ വച്ചുപിടിപ്പിച്ച് അവയെ പരിപാലിക്കുക.**



Photo by Jessica Arends on Unsplash

പാരിസ്ഥിതികമായ ഹൃദയ പരിവർത്തനത്തിലേക്ക്, മാനസാന്തരത്തിലേക്കാണ് സഭ ഇന്ന് നമ്മെ ക്ഷണിക്കുന്നത്. പരിസ്ഥിതി പ്രവർത്തനവും സംരക്ഷണവും ആദ്യം നടക്കേണ്ടത് മനുഷ്യ മനസ്സിലാണ്. ഇതിലൂടെ പുതിയ ഒരു ജീവിത ശൈലി ആഗോളതലത്തിൽ രൂപപ്പെട്ടു വരുകയും അതിനനുസൃതം കച്ചവടക്കാരും വ്യവസായികളും ഉതൗപാദകരും മാറ്റത്തിന് നിർബന്ധിതരാകുകയും ചെയ്യും. നാം ജീവിക്കുന്ന പരിസ്ഥിതി നമ്മുടെ ഭവനമാണ്. നമ്മുടെ സ്വന്തം മുറി, വാഹനം, നമ്മുടെ ശരീരം പരിപാലിക്കുന്നതുപോലെ പ്രകൃതിയെ പരിപാലിക്കുവാൻ എല്ലാവർക്കും കടമയുണ്ട്. ലോകത്തിന്റെ അസ്തിത്വത്തിൽ നിന്നും വേറിട്ടൊരു അസ്തിത്വം മനുഷ്യന് അവകാശപ്പെടാനാകില്ല. പ്രകൃതിയുടെ താളം തെറ്റിയാൽ എല്ലാ സാമ്പത്തിക സാമൂഹിക സംവിധാനങ്ങളും ചലനമറ്റതാകും. ഇന്ന് നാം എത്തി നിൽക്കുന്നത് നാശത്തിന്റെ വക്കത്താണ്. അവിടെനിന്നും കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് തിരിച്ചു നടക്കാം. അങ്ങനെ പുതിയൊരു ലോകം വരും തലമുറയ്ക്ക് കൈമാറാൻ നമുക്ക് കഴിയട്ടെ.

*(ഫാ. റോബിൻ തോമസ് കാഞ്ഞിരപ്പള്ളി രൂപതയിലെ പുരോഹിതനാണ്. അസം ഡോൺ ബോസ്കോ സർവകലാശാലയിലും ഷില്ലോങ്ങിലെ സേക്രഡ് ഹാർട്ട് തിയോളജിക്കൽ കോളേജിലും ഗവേഷണ പണ്ഡിതനാണ്.*
*✆ 99613 03053 ✉ fr.robin@mariancollege.org)*

*അറിവിനും ആസ്വാദനത്തിനും വിചിന്തനത്തിനും സാധ്യത നൽകുന്ന ക്യാമറ/മൊബൈൽ ചിത്രങ്ങൾ കഥാചിത്രങ്ങളുടെ ഈ പേജിൽ പ്രസിദ്ധീകരിക്കും. കുറഞ്ഞത് 3 MP എങ്കിലും ഫയൽ സൈസുണ്ടാകണം. ആശയപരമായും, കലാപരമായും, സാങ്കേതികമായും യോഗ്യതയുള്ളവയാണ് പ്രസിദ്ധീകരിക്കുക. ഒറ്റ വാക്യത്തിലുള്ള അടിക്കുറിപ്പും നിങ്ങളുടെ പേരും സഹിതം നിങ്ങൾ പകർത്തിയ ഫോട്ടോ അയക്കുക: arakkalshaji@gmail.com*




**The Lord's Prayer**
Photo: Sharon Harding

**Heartfelt Words**
Photo: Fa Barboza


BIBLIA
CON COMENTARIOS DE
MATTHEW HENRY



അനിൽ തോമസ്, കുവൈറ്റ്

# കരുണയുടെ

കോവിഡ്-19 എന്ന മഹാമാരിയും ലോക്ഡൗണും കൂടിയുള്ള ഇരട്ട പ്രഹരം കുവൈറ്റിലെ പ്രവാസികളെ ഒട്ടൊന്നുമല്ല തകർത്തു കളഞ്ഞത്. ഉണ്ടായിരുന്ന ജോലി നഷ്ടപ്പെട്ട്, ഒരു നേരത്തെ ആഹാരത്തിനു പോലും വകയില്ലാതെ സഹായത്തിനായി മറ്റുള്ളവരുടെ മുൻപിൽ കൈനീട്ടേണ്ടി വരുന്ന അവസ്ഥ!! അപ്പോഴാണ് തികച്ചും പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി പരി. മാതാവിന്റെ മാധ്യസ്ഥത്തിൽ കുവൈറ്റ് ജീസസ് യൂത്ത് 'കരുണ സപ്പോർട്ട്' സെല്ലുമായ് മുന്നിട്ടിറങ്ങുന്നത്. പാവങ്ങളോടുള്ള പങ്കുചേരലിന്റെ ഒരു നേർസാക്ഷ്യം കൂടിയായി അത് മാറി.

ജാതിമതദേശഭേദമെന്യേ ലേബർ ക്യാമ്പുകളിലും അർഹതപ്പെട്ട കുടുംബങ്ങളിലും ഭക്ഷണപ്പൊതികൾ എത്തിക്കുക എന്ന കാര്യമാണ് പ്രധാനമായും ചെയ്യുന്നത്. ഒപ്പം ചെറിയ സാമ്പത്തിക സഹായങ്ങളും മാനസിക പിന്തുണയും. ചങ്കുലയ്ക്കുന്ന കാഴ്ചകളും കരളലിയിക്കുന്ന ജീവിതാനുഭവങ്ങളുമാണ് 'കരുണ'യുമായി സഹകരിക്കുന്ന യുവജനങ്ങൾ ദിവസേന അഭിമുഖീകരിച്ചിരുന്നത്. കുടുംബത്തിന്റെ ഭാരവും ചുമലിൽ പേറി സ്വന്തം നാട്ടിൽനിന്ന് ഈ മണലാരണ്യത്തിലേക്ക് പറന്നിറങ്ങുകയും എന്നാൽ, കോവിഡ് വരുത്തിവച്ച നാശത്തിൽ തകർന്നു പോയ ആയിരങ്ങളും. അവർക്കെല്ലാം സാധ്യമാകുന്ന രീതിയിലെങ്കിലും ഒരു സാന്ത്വനമാകാൻ 'കരുണ'യ്ക്ക് കഴിയുന്നു. ഈയൊരു പ്രവൃത്തിയിലൂടെ ലഭിക്കുന്ന ആത്മസംതൃപ്തി വാക്കുകൾക്കതീതമാണ്. 'കരുണ'യുടെ ഓരോ ഘട്ടങ്ങളിലും നമ്മുടെ രക്ഷകനും നാഥനുമായ ഈശോയുടെ ഇടപെടൽ പ്രത്യക്ഷമായിത്തന്നെ അനുഭവിക്കുന്നു.

ദൈവവചനത്തിൽ ഇപ്രകാരം പറയുന്നു - മനുഷ്യപുത്രൻ സർവ മഹത്വത്തോടും കൂടി, മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായി, തന്റെ വലതുവശത്തു വേർതിരിച്ചു നിറുത്തിയവരോട് അരുൾ ചെയ്യും - "എനിക്കു വിശന്നു; നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു; നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു; നിങ്ങൾ എന്നെ സ്വീകരിച്ചു." അപ്പോൾ





# കരസ്പർശം

നീതിമാന്മാർ ഇങ്ങനെ മറുപടി പറയും. "കർത്താവേ, നിന്നെ വിശക്കുന്നവനായി കണ്ട് ആഹാരം നൽകിയതും, ദാഹിക്കുന്നവനായി കണ്ട് കുടിക്കാൻ നൽകിയതും എപ്പോൾ?" രാജാവ് മറുപടി പറയും: "സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്." (മത്താ 25,31-40)

ഈ 'കൊറോണ' കാലവും കടന്നു പോകും. എങ്കിലും കഷ്ടപ്പാടുകൾക്കു നടുവിലും നമ്മുടെ ഉള്ളിന്റെയുള്ളിൽ തെളിഞ്ഞു കത്തിയ 'കരുണ'യുടെ, സ്നേഹത്തിന്റെ, മറ്റുള്ളവരോടുള്ള കരുതലിന്റെ ചെറു തിരിനാളത്തെ അണയാതെ നമുക്ക് കാത്തു സൂക്ഷിക്കാം. "നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം നാം പൂർണ വിജയം വരിക്കുന്നു."

അതിനാൽ നമ്മുടെ ആശങ്കകളും ജീവിത ഭാരങ്ങളും 'അവന്റെ' മുമ്പിൽ നമുക്കിറക്കി വയ്ക്കാം. അവന്റെ ചാരെയിരുന്ന് അവിടത്തെ സ്നേഹസാന്നിധ്യം നമുക്കനുഭവിക്കാം. അവിടത്തെ സംരക്ഷണത്തിന്റെ ബലത്തിൽ നമ്മുടെ ജീവിതത്തോണി ധൈര്യമായി മുന്നോട്ടു തുഴയാം ■

Photo by Sulthan Auliya on Unsplash



ബിലാസ് ജോസഫ്

# തിരിഞ്ഞുനോട്ടം

പ്രശാന്തമായ ഒരു വേനലവധിക്കാലം. കുടുംബസുഹൃത്തിന്റെ വീട്ടിൽ സന്ദർശനത്തിനായി പോയതാണ്. അപ്പനും അമ്മയും ഭാര്യയും നാലു മക്കളും അടങ്ങുന്ന ഒരു സന്തുഷ്ട കുടുംബമായിരുന്നു സുഹൃത്തിന്റേത്. മുറ്റത്തെ മരത്തണലിൽ ഇളംകാറ്റിൽ സൗഹൃദസംഭാഷണം നടത്തുകയായിരുന്നു ഞങ്ങൾ. കുട്ടികൾ കളിച്ചു നടക്കുന്നു. പരിശുദ്ധ മാതാവിനെക്കുറിച്ച് വാചാലനാകുന്ന സുഹൃത്തിന്റെ ആത്മീയജ്ഞാനത്തിൽ മുഴുകിയിരുന്നതിനാൽ എന്റെ മനസ്സ് മറ്റു കാര്യങ്ങളിലേക്ക് സഞ്ചരിച്ചില്ല. പെട്ടെന്നൊരു നിമിഷം സുഹൃത്തിന്റെ കണ്ണുകൾ വെട്ടിമാറുന്നതും മുഖഭാവം മാറുന്നതുമാണ് എന്റെ മനസ്സിൽ ആകാംക്ഷയുണർത്തിയത്. രണ്ടുവയസ്സുള്ള ഇളയകുട്ടി അൽപം ദൂരേക്ക് ഓടിപ്പോയതാണ് സുഹൃത്തിന്റെ മുഖത്തുണ്ടായ ഭാവവ്യത്യാസത്തിന്റെ കാരണം.

സുഹൃത്ത് സംസാരം തുടരുന്നുണ്ടെങ്കിലും ശ്രദ്ധ ഇളയകുട്ടിയുടെ നീക്കങ്ങളിലാണ്. സംസാരത്തിന്റെ വേഗം, ബാറ്ററി തീരാറായ ടേപ്പ് റിക്കോർഡറിലെ പാട്ടുപോലെ കുറഞ്ഞു വരുന്നു. അസ്വസ്ഥതയുണ്ടായപ്പോൾ ഞാനിടയ്ക്കു കയറി ചോദിച്ചു. എന്തു പറ്റി? എന്താണ് ശ്രദ്ധിക്കുന്നത്? കുട്ടിയിൽ നിന്നും കണ്ണെടുക്കാതെ, സുഹൃത്ത് മറുപടി തന്നു. "അല്ല, ഇളയവൻ അൽപം ഗതി മാറിയാണ് സഞ്ചരിക്കുന്നത്. അത് നോക്കിയിരിക്കുകയായിരുന്നു."

അപ്പോഴാണ് എന്റെ മനസ്സിലേക്ക് സാഹചര്യത്തിന്റെ യഥാർഥ ചിത്രം ഓടിയെത്തിയത്. കണ്ണെത്താവുന്ന ദൂരത്താണ് കുട്ടിയെങ്കിലും അടുത്തുള്ള വളവ് കഴിഞ്ഞാൽ അവിടെ പച്ചപ്പായൽ നിറഞ്ഞ ഒരു കുളവും അതിനോടു ചേർന്ന്, വെള്ളമില്ലെങ്കിലും ആഴമുള്ളൊരു തോടുമുണ്ട്. ഈ ചിന്തകളായിരിക്കാം സുഹൃത്തിനെ അങ്ങനെ നോക്കാൻ പ്രേരിപ്പിച്ചത്. അവനെയിങ്ങോട്ട് വിളിക്ക് മടിയിലിരുത്താമെന്ന് ഞാൻ പറഞ്ഞപ്പോൾ, വേണ്ട, അവനെവിടംവരെ പോകുമെന്ന് നമുക്ക് നോക്കാമെന്നായി സുഹൃത്ത്. ഞാൻ വീണ്ടും നിർബന്ധിച്ചെങ്കിലും കുട്ടിയെ അവന്റെയിഷ്ടത്തിനു വിടാനായിരുന്നു സുഹൃത്തിന്റെ തീരുമാനം. സുഹൃത്ത് ശ്രദ്ധ മാറ്റിയതല്ലാതെ സന്തോഷത്തിന്റേതായ ആ ഭാവം വെടിഞ്ഞിരുന്നില്ല. എന്തായാലും സംസാരം നിറുത്തി ഞങ്ങളുടെ ശ്രദ്ധ മുഴുവനും കുട്ടിയിലായി.

> പിന്തിരിയാനും ഓടിയെത്താനും മനസ്സുള്ളവർക്ക്, രാപകലില്ലാതെ ഉപാധികളില്ലാതെ നമ്മെ ചേർത്തു നിറുത്തുന്ന ദൈവത്തെ ഏതു സാഹചര്യത്തിലായാലും ഓരോനിമിഷവും കാണാനാവും.

അവനിപ്പോൾ തിരിച്ചു വരുമെന്ന ഉറച്ച വിശ്വാസത്തിലായിരുന്ന സുഹൃത്തിനോട് എന്താണ് താങ്കൾക്കിത്ര ഉറപ്പെന്ന് ഞാൻ ചോദിച്ചു. നോക്കിയിരുന്ന് കാണാനായിരുന്നു മറുപടി. കുട്ടി ഇടയ്ക്കിടെ തിരിഞ്ഞു നോക്കിക്കൊണ്ടാണ് മുന്നോട്ട് പോകുന്നത്. ഏകദേശം വളവ് കഴിഞ്ഞപ്പോൾ കുട്ടിയെ കാണാൻ പറ്റുന്നില്ല. ഞാൻ ഇരുന്നിടത്തു നിന്നെഴുന്നേറ്റു. സുഹൃത്ത് അപ്പോഴും ദൃഷ്ടി മാറ്റാതെ അവിടെത്തന്നെയിരിക്കുകയാണ്. മറ്റു കുട്ടികളാകട്ടെ, അവർ കളിക്കുന്നത് തുടരുകയും ചെയ്യുന്നു. കുട്ടിയെ വിളിക്കാൻ ഞാൻ പറഞ്ഞെങ്കിലും നിൽക്കൂ, അൽപം കഴിയട്ടെയെന്നായിരുന്നു സുഹൃത്തിന്റെ മറുപടി.

അൽപനിമിഷങ്ങൾക്കു ശേഷം ഭയത്തോടെയാണെങ്കിലും ചിരിച്ചുകൊണ്ടോടിവരുന്ന കുട്ടിയെയാണ് ഞങ്ങൾക്ക് കാണാനായത്. അവൻ വരുന്നതു കണ്ട് സുഹൃത്ത് ചാടിയെഴുന്നേറ്റ് കുട്ടിയുടെ അടുത്തേക്കോടിച്ചെന്നു. അവനെ വാരിയെടുത്ത് കവിളിൽ മുത്തം കൊടുത്ത് തിരിച്ച് ഞങ്ങൾ ഇരുന്ന സ്ഥലത്തേക്ക് വന്നു.

കുഞ്ഞിന്റെയും അപ്പന്റെയും മുഖത്തുണ്ടായിരുന്ന സന്തോഷത്തിന്റെ വെളിച്ചം പറഞ്ഞ് മനസ്സിലാക്കാവുന്നതിലുമപ്പുറമാണ്. അപ്പന്റെ മടിയിൽ കയറി പോക്കറ്റിലും മീശയിലുമൊക്കെ പിടിച്ച് കളിക്കുന്ന കുട്ടി. ഞങ്ങളുടെ സംസാരം ഈ സംഭവത്തെപ്പറ്റിയായി. എന്തുകൊണ്ടാണ് കുട്ടിയെ വിളിക്കാതിരുന്നത് എന്നതായിരുന്നു എന്റെ പ്രധാന സംശയം. സുഹൃത്തിന്റെ മറുപടി വളരെയധികം ചിന്തിപ്പിക്കുന്നതായിരുന്നു. മകൻ തന്റെ കൺവെട്ടത്തു നിന്നും മറയുകയില്ലെന്ന ഉറച്ച ബോധ്യമായിരുന്നു ഒന്നാമത്തേത്. തന്നെ കാണാതാവുമ്പോൾ അൽപം ഭയത്തോടെയാണെങ്കിലും അവൻ തിരിച്ചു വരുമെന്ന പ്രതീക്ഷയായിരുന്നു രണ്ടാമത്തേത്. താൻ പുറകേ ചെല്ലുകയാണങ്കിൽ അവൻ പോകുന്ന ദൂരം കൂടിക്കൂടി വരുമെന്നതിനാൽ എവിടെയായിരിക്കുന്നുവോ അവിടെ നിന്ന് അവനെ നോക്കിക്കൊണ്ടിരിക്കുക എന്ന ആ പിതാവിന്റെ ചിന്താഗതിയായിരുന്നു മൂന്നാമത്തേത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മാതാപിതാക്കളുടെ കൺവെട്ടത്തു നിന്നും പോകുവാൻ കുട്ടികൾ ധൈര്യപ്പെടാറില്ല. എവിടെവരെയാണോ മാതാപിതാക്കളുടെ കണ്ണെത്തുക അതാണ് കുട്ടികൾ തനിയെ സഞ്ചരിക്കാറുള്ള ദൂരപരിധി. ഇതാണ് സാധാരണയായി കുട്ടികളിൽ കണ്ടുവരുന്ന ഒരു രീതി. ഈ ഒരു ചിന്തയായിരിക്കാം സുഹൃത്തിന്റെ മനസ്സിനെ ധൈര്യപ്പെടുത്തിയതെന്ന് ഞാനുറപ്പിച്ചു.

എന്റെ ചിന്തയിലേക്ക് മറ്റൊരു കാര്യം കൂടി കടന്നു വന്നു. പിതാവായ ദൈവം തന്റെ മക്കളെ ഓരോ നിമിഷവും നോക്കിക്കാണുന്നുണ്ട്. രാവും പകലുമെന്നില്ലാതെ, വെയിലും മഴയുമെന്നില്ലാതെ, അടച്ചിട്ട മുറിയും തുറസായ സ്ഥലവുമെന്നില്ലാതെ, ഓരോ നിമിഷവും നമ്മെ നോക്കിനിൽക്കുന്ന ദൈവം! ഞാൻ എവിടെയെല്ലാം സഞ്ചരിച്ചാലും ദൈവമെന്നെ കാണുന്നു. എന്റെ ഒരു തിരിഞ്ഞു നോട്ടത്തിനായി, മനസ്സു തിരിഞ്ഞുള്ള ഒരു വിളിക്കായി പിതാവായ ദൈവം തൊട്ടടുത്തു തന്നെയുണ്ട്.

അനുദിന ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ, തൊഴിൽ മേഖലയിലും പഠന മേഖലയിലുമുള്ള വിവിധങ്ങളായ സാഹചര്യങ്ങൾ.. എവിടെയും ക്രിസ്തുവിനെ മുന്നിൽക്കണ്ടുകൊണ്ടു വേണം നാമോടാൻ. ഓട്ടത്തിൽ അൽപമെങ്കിലും ഒന്നു വഴിതെറ്റിയാൽ.. അനാവശ്യമായ ചിന്തകൾ മനസ്സിൽ കയറിക്കൂടിയാൽ.. മൊബൈൽ ചാറ്റിംഗും അശ്ലീല



**ഏകദേശം വളവ് കഴിഞ്ഞപ്പോൾ കുട്ടിയെ കാണാൻ പറ്റുന്നില്ല. ഞാൻ ഇരുന്നിടത്തു നിന്നെഴുന്നേറ്റു. സുഹൃത്ത് അപ്പോഴും ദൃഷ്ടി മാറ്റാതെ അവിടെത്തന്നെയിരിക്കുകയാണ്.**

സംഭാഷണങ്ങളും നടത്തുമ്പോൾ.. മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗത്തിലേർപ്പെടുമ്പോൾ.. പരീക്ഷയിൽ കോപ്പിയടിക്കുമ്പോൾ.. അധികാരികളുടെയും അധ്യാപകരുടെയും കുറ്റം പറയുമ്പോൾ.. നാമോർക്കണം, പിതാവായ ദൈവം നമ്മെ സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ടിരിക്കുന്നു. നമ്മുടെ പിതാവ് നമ്മുടെയൊരു തിരിഞ്ഞു നോട്ടത്തിനായി, പിതാവേ... എന്നുള്ള വിളിക്കായി കാത്തിരിക്കുകയാണ്. ധൂർത്തപുത്രന്റെ ഉപമയിൽ പറയുന്നപോലെ മനസ്സലിഞ്ഞ് ഓടിച്ചെന്ന് കെട്ടിപ്പിടിച്ച് ചുംബിക്കുവാനായി കാത്തിരിക്കുന്ന ഒരു പിതാവിന്റെ മുഖം എന്നും നമ്മുടെ മനസ്സിലുണ്ടായിരിക്കട്ടെ.

സുഹൃത്തിന്റെ മകൻ ഓടിയപ്പോൾ വലിയ ഭാവവ്യത്യാസമില്ലാതെ അദ്ദേഹം ഇരുന്നതിന്റെ കാരണം, തന്റെ മകനെ വേണ്ടരീതിയിൽ ശിക്ഷണനടപടികൾ നൽകിയാണ് വളർത്തിയതെന്ന, അദ്ദേഹത്തിനുണ്ടായിരുന്ന ഉറച്ച ബോധ്യമാണ്. ഒരു പക്ഷേ ഈയൊരു ചിന്താഗതിയായിരിക്കാം ഭൂരിഭാഗം മാതാപിതാക്കളെയും തങ്ങളുടെ മക്കൾ ഇങ്ങനെ ചെയ്യില്ല; ഇങ്ങനെയേ പെരുമാറൂ എന്നൊക്കെ പറയുവാൻ പ്രേരിപ്പിക്കുന്ന ഘടകം.

ആയതിനാൽ അൽപം വേദനിക്കുമെങ്കിലും പിന്നീട് സമാധാനവും സന്തോഷവും നല്കുമെന്ന ഉറച്ച വിശ്വാസത്തിൽ മക്കളെ വളർത്തുവാൻ മാതാപിതാക്കന്മാരും; തങ്ങൾക്കു നൽകുന്ന ശിക്ഷണ നടപടികൾ തങ്ങളുടെ നല്ലതിനു വേണ്ടിയാണെന്നുള്ള ബോധ്യത്തോടെ അതിന് സന്മനസ്സോടെ വിധേയപ്പെട്ട് തെറ്റുകൾ തിരുത്തുവാൻ യുവജനങ്ങളും തയ്യാറാകുമ്പോൾ നാം ദൈവിക പദ്ധതിയുടെ ഉത്തമ വക്താക്കളായി മാറുമെന്നതിൽ സംശയമില്ല.

“എല്ലാ ശിക്ഷണവും സന്തോഷപ്രദമെന്നതിനേക്കാൾ വേദനാജനകമായി തത്ക്കാലത്തേക്കു തോന്നുന്നു. എന്നാൽ അതിൽ പരിശീലിപ്പിക്കപ്പെട്ടവർക്കു കാലാന്തരത്തിൽ നീതിയുടെ സമാധാനപൂർവകമായ ഫലം ലഭിക്കുന്നു.” (ഹെബ്രാ 12,11) ■



ജോബി ബേബി, കുവൈറ്റ്



# കുവൈറ്റിൽ വച്ച് കൊറോണ രോഗം പിടിപെട്ട സമയത്തെ ദൈവിക സംരക്ഷണത്തിന്റെ അനുഭവങ്ങൾ:

കഴിഞ്ഞ ഡിസംബറിൽ ചൈനയിലെ വുഹാനിൽ ആരംഭിച്ച കൊറോണ എന്ന മഹാരോഗം ജൂണിൽ കുവൈറ്റിൽ താമസിക്കുന്ന എനിക്കും ഭാര്യയ്ക്കും വരുമെന്ന് സ്വപ്നത്തിൽ പോലും ഞങ്ങൾ കരുതിയില്ല. അത്യുന്നതന്റെ സംരക്ഷണവും ധാരാളം പേരുടെ പ്രാർഥനയുടെ ഫലവും അനേകം ആരോഗ്യപ്രവർത്തകരുടെ സഹായങ്ങളും ജീവിതത്തിൽ എടുത്ത ദൃഢനിശ്ചയമായ തീരുമാനങ്ങളും ശുഭചിന്തകളുമാണ് ഈ രോഗത്തെ തോൽപിക്കാൻ ഞങ്ങൾ രണ്ടുപേരെയും സഹായിച്ചത്. അതിലേറ്റവും പ്രധാനം അനേകം വൈദികർ ദിവ്യബലികളിൽ ഞങ്ങളെയോർത്ത് പ്രാർഥിച്ചതാണ്.

ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള ജീസസ് യൂത്ത് അംഗങ്ങളുടെ പ്രാർഥനകളും ജോലി ചെയ്യുന്നിടത്തെയും കൂടെ പഠിച്ചവരുടേയും പ്രാർഥനകളുമൊക്കെയുണ്ടായിരുന്നു. "തന്റെ തൂവലുകൾ കൊണ്ട് അവിടന്ന് നിന്നെ മറച്ചുകൊള്ളും. അവിടത്തെ ചിറകുകളുടെ കീഴിൽ നിനക്കഭയം ലഭിക്കും; അവിടത്തെ വിശ്വസ്തത നിനക്കു കവചവും പരിചയുമായിരിക്കും." 91-ാം സങ്കീർത്തനത്തിൽ പറയുന്നത് പോലെ കർത്താവിന്റെ കരുതൽ പ്രതിസന്ധികളെ തരണം ചെയ്ത് മുന്നോട്ടു പോകാൻ ഞങ്ങളെ സഹായിച്ചു. ഒരുപക്ഷേ ഈ അനുഭവങ്ങൾ ഇത്തരത്തിൽ പറയുമ്പോളായിരിക്കും അധികമാളുകൾക്കും ഞങ്ങളുടെ അമ്മയ്ക്കുപോലും ഞങ്ങൾക്ക് ഈ രോഗം വന്നിരുന്നുവെന്ന് അറിയാൻ കഴിയുകയുള്ളൂ.

ജൂൺ 25-ാം തീയതി വ്യാഴാഴ്ച നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് നാളെ വെള്ളിയാഴ്ച അവധിയാണല്ലോ എന്നുള്ള സന്തോഷത്തോടെ കൂടിയാണ് ജോലിസ്ഥലത്തുനിന്നും ഞാൻ റൂമിലേക്ക് മടങ്ങിയത്. എന്നാൽ റൂമിലേക്കുള്ള യാത്രാമധ്യേ എന്തോ ഒരു ക്ഷീണവും തൊണ്ടവേദനയും എനിക്കനുഭവപ്പെട്ടു. നിരന്തരം കൊറോണയെപ്പറ്റിയുള്ള വാർത്തകൾ കേൾക്കുന്നതിനാൽ ഉള്ളിലൊരു ഭയം എന്നെ വേട്ടയാടാൻ തുടങ്ങി. അപ്പോൾ രണ്ട് കാര്യങ്ങൾ എന്റെ മനസ്സിലൂടെ കടന്നുവന്നു. ഒന്ന്, എനിക്കു രോഗമുണ്ടെങ്കിൽ എന്റെ ഭാര്യയെ അതെങ്ങനെ ബാധിക്കാതെ നോക്കാം. കാരണം അവൾക്ക് മിക്ക മരുന്നുകളും അലർജിയാണ്. അങ്ങനെ സംഭവിക്കരുതേയെന്ന് പ്രാർഥിച്ചു. രണ്ട്, ഞാൻ യാത്ര ചെയ്യുന്ന വണ്ടിയിലെ മറ്റെല്ലാവരെയും ബാധിക്കാതെ നോക്കണം. ആയതിനാൽ ഞാൻ തനിച്ചൊരു സീറ്റിൽ നിലയുറപ്പിച്ചു.

ഞാൻ റൂമിലെത്തിയപ്പോൾ ഭാര്യ ഡ്യൂട്ടി കഴിഞ്ഞെത്തിയിരുന്നില്ല. എല്ലാ PPE-കളും മാറ്റി ഒന്ന് ഫ്രഷ് ആയി. കുറച്ച് നേരം വിശ്രമിക്കാൻ കിടന്നു. ലക്ഷണങ്ങൾ ഒരുമിച്ച് തുടങ്ങിയപ്പോൾ എന്റെ മനസ്സിലെ ഉത്കണ്ഠ കൂടി. ചുറ്റിലും കൂടുതൽ കൂടുതൽ രോഗികൾ ഓരോ ദിവസവും പോസിറ്റീവായി വന്നുകൊണ്ടിരിക്കുന്നു, ഇത് അപകട സാധ്യത കൂടുതലാക്കും. ഭാര്യ ഡ്യൂട്ടി കഴിഞ്ഞെത്തിയപ്പോൾ അവളെ ഇക്കാര്യമറിയിച്ചു. അവളോട് തൊട്ടടുത്ത റൂമിലേക്ക് മാറാനാവശ്യപ്പെട്ടു. അപ്പോഴും മനസ്സിൽ ഈശോയോട് ഒരു പ്രാർഥന മാത്രമേയുള്ളൂ, അവൾക്ക് രോഗം വരരുതേയെന്ന്.

അങ്ങനെ ഞാൻ സ്വയം ഒരു റൂമിൽ ഒറ്റപ്പെട്ടു. അന്ന് വൈകുന്നേരമായപ്പോൾ രോഗലക്ഷണങ്ങൾ കൂടിവന്നു. വരണ്ടതും പരുക്കനുമായ ചുമ, 39°c പനി, ശരീരം മുഴുവനും വേദന, ചെറിയൊരു വിറയലും തണുപ്പും അനുഭവപ്പെടാൻ തുടങ്ങി. അന്നു രാത്രി ഭാര്യയോട് പറഞ്ഞു, ലക്ഷണങ്ങൾ കണ്ടിട്ട് കൊറോണ തന്നെയാണെന്ന്. മരുന്ന് കഴിക്കുമ്പോൾ മാത്രമാണ് ഒരാശ്വാസം. മുട്ടിപ്പായി പ്രാർഥിക്കാൻ തുടങ്ങി. 27-ാം തിയതി രോഗം സ്ഥിരീകരിച്ചു. നഴ്സായിരുന്നതിനാൽകൂടി എന്റെ മനസ്സിലൊരു വല്ലാത്ത മരവിപ്പനുഭവപ്പെട്ടു. ഞാൻ മരിക്കുമോ? എന്റെ കുടുംബത്തിനെന്തു സംഭവിക്കും? ഞാനിത് അതിജീവിക്കുമോ? ഇങ്ങനെയുള്ള ചോദ്യങ്ങൾ എന്റെ മനസ്സിലൂടെ കടന്ന് പോകുമ്പോഴും പ്രാർഥന മാത്രമാണ് ഉള്ളിലുണ്ടായിരുന്നത്.




Photo by Tiffany Tertipes on Unsplash *(Edited)*

എന്റെ ദൈവം എന്നെ കൈവിടുകയില്ലെന്നുള്ള ചിന്ത ആശ്വാസം പകർന്നു. അതിനിടയിൽ ഭാര്യയ്ക്കും രോഗലക്ഷണങ്ങൾ കാണാൻ തുടങ്ങി. ആകെ തകർന്നു പോയി. സഹായത്തിനായി ആകെ ആശ്രയം ജീസസ് യൂത്ത് അംഗങ്ങൾ മാത്രം. നിരവധി പേർ ഓരോ സമയവും ഭക്ഷണങ്ങൾ റെഡിയാക്കി റൂമിന് പുറത്തു വച്ചിരിക്കും. ഭാര്യയുടെ ടെസ്റ്റ് റിസൾട്ടും പോസിറ്റീവായി. അനേകം പേർ ഫോണിലൂടെ ജോലിസ്ഥലത്തു നിന്നും മറ്റിടങ്ങളിൽ നിന്നും വിളിച്ച് ആശ്വാസം പകർന്നു.

ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിനാൽ ഭാര്യയ്ക്ക് അധിക ലക്ഷണങ്ങളുണ്ടായില്ലായെന്നത് ആശ്വാസമായി. മരുന്നുകൾ അധികമൊന്നും കഴിക്കേണ്ടി വന്നില്ല. ആരോഗ്യ പ്രവർത്തകരെന്ന നിലയിൽ രോഗികൾക്കായി സമർപ്പിക്കുന്ന അതേ പരിചരണം സ്വയം പ്രയോഗിക്കുകയായിരുന്നു. പലവിധമായ പരീക്ഷണങ്ങളിലൂടെ ജീവിതം കടന്നു പോകുമ്പോൾ ദൈവം എത്രമാത്രം നമ്മെ കരുതുന്നു വെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ, ചേരികളിലും മറ്റും താമസിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് ശാരീരിക അകലം പോലും എത്രമാത്രം ബുദ്ധിമുട്ടാണെന്നും ആ സമയങ്ങളിൽ ഞാൻ ചിന്തിച്ചു. പിന്നീടുള്ള സമയങ്ങളിൽ ദൈവ വചനം പങ്കിടാനും ഈശോയുടെ വീണ്ടെടുക്കലിന്റെ കഥകൾ കേൾക്കാനും ഇതുവരെ ചികിത്സയില്ലാത്ത രോഗത്തിനെതിരെ പോരാടാനും ചിന്തിച്ചു.

ജൂലൈ 12-ാം തീയതി രോഗലക്ഷണങ്ങൾ കുറയുന്ന തായി എനിക്ക് തോന്നി. ഭാര്യയുടെ രോഗലക്ഷണങ്ങൾ പൂർണമായും ഭേദപ്പെട്ടു. ജൂലൈ 16-ാം തീയതി ഭാര്യയ്ക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള ഒരു റീടെസ്റ്റ് പറഞ്ഞിരുന്നത് ചെയ്തു. ദൈവകൃപയാൽ റിസൾട്ട് നെഗറ്റീവായി. അടുത്ത ദിവസം മുതൽ അവൾ ജോലിയിൽ പ്രവേശിച്ചു. ജൂലൈ 20-ാം തീയതി എനിക്ക് ടെസ്റ്റ് വന്നു. അതും റിസൾട്ട് നെഗറ്റീവ്. ദൈവത്തിന് ഞാൻ നന്ദി പറഞ്ഞു. ജൂലൈ 25-ാം തീയതി മുതൽ തിരിച്ച് ജോലിയിൽ പ്രവേശിച്ചു. രോഗം എന്നെ തളർത്തിയില്ല, പകരം എന്നെ കൂടുതൽ ദൃഢനിശ്ചയവും അനുകമ്പയു മുള്ളവനാക്കി. ഈശോയുടെ ശക്തമായ ഇടപെടൽ ഒരു മഹാരോഗത്തിൽ നിന്നും സൗഖ്യം നൽകി ■

JESUS YOUTH MONTHLY REFLECTION

# അങ്ങ് ജീവശ്വാസം അയക്കുമ്പോൾ അവ സൃഷ്ടിക്കപ്പെടുന്നു; അങ്ങു ഭൂമുഖം നവീകരിക്കുന്നു.

*സങ്കീർത്തനങ്ങൾ 104,30*

*Prepared by: The Jesus Youth International Formation Team, Email: formation@jesusyouth.org*

## ആമുഖം

അസാധാരണമായ പ്രഖ്യാപനം! അത്ഭുത കരമായ പ്രഘോഷണം! അതിശയകരമായ അനുഭവസാക്ഷ്യം! ഈ സങ്കീർത്തന വചനം ഇതെല്ലാമാണ്. സൃഷ്ടിക്കുന്നതു ദൈവമാണ് (ഉത്പ 1,1). നവീകരിക്കുന്നതും ദൈവം (വെളി 21,5). സൃഷ്ടിക്കുന്നത് ഒന്നുമില്ലായ്മയിൽ നിന്നാണ് (ഉത്പ 1;2). നവീകരിക്കുന്നത് പഴയതിനെയും (എഫേ 4,22-23). ദൈവത്തിന്റെ സൃഷ്ടികർമത്തിന്റെ വൈഭവവും നന്മയും തനിമയും മനോഹാരിതയും ദർശിക്കുന്ന സങ്കീർത്തകന്റെ ഓരോ വാക്കിലും അതിശയവും ദൈവസ്തുതിയും നിറഞ്ഞു തുളുമ്പുന്നു. സങ്കീർത്തനം അവസാനിക്കുമ്പോൾ അത് ഉച്ചസ്ഥായിയിൽ കരകവിഞ്ഞൊഴുകുന്നു. ഒടുവിൽ, സ്വജീവിതം തന്നെ ആനന്ദ സങ്കീർത്തനമായി പരിണമിക്കുന്നു (സങ്കീ 104,33-35). സങ്കീർത്തകൻ ദാവീദ് തന്നെയാവണം, കാരണം 103-ാം സങ്കീർത്തന ശൈലി തന്നെയാണ് 104-നും. രണ്ടിലും പ്രതിബിംബിക്കുന്നത് ഒരേ ദൈവാനുഭവം തന്നെ

## വിചിന്തനം

മീവൽപക്ഷിയെപ്പോലെ ദൈവസാന്നിധ്യവും (സങ്കീ 84,3) മാൻപേടയെപ്പോലെ ദൈവാത്മാവിന്റെ നീർച്ചാലും (സങ്കീ 42,1) കുഞ്ഞാടിനെപ്പോലെ ഒന്നും കുറവില്ലാത്ത അവസ്ഥയും (സങ്കീ,23-1) കൊതിക്കുന്ന ജീസസ് യൂത്തിനും സങ്കീർത്തകന്റെ ദൈവാനുഭവ തീവ്രതയിൽ പങ്കുചേരാൻ വിളിയുണ്ട്. ഈ വിളിയും പ്രത്യുത്തരവും നമ്മുടെ ധ്യാന വിഷയമാവട്ടെ! ദൈവം തന്റെ സ്വന്തം കരങ്ങളായ പുത്രനെയും പരിശുദ്ധാത്മാവിനെയും (കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം 704) ചേർത്തു നിറുത്തിയാണ് സർവവും സൃഷ്ടിക്കുന്നതെന്ന് തിരിച്ചറിയുവാനും അതു ജീവിതത്തിലെ നിതാന്ത സ്തുതിഗീതമാകുവാനും ഈ ധ്യാനം സഹായിക്കട്ടെ.

സങ്കീർത്തകന്റെ ജീവിതത്തിലെ വലിയ വീഴ്ചയും തുടർന്നുണ്ടായ ഹൃദയപൂർവകമായ പ്രാർഥനയും (സങ്കീ 51,10) അതു സാധിച്ചതിന്റെ തെളിച്ചവുമാണ് ഈ വിവരണത്തിന്റെ പശ്ചാത്തലം. അയാൾ പുതിയ സൃഷ്ടിയായി, ജീവിതം നവീകരിക്കപ്പെട്ടു. വീഴ്ചയ്ക്കു ശേഷം തന്റെ ഹൃദയം ഒന്നിനും കൊള്ളില്ലല്ലോയെന്ന് അയാൾ സങ്കടപ്പെടുന്നുണ്ട്. പാപം അടക്കിവാണ ഹൃദയം കൊണ്ട് (മത്താ 15,19) ദൈവേഷ്ടമനുസരിച്ച് ജീവിക്കാൻ സാധിക്കില്ലെന്ന നഷ്ടബോധത്തിൽ അവൻ പ്രാർഥിച്ചു; എനിക്ക് ഒരു പുതിയ ഹൃദയം വേണം.

ദൈവാത്മാവ് നിറയുമ്പോൾ നാം ക്രിസ്തുവിലാകുന്നു. പഴയതു മാറി പുതുസൃഷ്ടിയാവുന്നു (2 കൊറി 5,17). ജീവിതത്തിൽ പുതുതായി സൃഷ്ടിക്കേണ്ടത് ഒന്നുമാത്രമേയുള്ളൂ: ഹൃദയം. ഒരുവൻ ക്രിസ്തുവിലാവുമ്പോൾ പഴയതു ചേരില്ല. പുതുഹൃദയം ദൈവം നമുക്കു തരുന്നു (എസെ 11,19). നാം എപ്പോഴെല്ലാം മാനസാന്തരപ്പെടുന്നോ (അപ്പ 2,38), യേശുവിനെ കർത്താവായി സ്വീകരിക്കുന്നുവോ (റോമ 10,9) അപ്പോഴെല്ലാം അവനെ പരമമായി സ്നേഹിക്കാൻ കഴിയുന്ന പുതുഹൃദയം ദൈവം തരുന്നുവെന്ന് തിരിച്ചറിയണം.

ദൈവത്തിന്റെ ഇടപെടൽ അതിശയകരമായ മാറ്റം സങ്കീർത്തകനിൽ ഉണർത്തുന്നു. ഭൂമുഖമൊന്നാകെ നവീകരിക്കപ്പെട്ടതായി അവൻ കാണുകയാണ്. ദാവീദിന്റെ കാലത്ത് ഭൂമുഖത്തിന് മാറ്റം വന്നതായി ചരിത്രം പറയുന്നില്ല. പക്ഷേ ദൈവം ഭൂമുഖം നവീകരിക്കുന്നുവെന്ന് സങ്കീർത്തകൻ പാടുന്നു. ഇവിടെയും ജീവിതാനുഭവമാണ് പ്രധാനം. പ്രപഞ്ചസൗന്ദര്യം കണ്ട് മട്ടുപ്പാവിൽ ഉലാത്തുമ്പോഴാണ് അവൻ പാപത്തിൽ വീണത്. അതിന്റെ പ്രത്യാഘാതത്തിൽ ഭൂമുഖം തീർത്തും പഴകിപ്പോയതായി അനുഭവപ്പെട്ടു. പിന്നീടൊരിക്കലും അവൻ ആ 'മട്ടുപ്പാവി'ലേക്കു കയറിയില്ല. നവചൈതന്യത്തിനായുള്ള പ്രാർഥന ദൈവം കേട്ടപ്പോൾ അവൻ പുനർജനിക്കപ്പെട്ടു. ഭൂമുഖം വീണ്ടും മനോഹരമായ അനുഭവമായി. ഇതിൽ പങ്കു ചേരുന്ന ഓരോരുത്തരും അസ്സീസിയിലെ വി. ഫ്രാൻസിസിനെപ്പോലെ ഈ പ്രകൃതിയെ നോക്കി ഉച്ചൈസ്തരം ഉദ്ഘോഷിക്കും, 'ലൗദാതോ സി, മി സിഗ്നോരേ!'-'എന്റെ കർത്താവേ, അങ്ങേയ്ക്കു സ്തുതി!' ഓരോ ജീസസ് യൂത്തും ഇത് ഏറ്റുപറയുമ്പോൾ നമ്മുടെ ഭൂമുഖവും നവീകരിക്കപ്പെടുകയാണ്!

എന്തൊക്കെയാണ് ജീവിതത്തിൽ നവീകരിക്കപ്പെടാനുള്ളത്? അത് ആന്തരിക മനുഷ്യനാണ് (2 കൊറി 4,16, എഫേ 3,16, റോമ 7,22-23) പ്രത്യേകിച്ച് മനസ്സ് (റോമ 12,2). ദൈവഹിതം തിരിച്ചറിയുന്നതിന് ഈ നവീകരണം അനിവാര്യമാണ്. പുത്തൻ ചക്രവാളങ്ങളും വലിയ വെല്ലുവിളികളും തേടി യുവസഹജമായ സാഹസികതയോടെ യേശുവിനെ തേടിയെത്തിയ ധനികനായ അധികാരി ഒന്നാം തരം ഉദാഹരണമാണ്.

['ക്രിസ്തു ജീവിക്കുന്നു' (ക്രിസ്ത്തൂസ് വിവിത്) - 18]

സഹാനുഭൂതിയുടെ വിപ്ലവത്തിലേക്കുള്ള കർത്താവിന്റെ വിളിയും അതിനു പ്രത്യുത്തരമായ പരിവർത്തനവും അവനു സ്വീകരിക്കാവുന്നതിനുമപ്പുറമായിരുന്നു. അതിലും പ്രധാനം അവന് സമ്പത്തും അധികാരവുമായിരുന്നു. പുതിയ തുടക്കത്തിന് അവൻ തയ്യാറായില്ല. ഫലമോ, ആ നടത്തവും കണ്ടുമുട്ടലും നഷ്ടമായിപ്പോയി (മർക്കോ 10,22).

ചുറ്റുപാടുകളോടും ലോകത്തോടും സ്വജീവിതത്താൽ കർത്താവിനെ പ്രഘോഷിക്കണമെങ്കിൽ പൂർണ പരിവർത്തനം ആഗ്രഹിക്കണം; നിരുപാധികവും ഉടനടിയുമുള്ള മാറ്റത്തിന് സന്നദ്ധമാവണം. ദൗത്യത്തിൽ പരാജയപ്പെടാതിരിക്കാൻ ഇത് സംഭവിച്ചേ മതിയാകൂ.

['ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' (ഗൗദാതേ യെറ്റ് എക്സാൾറ്റേറ്റ്) - 24]

സമർപ്പണത്തിലേക്ക് കർത്താവിന്റെ അതിസ്വാഭാവിക കൃപ ഇറങ്ങിവരുന്നു; സമർപ്പണം പൂർണമാവുന്നു. നിത്യയൗവനത്തിന് ഉടമയായ യേശു യൗവനയുക്തമായ ഹൃദയം നൽകും. വ്യക്തിജീവിതത്തിലും ചുറ്റുപാടിലും മറ്റുള്ളവരിലും പുതിയതു സൃഷ്ടിക്കുവാനും പഴയതു നവീകരിക്കുവാനും സാധിക്കും. അതേ; പരിശുദ്ധാത്മാവ് നയിക്കുമ്പോൾ ഈ മിഷണറി ദൗത്യവും നമ്മെ ഭരമേൽപിക്കുന്നു. യഥാർഥത്തിൽ ഭൂമിയിൽ ഞാൻ ഒരു മിഷണറിയാണ്. അതുകൊണ്ടാണ് തീർച്ചയായും ഇവിടെയായിരിക്കുന്നത്. ['ക്രിസ്തു ജീവിക്കുന്നു' (ക്രിസ്ത്തൂസ് വിവിത്) - 253, 254]

അതിനാൽ പ്രേഷിത ശിഷ്യത്വയാത്രയിൽ ഈ പ്രാർഥന ഹൃദയത്തിലെപ്പോഴും ഉയരട്ടെ: "ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ!" (സങ്കീ 51,10).

# ജപമാല വിശേഷങ്ങൾ



Photo by Josh Applegate on Unsplash



എലിസബത്ത് വി. എബ്രഹാം

ക്രിസ്ത്യാനി അല്ലേ നീ.. എന്നിട്ട് ജപമാല അണിയാത്തത് എന്താണ്? ചോദ്യം കേട്ട് അറിയാതെ കഴുത്തിൽ ഒന്ന് പരതി നോക്കി. ശ്ശോ.. ജപമാല ഇല്ലല്ലോ. കുറച്ചു വർഷങ്ങൾ പിന്നിലേയ്ക്ക് പോയിക്കഴിഞ്ഞാൽ കൊന്തയൊക്കെ കഴുത്തിലണിഞ്ഞു ഒരിക്കൽ പോലുമത് ചൊല്ലാതെ, എവിടെയെങ്കിലുംവച്ച് ജപമാല പ്രാർഥനയിൽ പങ്കുചേരേണ്ടിവന്നാൽ അസ്വസ്ഥമായിരുന്ന ഒരു കാലം എനിക്കുമുണ്ടായിരുന്നു. കേവലമൊരു അലങ്കാര വസ്തുവായി കൊന്തയെ പ്രതിഷ്ഠിച്ചിരുന്ന ഒരു ക്രിസ്ത്യാനി. എന്തൊരു വിരോധാഭാസം അല്ലേ... കഴുത്തിൽ നിന്നും ഹൃദയത്തിലേക്കുകൂടി നമ്മുടെ ജപമാല ഭക്തി വളർത്തേണ്ടതില്ലേ? ഒക്ടോബർ ജപമാലമാസമായി സഭ ആചരിക്കുന്ന അവസരത്തിൽ ജപമാലയെക്കുറിച്ച് അത്യാവശ്യം കുറച്ചു കാര്യങ്ങൾ അറിഞ്ഞിരിക്കണമല്ലോ.. അതിനുള്ള ഒരു ചെറിയ ഉദ്യമമാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

## കത്തോലിക്ക സഭയിൽ ഈ ഭക്തമുറ എങ്ങനെയാണു വന്നത്?

ആദിമക്രിസ്തീയ സന്യാസസമൂഹങ്ങളിൽ പ്രാർഥനകൾ ജപച്ചരടുകളുടെ സഹായത്തോടെ ചൊല്ലിയിരുന്നതായി ചരിത്രം രേഖപെടുത്തുന്നു. ജപമാല ക്രമപ്പെടുത്തിയിരിക്കുന്നത് മുഖ്യമായും കർതൃപ്രാർഥനയും (സ്വർഗസ്ഥനായ പിതാവേ..) മാലാഖയുടെയും എലിസബത്തിന്റെയും അഭിവാദനവും (നന്മ നിറഞ്ഞ മറിയമേ സ്വസ്തി) അടിസ്ഥാനമാക്കിയാണല്ലോ. തന്മൂലം അത് വിശ്വാസികളുടെ പ്രഥമ പ്രാർഥനയും പ്രഥമ ഭക്തിയും ആയിരുന്നു. എന്നിരുന്നാലും നാം ഇന്നു പയോഗിക്കുന്ന രീതിയിൽ ജപമാല തിരുസഭയ്ക്കു ലഭിച്ചത് 1214-ൽ വി. ഡൊമിനിക്കിലൂടെയാണ്. അൽബിജെൻസിയൻസിനെയും മറ്റു പാഷണ്ഡികളെയും മാനസാന്തരപ്പെടുത്തുന്നതിനുള്ള ശക്തമായ ഒരുപാധിയായി പരിശുദ്ധ കന്യാമറിയത്തിൽ നിന്നാണ് അദ്ദേഹത്തിന് ജപമാല ലഭിച്ചത്. പരിശുദ്ധ അമ്മയുടെ നിർദേശമനുസരിച്ചു വി. ഡൊമിനിക് അനേകരെ ജപമാല പ്രാർഥനയിലൂടെ പാഷണ്ഡതയിൽ നിന്നും രക്ഷിക്കുകയും ചെയ്തു. കാലക്രമേണ ജപമാല ഭക്തിയെ ലോകത്തിന്റെ നാനാഭാഗങ്ങളിലും എത്തിച്ചതും ഡൊമിനിക്കൻ സന്യാസസമൂഹമാണ്. വാഴ്ത്തപ്പെട്ട അലൻ ഡി ലാറോഷ് എഴുതിയ 'പരിശുദ്ധ ജപമാലയുടെ പ്രാധാന്യവും മനോഹാരിതയും' എന്ന പുസ്തകത്തിൽ വി. ഡൊമിനിക്കിന് ജപമാല ലഭിച്ച സംഭവത്തെ മനോഹരമായി വിവരിച്ചിട്ടുണ്ട്.

**ചൊല്ലിത്തീർക്കുന്ന ജപമാലകളുടെ എണ്ണത്തിലല്ല, ജപമാലയിൽ നമ്മുടെ ഹൃദയങ്ങളെ ചേർത്തു വയ്ക്കുന്നതിൽ ആവട്ടെ നമ്മുടെ ശ്രദ്ധ**

പൈശാചിക തന്ത്രങ്ങളിൽ നിന്നും സംരക്ഷണം തേടി ജപമാല ചൊല്ലുന്നത് വളരെ ഫലപ്രദമാണ്. ഇത് നാരകീയ ശക്തികളുടെ മേൽ പ. അമ്മയ്ക്കുള്ള അധികാരം തെളിയിക്കുന്നു. വത്തിക്കാനിലെ മുഖ്യ ഭൂതോച്ചാടകനായിരുന്ന ഫാ. ഗബ്രിയേൽ അമോർത്ത് ഉച്ചാടനകർമത്തിനിടയ്ക്ക് പിശാചുമായുണ്ടായ സംവാദത്തിൽ പിശാച് ഇപ്രകാരം പറഞ്ഞതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്: "മറിയത്തിന്റെ നാമം ഉച്ചരിച്ചുകേൾക്കുമ്പോൾ ഞാൻ വളരെ ഭയപ്പെടുന്നു കാരണം, സൃഷ്ടാവിന്റെ പ്രഹരത്തെക്കാളധികമായി ഒരു സൃഷ്ടിയായ മറിയത്തിന്റെ പ്രഹരം എന്നെ ലജ്ജിതനാക്കുന്നു."

മരിയ ഭക്തിയിൽ ചില തെറ്റിധാരണകൾ അടുത്തകാലത്തു പ്രചരിക്കുന്ന സാഹചര്യത്തിൽ ജപമാലയെക്കുറിച്ചു മനസ്സിലാക്കുമ്പോൾ പരിശുദ്ധ മറിയത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ അടിസ്ഥാനപരമായ പ്രബോധനങ്ങൾ കൂടി അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

ദൈവത്വത്തിന്റെ പൂർണത മുഴുവൻ ശാരീരികമായി ആരിൽ വസിക്കുന്നുവോ അവനെ ഗർഭം ധരിക്കാനാണ് പ. മറിയം ക്ഷണിക്കപ്പെട്ടത്. പരിശുദ്ധാത്മാവിന്റെ ദൗത്യം എപ്പോഴും പുത്രന്റെ ദൗത്യത്തോടു ബന്ധപ്പെട്ടിരിക്കുന്നതും അതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നതുമാണ്. കന്യാമറിയത്തിന്റെ ഉദരത്തെ പവിത്രീകരിക്കുവാനും അവളിൽ നിന്ന് എടുക്കപ്പെട്ട മനുഷ്യ പ്രകൃതിയിൽ പിതാവിന്റെ നിത്യ സുതനെ ഗർഭം ധരിക്കുവാനായി അവളെ സജ്ജീകരിച്ചുകൊണ്ടു ദൈവികമായി ഗർഭധാരണം സാധ്യമാക്കുവാനുമാണ് കർത്താവും ജീവദാതാവുമായ പരിശുദ്ധാത്മാവ് അയക്കപ്പെട്ടത് (CCC 484-485). ദൈവകൃപയാൽ മറിയം തന്റെ ജീവിതകാലം മുഴുവൻ വ്യക്തിപരമായ എല്ലാ പാപങ്ങളിൽ നിന്നും വിമുക്തയായിരുന്നു. മനുഷ്യപ്രകൃതി മുഴുവന്റെയും നാമത്തിൽ സമ്മതമറിയിച്ചപ്പോൾ നമ്മുടെ രക്ഷയിലും പ. അമ്മ ഉത്തരവാദിത്വം ഏറ്റെടുക്കുകയായിരുന്നു. അതായതു രക്ഷയിലേക്കുള്ള യാത്രയിൽ പ. അമ്മ നമുക്കു തുണയുണ്ട്. അതിനാൽ നാം അമ്മയോടൊന്നിച്ചു യേശുവിലേക്ക് യാത്ര ചെയ്യണം.

## മറിയം നമ്മുടെ ആത്മീയമാതാവ് ആകുന്നത് എങ്ങനെ?

മറിയത്തിന്റെ ഏകപുത്രൻ യേശുവാണ്; എങ്കിലും മറിയത്തിന്റെ ആധ്യാത്മിക മാതൃത്വം യേശു രക്ഷിക്കാൻ വന്ന സർവ മനുഷ്യരെയും ആശ്ലേഷിക്കുന്നതാണ്. മറിയം ലോകത്തിനു പ്രധാനം

ചെയ്ത പുത്രൻ അനേകം സഹോദരന്മാരിൽ പ്രഥമ ജാതനായി ദൈവം നിയോഗിച്ചവൻ തന്നെയാണ്. മാതൃസഹജമായ സ്നേഹത്തോടെ അവരുടെ ജനനത്തിലും രൂപീകരണത്തിലും അവൾ സഹകരിക്കുന്നു (CCC 501, LG-63) തന്റെ അനുസരണം മൂലം മറിയം ജീവിക്കുന്ന എല്ലാവരുടെയും അമ്മയായ നവീന ഹവ്വാ ആയി. കാരുണ്യവാനായ പിതാവിന്റെ തിരുഹിതം ഇപ്രകാരമായിരുന്നു: മനുഷ്യാവതാരത്തിനു മുൻപായി, മുൻകൂട്ടി തിരഞ്ഞെടുക്കപ്പെട്ട അമ്മയുടെ സമ്മതം ലഭിക്കണം. അങ്ങനെ ഒരു സ്ത്രീ മരണത്തിനു പങ്കുവഹിച്ചതുപോലെ ഒരു സ്ത്രീ ജീവനും പങ്കുവഹിക്കണം (LG 56)




2002-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ജപമാലയിൽ പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂട്ടിച്ചേർത്തു.

സൃഷ്ടികളിൽ വച്ചേറ്റവും പരിപൂർണയായവൾ പ. മറിയം മാത്രമാണ്. രക്ഷാകര പദ്ധതിക്കുവേണ്ടി പാപക്കറ കൂടാതെ അമലോത്ഭവയായി പിറന്നവൾ. ക്രിസ്തുവിന്റെ ജനനത്തിനുവേണ്ടി ഇത്രയധികം വിശുദ്ധീകരിക്കപ്പെട്ട പ. മറിയം അതിനാൽ തന്നെ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന നമുക്ക് ഏറ്റവും ഉറപ്പുള്ള മധ്യസ്ഥയാണ്. ലോകദൃഷ്ടിയിൽ ദുഃഖങ്ങൾ ഏറ്റുവാങ്ങിയപ്പോഴും ഉദരത്തിൽ മാത്രമല്ല ഹൃദയത്തിലും മറിയം ക്രിസ്തുവിനെ വഹിച്ചിരുന്നു. പരസ്യജീവിതത്തിനു മുൻപ് വരെയുള്ള കാലത്തു പുത്രന്റെ ദൈവത്വം ലോകത്തിനു മുന്നിൽ ദൈവഹിതപ്രകാരം മറയ്ക്കുകയും കാനായിലെ കല്യാണ വിരുന്നിൽ മഹത്വം അനാവൃതമാക്കുവാൻ അഭ്യർഥിക്കുകയും ചെയ്തു. പുത്രൻ എത്രത്തോളം ഉയർത്തപ്പെട്ടുവോ അത്രത്തോളം മറിയം സ്വയം താഴ്ത്തപ്പെട്ടു.

## ജപമാല പ്രാർഥന കാര്യസാധ്യത്തിനു വേണ്ടി മാത്രമോ?

ദൈവഹിതം തന്നിൽ നിറവേറട്ടെ എന്നുപറഞ്ഞു സ്വയം കീഴടങ്ങിയ ദൈവമാതാവിനെ നമ്മുടെ ജീവിതത്തിലെ ആവശ്യങ്ങൾക്കു വേണ്ടി മാത്രം സമീപിക്കുന്നത് യഥാർഥത്തിൽ അമ്മ അർഹിക്കുന്ന ആധ്യാത്മിക അധികാരത്തിന്റെ വിലകുറയ്ക്കലല്ലേ? ഓരോ വിശുദ്ധജീവിതവും നമുക്കു പാഠപുസ്തകങ്ങളാണ്. സഹനത്തിലും സ്നേഹത്തിലും ദൈവത്തോട് സമരസപ്പെട്ടതാണവരെ അൾത്താര വണക്കത്തിന് യോഗ്യരാക്കിയത്. ഏതൊരു വിശുദ്ധന്റെയോ വിശുദ്ധയുടെയോ മാധ്യസ്ഥം യാചിച്ചു പ്രാർഥിക്കുമ്പോഴും അവർ പരിശീലിച്ച പുണ്യജീവിതത്തിലേക്ക് ആകർഷിക്കപ്പെടുകയും അങ്ങനെ ആ മാതൃക പിന്തുടർന്ന് ക്രിസ്തുവിൽ ഐക്യപ്പെടുകയും വേണം.




ആകുലതകളിലും ദുഃഖങ്ങളിലും ഒരു ക്രിസ്ത്യാനി മാതൃകയാക്കേണ്ടത് മറിയത്തിന്റെ ജീവിതമാണ്. സഹനങ്ങൾ ഒഴിവാക്കാനുള്ള എളുപ്പവഴിയായി ജപമാലയെ നാം കരുതിയിട്ടുണ്ടെങ്കിൽ സഹനങ്ങളിൽ വെളിപ്പെടാനുള്ള ദൈവകൃപയെ സ്വീകരിക്കാനും അപ്രകാരം വിശുദ്ധിയുടെ പടവുകൾ കയറുവാനുമായി ഇനി ഓരോ ജപമാലയെയും കാഴ്ചവയ്ക്കാം. കാലിത്തൊഴുത്തു മുതൽ കാൽവരി വരെ യേശുവിനെ തുണച്ച പ. മറിയത്തോടു മാധ്യസ്ഥം യാചിക്കുമ്പോൾ നമ്മുടെ ജീവിതങ്ങളെ ദൈവത്തിനു പ്രീതികരമായ വാസസ്ഥലമാക്കുവാനുള്ള ദൈവമാതാവിന്റെ ഈ ക്ഷണം സ്വീകരിക്കാം.

“സ്വർഗത്തെയും ഭൂമിയെയും ബന്ധിപ്പിക്കുന്ന വലിയ ചങ്ങലയാണ് ജപമാല” എന്നാണ് ലിസ്യുവിലെ വി. കൊച്ചുത്രേസ്യ പറഞ്ഞിട്ടുള്ളത്. അമ്മയുടെ കൈ പിടിച്ചു രക്ഷാകര രഹസ്യങ്ങളിലേക്ക് നാം നടത്തുന്ന ഒരു യാത്ര തന്നെയാണത്. ഒരു സമ്പൂർണ ജപമാല ചൊല്ലി സമർപ്പിക്കുമ്പോൾ ഇപ്രകാരം ഒരു റൗണ്ട് നമ്മൾ പൂർത്തിയാക്കുന്നു. സഭ ക്രിസ്തുവിന്റെ മൗതിക ശരീരമാണെങ്കിൽ പ. അമ്മയെ അതിലെ ഹൃദയമായി കരുതാവുന്നതാണ്. ശിരസ്സാകുന്ന ക്രിസ്തുവിനെയും മറ്റു അവയവങ്ങളാകുന്ന നാമേവരെയും ഒന്നിച്ചു നിർത്തുന്ന മാതൃഹൃദയം. ചൊല്ലുന്ന ഓരോ ജപമാലയും നമ്മുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേയ്ക്കുയർത്തുന്ന നിശ്വാസങ്ങളാക്കി മാറ്റും. അങ്ങനെ വിശുദ്ധീകരണത്തിനുള്ള മാർഗമായി ഓരോ ജപമാലയും ഉയരട്ടെ.

ചൊല്ലിത്തീർക്കുന്ന ജപമാലകളുടെ എണ്ണത്തിൽ അല്ല, ജപമാലയിൽ നമ്മുടെ ഹൃദയങ്ങളെ ചേർത്തുവയ്ക്കുന്നതിൽ ആവട്ടെ നമ്മുടെ ശ്രദ്ധ. സ്വന്തം ആത്മാവിനെയും മറ്റുള്ളവരുടെ ആത്മാക്കളെയും ക്രിസ്തുവിലേക്ക് അടുപ്പിക്കുന്ന ഒരു പരിമളധൂപം പോലെ യാവട്ടെ നാം ഇനി മുതൽ അർപ്പിക്കുന്ന ജപമാലകൾ. കഴുത്തിൽ ജപമാല ധരിക്കുന്നവരിൽ നിന്നും ഹൃദയത്തിൽ ക്രിസ്തുവിനെ വഹിക്കുന്നവരിലേക്ക് അധികദൂരമില്ലല്ലോ.

*LG- Lumen Gentium*




ജപമാലയുടെ അസാധാരണ പ്രഘോഷകൻ –
വി. ലൂയിസ് ഡി മോൺഫോർട്ട്



ഷൈന ഹിലാരി



സിയോൺ ജോസഫ്










ജൂഹി എൽസ് ജോർജ്



സിന്റോ വി. വർഗീസ്

# ശാസ്ത്രജ്ഞനായ മാർപാപ്പ



ശാസ്ത്രജ്ഞനായ ഒരു മാർപാപ്പയെ കുറിച്ച് നമ്മൾ ആരെങ്കിലും പറഞ്ഞു കേട്ടിട്ടുണ്ടോ. കത്തോലിക്കാ സഭ ശാസ്ത്രത്തിനെതിരാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുന്നവരുടെ ഇടയിൽ നിന്ന് ഇതുപോലെ ഒരു വിവരം പറഞ്ഞു കേൾക്കുന്നത് ഒട്ടും എളുപ്പമുള്ള കാര്യമല്ല. **പോപ്പ് സിൽവസ്റ്റർ രണ്ടാമൻ** ആണ് ആ മാർപാപ്പ. ഫ്രാൻസിൽ ജനിച്ച പണ്ഡിതനും അധ്യാപകനുമായ അദ്ദേഹത്തിന്റെ യഥാർഥ പേര് ഗെർബെർട് ഓഫ് ഒറിലാക് എന്നായിരുന്നു.

999 മുതൽ 1003 വരെ അദ്ദേഹം കത്തോലിക്ക സഭയുടെ മാർപാപ്പ ആയിരുന്നു. ജ്യോതിശാസ്ത്രം, സംഗീതം ഗണിതശാസ്ത്രം, ലത്തീൻ സാഹിത്യം, തത്ത്വചിന്ത, ദൈവശാസ്ത്രം എന്നിവയിൽ അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യം ഉണ്ടായിരുന്നു. യൂറോപ്പിൽ ആദ്യമായി ദശാംശ സംഖ്യ സംവിധാനം അവതരിപ്പിച്ചത് സിൽവസ്റ്റർ രണ്ടാമൻ പാപ്പയാണ്. തന്റെ അബാക്കസിലൂടെ പാപ്പ അവതരിപ്പിച്ച പ്ലേസ്-വാല്യൂ സംവിധാനമാണ് ഇന്നും ഗണിതശാസ്ത്രത്തിൽ ഉപയോഗത്തിലിരിക്കുന്നത്. ആദ്യത്തെ മെക്കാനിക്കൽ ക്ലോക്ക് മാർപാപ്പയുടെ കണ്ടുപിടിത്തമായിരുന്നു. ശാസ്ത്രലോകത്തിൽ പത്രോസിന്റെ സിംഹാസനത്തിന്റെ കൈയൊപ്പു പോലും വീണിട്ടുള്ളപ്പോൾ ശാസ്ത്രത്തെയും വിശ്വാസത്തെയും ഒരുമിച്ചു ചേർക്കാൻ കഴിയില്ല എന്ന അബദ്ധ ധാരണകളെ നമുക്ക് ഒന്ന് പുനഃപരിശോധിക്കാം.

*കഴിഞ്ഞ മാസം ഇന്റർനെറ്റിൽ കൂടുതൽ ജനശ്രദ്ധ നേടിയതും സമൂഹത്തിനു ഉപകാരമുള്ളതും കൗതുകമുള്ളതുമായ വീഡിയോകൾ/പോസ്റ്റുകൾ എന്നിവ ഈ കോളത്തിൽ ശ്രീമതി എൽസീന ജോസഫ് പരിചയപ്പെടുത്തുന്നു. അതാതു ലിങ്കുകളും ചേർത്തിട്ടുണ്ട്.*

## കാഥികർ ഈ കന്യാസ്ത്രീകൾ

പോയ മാസം യൂട്യൂബിൽ തകർത്താടിയ കലാപ്രകടനം കാഴ്ചവച്ചത് സന്യസ്തരാണ്. സി.എം.സി. സന്യാസിനി സമൂഹത്തിലെ ഒരു സംഘം കലാകാരികൾ ചേർന്ന് അവതരിപ്പിച്ച കഥാപ്രസംഗം ഏറെ പ്രശംസ നേടുന്നു. ഇതിനോടകം രണ്ടര ലക്ഷത്തോളം ആളുകൾ കണ്ടുകഴിഞ്ഞ ബലിയെക്കാൾ വലുത് എന്ന കഥാപ്രസംഗത്തിന്റെ ലിങ്ക് ഇതോടൊപ്പം ചേർക്കുന്നു. youtu.be/ZsdkIS5HYg8




## മക്കളെ പഠനത്തിന് ചേർക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ഇപ്പോൾ പല കുടുംബങ്ങളിലേയും കണ്ണീരാണ്. കൊറോണക്കാലത്തെ ഈ കൊള്ളക്കെതിരെ എന്തു ചെയ്യണം എന്നതിനുള്ള ഉത്തരം ഈ വീഡിയോയിൽ ഉണ്ട്. റേഡിയോമാംഗോ എഫ്.എം-ലെ റേഡിയോ ജോക്കി നീനയാണ് ഈ പ്രോഗ്രാം അവതരിപ്പിക്കുന്നത്. youtube.com/watch?v=Zfao9jReFvA




## കാണണം ‘ദ സോഷ്യൽ ഡെലെമ’

സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവർക്കായി ഒരു ഡോക്യുമെന്ററി ‘ദ സോഷ്യൽ ഡെലെമ’. സോഷ്യൽ മീഡിയയിൽ സമയം ചെലവിടുന്നവർ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന സാങ്കേതിക വിദ്യ എത്രത്തോളം ആളുകളെ കീഴ്പ്പെടുത്തുന്നുവെന്നും ഇവിടെ അവതരിപ്പിക്കുന്നു. ഡോക്യൂമെന്ററിയുടെ സഹജ സ്വഭാവമായ പരുക്കൻ ഭാവത്തിൽ നിന്നും വ്യത്യസ്തമായി കണ്ടിരിക്കാൻ പ്രചോദനം തരുംവിധം തയ്യാറാക്കിയിരിക്കുന്ന ഡോക്യുമെന്ററി ആണ്. netflix പ്ലാറ്റ്ഫോമിൽ ഈ ഡോക്യൂമെന്ററി കാണാവുന്നതാണ്.

## താലിയും പവിത്രതയും

വിവാഹസമയത്തു വധു സ്വീകരിക്കുന്ന വെഞ്ചിരിച്ച താലിയുടെ പ്രത്യേകതയും മരണ ശേഷം ആ താലി എങ്ങനെ എന്തിനു വേണ്ടി ഉപയോഗിക്കുന്നുവെന്നും പറഞ്ഞു തരുന്നു നുറുങ്ങുവെട്ടം എന്ന പരിപാടിയുടെ 709-മത്തെ എപ്പിസോഡിൽ. ഇതുവരെയും താലിയുടെ പ്രാധാന്യം അത്ര ഗൗരവത്തിൽ മനസ്സിലാക്കിയിട്ടില്ലാത്ത പുതു തലമുറക്ക് ഉൾക്കാഴ്ച തരുന്ന അവതരണമാണ് അവതാരകനായ വൈദികൻ നടത്തുന്നത്. പ്രോഗ്രാം ഈ ലിങ്കിൽ കാണാവുന്നതാണ്: youtube.com/watch?v=Vx2HL5fl1pk

*കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായ ചിലത് കെയ്റോസ് വായനക്കാർക്കായി ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.*

## ഹൃദയം തൊട്ട അനുഭവക്കുറിപ്പുകൾ

ഇന്ന് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സാധാരണമാണ്. പതിറ്റാണ്ടുകൾക്കു മുൻപ് ഹൃദയം മാറ്റിവയ്ക്കുക എന്നു പറഞ്ഞാൽ അവിശ്വസനീയമായ കാര്യമായിരുന്നു. ആദ്യത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ലോകം മുഴുവൻ വാർത്തയായതാണ്. കേരളത്തിൽ ആദ്യത്തെ ശസ്ത്രക്രിയ നടന്നത് 2003 മേയ് മാസത്തിലാണ്. അതിനു നേതൃത്വം വഹിച്ചത് ഡോ. ജോസ് ചാക്കോ പെരിയപ്പുറവും. എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ വച്ചാണ് ഇതു നടന്നത്. മെഡിക്കൽ സയൻസ് രംഗത്ത് ഏറ്റവും വെല്ലുവിളി നിറഞ്ഞ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ അനുഭവങ്ങൾ സെപ്റ്റംബർ 6 മുതലുള്ള മനോരമ സൺഡേ സപ്ലിമെന്റിലെ നല്ല വായനാനുഭവമാണ്.

## പ്രാർഥനയെപ്പറ്റി ഒരു നല്ല പ്രഭാഷണം

ജോസഫ് പുത്തൻപുരയ്ക്കലച്ചന്റെ പ്രഭാഷണത്തിന് ധാരാളം കേൾവിക്കാരുണ്ട്. യുട്യൂബിലൂടെ അനേകായിരങ്ങൾ അദ്ദേഹം പറയുന്നത് ശ്രവിക്കുന്നു. ഈയടുത്ത കാലത്തു കേട്ട അദ്ദേഹത്തിന്റെ നല്ല




പ്രഭാഷണങ്ങളിലൊന്നാണ് പ്രാർഥിക്കുന്നവരും പ്രാർഥിക്കാത്തവരും തമ്മിലുള്ള വ്യത്യാസം എന്നത്. എങ്ങനെയാണ് പ്രാർഥിക്കേണ്ടത്? പ്രാർഥിക്കുന്നതു മുഴുവൻ ഫലിക്കുമോ? പ്രാർഥിക്കുമ്പോൾ പലവിചാരങ്ങൾ വന്നാൽ എന്തു ചെയ്യണം? എന്നു തുടങ്ങി നിരവധി ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് ഈ പ്രഭാഷണത്തിൽ നിന്നും നമുക്ക് ലഭിക്കുന്നത്.

## ക്രിസ്ത്യാനി ഇനി പ്രതിരോധത്തിന്റെ മാർഗം സ്വീകരിക്കണം

ഷെക്കെയ്ന ടെലിവിഷനിൽ ഫാ. റോയി കണ്ണൻചിറ നടത്തിയ പ്രസംഗം സമൂഹ മാധ്യമങ്ങളിൽ വൈറലാണ്. വിശ്വാസത്തിലേക്കു കടന്നു കയറുന്ന ഛിദ്രശക്തികൾ ഇന്നു നമ്മുടെയിടയിൽ നിറഞ്ഞിരിക്കുന്നു. വിശ്വാസത്തെ തകർക്കുന്ന ബന്ധങ്ങളെ തിരിച്ചറിയണമെന്നും അത്തരം ശക്തികളെ അകറ്റി നിറുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

## പ്രണയം, വിവാഹം - സമകാലിക പ്രവണതകൾ - വെബിനാർ



ജീസസ് യൂത്ത് കോഴിക്കോട് സോൺ നടത്തിയ വെബിനാർ പ്രണയത്തെപ്പറ്റിയും വിവാഹത്തെക്കുറിച്ചും നല്ല കാഴ്ചപ്പാടുകൾ നൽകുന്നതായിരുന്നു. പ്രത്യേകിച്ചും സിനിമാ സംവിധായകനും നടനുമായ സിജോയ് വറുഗീസിന്റെ അഭിപ്രായങ്ങൾ യുവജനങ്ങളെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. കുട്ടികളുടെ വിശ്വാസ പരിശീലനത്തിന്റെ ആവശ്യകതയും പ്രാർഥനയുടെ പ്രാധാന്യവുമൊക്കെ അദ്ദേഹം എടുത്തു പറഞ്ഞു. മാതാപിതാക്കളെ കണ്ണീരു കുടിപ്പിച്ചുകൊണ്ടുള്ള പ്രണയം ജീവിതത്തിൽ വിജയം വരിക്കാൻ കഴിയില്ലെന്നു അദ്ദേഹം വ്യക്തമാക്കി. സിനിമയിൽ സജീവമായ ഒരാൾ ഇങ്ങനെ പറയുമെന്ന് ചിലരെങ്കിലും പ്രതീക്ഷിച്ചു കാണില്ല.

## ചിരിരാജാവുമായിട്ടുള്ള അഭിമുഖം

ഫിയാത്ത് റേഡിയോ അവതരിപ്പിക്കുന്ന ഹാപ്പി ഡേയ്സിന്റെ ഒന്നാമത്തെ എപ്പിസോഡ് ഒന്നാംതരമായി. എപ്പോഴും പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന നിഖിൽ രാജുമായി ആർ.ജെ. ആൽഫി നടത്തിയ ഇന്റർവ്യൂ യുവജനങ്ങൾക്കു മാത്രമല്ല മുതിർന്നവർക്കും പ്രയോജനകരമാണ്. ഒരു ബൈക്ക് അപകടത്തിൽ കഴുത്തിനു താഴെ തളർന്നു പോയ വ്യക്തിയാണ് നിഖിൽ രാജ്. അപകടത്തിനു ശേഷം മൂന്നു മാസത്തോളം വെന്റിലേറ്ററിലായിരുന്നു. ഡോക്ടർമാർ വെറും പത്തു ദിവസത്തെ ആയുസ്സ് പറഞ്ഞ നിഖിൽ രാജ് ഇപ്പോൾ ഒൻപതു വർഷമായി വീൽചെയറിൽ ജീവിക്കുന്നു. ജീവിതത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ നമുക്ക് ഏറെ ഉപകാരപ്പെടും.

## പൂർണ ദണ്ഡവിമോചനം

കോവിഡ് കാലത്ത് പൂർണ ദണ്ഡവിമോചനം നേടാനുള്ള അവസരം സഭ നമുക്ക് നൽകിയിട്ടുണ്ട്. ഇത് എപ്പോൾ വേണമെങ്കിലും പിൻവലിക്കാനുള്ള സാധ്യതയുമുണ്ട്. സൺഡേ ശാലോം യുട്യൂബ് ചാനലിൽ ഫാ. അരുൺ വടക്കേൽ ഇക്കാര്യത്തെപ്പറ്റി പറയുന്നത് കേൾക്കുക.



സാജൻ സി.എ.




മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണമെന്നും മറ്റുള്ളവർ നിങ്ങൾക്കായി ചെയ്തുതരണമെന്നു ആഗ്രഹിക്കുന്നവ നിങ്ങളവർക്കായി ചെയ്യണമെന്നുമൊക്കെയുള്ള ദൈവവചനത്തിന്റെ ആഴവും അർഥവും ജീവിതാനുഭവങ്ങളിലൂടെ തിരിച്ചറിയുമ്പോഴായിരിക്കണം യഥാർഥ ജ്ഞാനം നമ്മിൽ പൊട്ടിമുളയ്ക്കുന്നത്. മനുഷ്യമനസ്സുകളിൽ രൂഢമൂലമായി കിടക്കുന്ന സ്വാർഥതയുടെ പരിണിത ഫലങ്ങൾ ഒരുവിധത്തിൽ പറഞ്ഞാൽ അവനവൻ തന്നെ അനുഭവിക്കണം. എല്ലാം നന്മയ്ക്കായി മാറ്റുമെന്ന് ദൈവം നൽകിയ ഉറപ്പ് ജീവിതത്തിൽ കാണുമ്പോളാണ് അക്ഷരാർഥത്തിൽ നമ്മൾ അത്ഭുതപരതന്ത്രരാകുന്നത്.

നിരവധി അവാർഡുകൾ സ്വന്തമാക്കിയിട്ടുള്ള ശ്യാമപ്രസാദിന് മികച്ച സംവിധായകനുള്ള കേരള സർക്കാരിന്റെ അവാർഡും ഫിലിം ഫെയറിന്റെ ദക്ഷിണേന്ത്യ അവാർഡും, ആൻ അഗസ്റ്റിനും ഫഹദ് ഫാസിലിനും മികച്ച നടീനടൻമാർക്കുമുള്ള അവാർഡുകളും കരസ്ഥമാക്കിയതാണ് ഈ സിനിമ. ശ്യാമപ്രസാദ് തന്നെ തിരക്കഥയെഴുതി സംവിധാനം ചെയ്ത് 2013-ൽ പുറത്തിറങ്ങിയ 'ആർട്ടിസ്റ്റ്' എന്ന മലയാള ചലച്ചിത്രം നിരവധിയുൾക്കാഴ്ചകൾ നമുക്ക് സമ്മാനിക്കുന്നുണ്ട്. പാരിതോഷ് ഉത്തമിന്റെ 'ഡ്രീംസ് ഇൻ പ്രഷ്യൻ ബ്ലൂ' എന്ന ഇംഗ്ലീഷ് നോവലിന്റെ ചലച്ചിത്രാവിഷ്ക്കാരമാണിത്.

ഒരു ഗോവൻ ബിസിനസുകാരന്റെ മകനായ മൈക്കിൾ ആഞ്ചലോ എന്ന ഒരു യുവ ആർട്ടിസ്റ്റിന്റെ, വ്യത്യസ്തങ്ങളായ രണ്ടു ജീവിത സന്ദർഭങ്ങളിലൂടെയാണ് ചിത്രം നമ്മെ കൂട്ടിക്കൊണ്ടുപോകുന്നത്. മാതാപിതാക്കളുടെ വാക്കുകളെ അത്രകണ്ട് ഗൗനിക്കാതെ സുഹൃത്തായ മൈക്കിളിനൊപ്പം ഒരുമിച്ചു ജീവിക്കാൻ പ്ലാൻ ചെയ്യുന്ന, ഒരു യാഥാസ്ഥിതിക ബ്രാഹ്മണകുടുംബത്തിലെ ഗായത്രിയെന്ന യുവതിയുടെ കഥകൂടിയാണിത്. വർത്തമാനകാലത്തിലെ ശരാശരി യുവമനസ്സുകളുടെ അഹംഭാവത്തെയും സ്വാർഥതയെയും കലാപരമായ ആവശ്യങ്ങളെയും അവരെങ്ങനെ നേരിടുന്നുവെന്നതും ചിത്രം വരച്ചുകാണിക്കുന്നുണ്ട്.

**ഗായത്രിയുടെ നിർദോഷമായ ഒരു ചെറിയ പ്രവർത്തി, കാഴ്ചയില്ലാത്ത മൈക്കിളിന്റെ മനസ്സിൽ വഞ്ചനയായ് തീരുന്നു. പൊറുക്കാൻ പറ്റാത്തവിധം ഇരുവർക്കുമിടയിൽ രൂപപ്പെടുന്ന പിരിമുറുക്കങ്ങൾ നമ്മെയും അസ്വസ്ഥരാക്കും.**

ഒരു റോഡപകടത്തിൽ കാഴ്ച്ചശക്തി നഷ്ടപ്പെടുന്ന മൈക്കിളിനെയും അവന്റെ നിറങ്ങളുടെ ലോകത്തെയും നെഞ്ചോട് ചേർത്തു പിടിക്കുന്ന ഗായത്രിക്ക്, പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടും മൈക്കിളിന്റെ കടുത്ത സ്വാർഥതയും അരക്ഷിതത്വമാണ് നൽകുന്നത്. തങ്ങളുടെ ജീവിതം ഒരുവിധം ബാലൻസിംഗാക്കുവാൻ ശ്രമിക്കുന്നതിനിടയിൽ ഗായത്രി ചെയ്ത നിർദോഷമായ ഒരു ചെറിയ പ്രവൃത്തി, കാഴ്ചയില്ലാത്ത മൈക്കിളിന്റെ മനസ്സിൽ വഞ്ചനയായി തീരുന്നു. പൊറുക്കാൻ പറ്റാത്തവിധം ഇരുവർക്കുമിടയിൽ രൂപപ്പെടുന്ന പിരിമുറുക്കങ്ങൾ നമ്മെയും അസ്വസ്ഥരാക്കും. ഗായത്രിയുടെ 'വഞ്ചന' മൈക്കിളിന് ആത്മസാക്ഷാത്കാരത്തിനും പുതിയജീവിതത്തിലേക്കുള്ള വാതിൽ തുറക്കുന്നതിനും കാരണമാകുന്നതാണ് സിനിമയുടെ ക്ലൈമാക്സ്.

കേന്ദ്രകഥാപാത്രങ്ങളായ മൈക്കിളിനെ ഫഹദ് ഫാസിലും ഗായത്രിയെ ആൻ അഗസ്റ്റിനും മികച്ച കൈയടക്കത്തോടെ നമുക്കുമുന്നിൽ അവതരിപ്പിച്ചിരിക്കുന്നു. ശ്രീറാം രാമചന്ദ്രൻ, സിദ്ധാർഥ് ശിവ, ശ്രിന്ദ അഷാബ് തുടങ്ങിയവരും പ്രധാന കഥാപാത്രങ്ങളാണ്.

പൊറുക്കപ്പെടാത്തതാണ് കാപട്യമെന്നോർക്കണം. ദാമ്പത്യജീവിതത്തിൽ മാത്രമല്ല, എല്ലാ വ്യക്തിബന്ധങ്ങളിലും നമ്മൾ പുലർത്തേണ്ടതാണ് കപടതയില്ലാത്ത പരസ്പര വിശ്വാസം. വിട്ടുവീഴ്ചാമനോഭാവം കൈവിട്ടുപോയാൽ ജീവിതത്തിൽ വീണുപോകാൻ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള സാർവലൗകിക നന്മകളെ ഉയർത്തിക്കാട്ടുന്ന ചിത്രം പേരുപോലെതന്നെ, ഒരാർട്ടിസ്റ്റിന്റെ മനോഹരമായ പെയിന്റിങ് പോലെ നല്ലൊരു കാഴ്ചയനുഭവമാണ് നമുക്ക് നൽകുന്നത്.



അനിതാ ബാബു

*ലേഖിക പാലാ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയാണ്. anithajcyriac@gmail.com*




എന്റെ ഒരു സുഹൃത്ത് കുറച്ചുകാലം മുൻപ് ഒരു നാസി കോൺസെൺട്രേഷൻ ക്യാംപ് സന്ദർശിച്ച അനുഭവം വിവരിച്ചു. അനേകം ആളുകൾ കൊല്ലപ്പെടുകയും നരകയാതന അനുഭവിക്കുകയും ചെയ്ത സ്ഥലത്ത് ഇപ്പോഴും ഗദ്ഗദങ്ങൾ തളം കെട്ടിനിൽക്കുന്നത്രേ! ഗ്യാസ് ചെയ്മ്പറുകളും പീഡനമുറികളും മരണപ്പെട്ടവരുടെ ചിത്രങ്ങളും കണ്ട് ഉള്ളം കനപ്പെട്ട്, കണ്ണുനീരൊഴുക്കിയാണ് മിക്ക സന്ദർശകരും അവിടം വിടുന്നത്. മനുഷ്യർക്ക് എത്ര ക്രൂരരാകുവാൻ സാധിക്കും എന്നതിന്റെ ചരിത്ര സ്മാരകങ്ങളാണ് ഒരു ജനതയെ മുഴുവൻ 'Systematically dehumanise' ചെയ്യുവാൻ പടുത്തുയർത്തിയ ഈ സംവിധാനങ്ങൾ. പക്ഷേ, നാസി കാലഘട്ടം ക്രൂരതയുടേതെന്ന പോലെ ധീരതയുടെയും ത്യാഗത്തിന്റെയും അതിജീവനത്തിന്റെയും കഥകളും അവശേഷിപ്പിച്ചിട്ടുണ്ട്. കുപ്രസിദ്ധമായ ഓഷ്വിറ്റ്സ് ക്യാംപിൽ നിന്ന് മോചിപ്പിക്കപ്പെട്ട്, ഇപ്പോൾ വാർധക്യത്തിലെത്തിയ കുറച്ചു പേരുടെ ഒരു ഡോക്യുമെന്ററി ഈയിടെ കണ്ടു. പഴയ ഓർമകളാൽ ഇപ്പോഴും വേട്ടയാടപ്പെടുന്നുണ്ടെങ്കിലും ശാന്തഭാവത്തോടെ അവർ സംസാരിക്കുന്നത് ക്ഷമയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചുമാണ്. പീഡനത്തിന്റെ കറുത്ത നാളുകളിലും ജീവൻ നിലനിറുത്തുവാനും ഭാവിയെക്കുറിച്ച് സ്വപ്നം കാണുവാനുമുള്ള തങ്ങളുടെ ശ്രമങ്ങളെക്കുറിച്ചുള്ള അവരുടെ വിവരണങ്ങൾ കാഴ്ചക്കാരിൽ പ്രത്യാശ നിറയ്ക്കുന്നു.

Be a Survivor. In the process you will become a light for someone else's pathway.

അമേരിക്കയിലെ പ്രശസ്തമായ Crystal Cathedral-ന്റെ സ്ഥാപകനായ Robert H Schuller പ്രശസ്തനായ ഒരു പാസ്റ്ററും പ്രഭാഷകനുമാണ്. അമേരിക്ക ഏറ്റവും രൂക്ഷമായ സാമ്പത്തിക മാന്ദ്യത്തിലൂടെ കടന്നുപോയ 1982 കാലഘട്ടത്തിൽ ഒരു പ്രഭാഷണത്തിനായി സ്വന്തം ജന്മനാട്ടിലേക്ക് അദ്ദേഹം ക്ഷണിക്കപ്പെട്ടു. സാമ്പത്തികമായി തകർന്ന്, പ്രതീക്ഷ നശിച്ച് മ്ലാനഭാവത്തോടെ നിന്ന ഒരുപറ്റം ആളുകളോട് താൻ ഒരുങ്ങി തയ്യാറായിവന്ന് പ്രസംഗം പറയുന്നത് തികച്ചും അനൗചിത്യമായിരിക്കുമെന്ന് അദ്ദേഹത്തിന് മനസ്സിലായി. പകരം അദ്ദേഹം അവരുമായി പങ്കുവച്ചത് സ്വന്തം പിതാവിന്റെ അതിജീവനത്തിന്റെ കഥയാണ്. രൂക്ഷമായ വരൾച്ചയും സർവതും നശിപ്പിച്ച ചുഴലിക്കാറ്റും ദാരിദ്ര്യവും കഷ്ടപ്പാടുമെല്ലാം പാറപോലെ ഉറച്ച വിശ്വാസത്താലും നിശ്ചയദാർഢ്യത്താലും അതിജീവിച്ച കഥ. കഷ്ടപ്പാടിന്റെ ദിനങ്ങൾ കടന്നു പോകുന്നതാണെന്നും അതിജീവിക്കാവുന്നതാണെന്നുമുള്ള സന്ദേശം കൊടുത്ത് പ്രസംഗം അവസാനിപ്പിക്കുമ്പോൾ ശ്രോതാക്കൾ ആത്മവിശ്വാസത്താൽ നിറഞ്ഞിരുന്നു. ഈ അനുഭവമാണ് Tough Times Never Last But Tough People Do! എന്ന പുസ്തകം എഴുതുവാനുള്ള പ്രചോദനം. പുസ്തകത്തിന്റെ ആരംഭത്തിൽ അദ്ദേഹം പങ്കുവയ്ക്കുന്ന അതിജീവന കഥകളിൽ ഒന്നിലെ നായിക, ടീനേജ് പ്രായത്തിൽ ഒരപകടത്തിൽപ്പെട്ട് ഒരു കാൽ മുറിച്ചു മാറ്റേണ്ടി വന്നിട്ടും സ്വപ്നങ്ങൾ എത്തിപ്പിടിച്ച സ്വന്തം പുത്രി തന്നെയാണ്. തുടർന്ന് വെല്ലുവിളികളുടെ പൊതുസ്വഭാവങ്ങളും അവയെ നേരിടുവാനുള്ള തത്വങ്ങളും അദ്ദേഹം വിവരിക്കുന്നു. അദ്ദേഹത്തിന്റെ 'The Possibility Thinking Path' എന്ന ഫിലോസഫിയുടെ കാതൽ Faith ആണ്. 'Faith in God Our Creator.'

ഈ പുസ്തകത്തിന്റെ ശീർഷകം തന്നെ ഈ കാലഘട്ടത്തിന് വളരെ അനുയോജ്യമാണ്. കൊറോണയും പ്രളയവും സാമ്പത്തിക മാന്ദ്യവും ഒത്തൊരുമിച്ച് മുമ്പെങ്ങുമില്ലാത്ത ഞെരുക്കങ്ങൾ സൃഷ്ടിക്കുമ്പോൾ അതിജീവനത്തിന് ശ്രമിക്കാതെ പിൻവാങ്ങിയവരിൽ നമ്മുടെ ആരാധനാപാത്രങ്ങളും മാതൃകാ വ്യക്തിത്വങ്ങളും ഉണ്ട്. ഈ സാഹചര്യത്തിൽ Robert H Schuller-ന്റെ ഈ പുസ്തകം നമുക്ക് മാർഗദീപമാണ്. അദ്ദേഹത്തിന്റെ ശബ്ദത്തിൽ പ്രതിധ്വനിക്കുന്നതാകട്ടെ ഹബക്കുക്ക് പ്രവാചകന്റെ വിശ്വാസദാർഢ്യവും.

അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും ഒലിവു മരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും (ഹബ 3,17).

വാർത്താവിചാരം



സണ്ണി കോക്കാപ്പിള്ളിൽ

*ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള കെയ്റോസിന്റെ കാഴ്ചപ്പാടുകൾ ഈ പംക്തിയിലൂടെ സംവദിക്കുകയാണ് പ്രഭാഷകനും വിവിധ ഗ്രന്ഥങ്ങളുടെ രചയിതാവുമായ ലേഖകൻ.* sunnykokkappillil@gmail.com

# തലതിരിഞ്ഞ മാധ്യമസംസ്കാരം

സ്വതന്ത്ര ഭാരതത്തിൽ ഏറ്റവും കൂടുതൽ ജീവൻ നഷ്ടപ്പെട്ട സാഹചര്യമാണ് കോവിഡ് വരുത്തിയിരിക്കുന്നത്. ഇപ്പോഴത്തെ നില തുടർന്നാൽ ഒക്ടോബർ കഴിയുന്നതിനു മുൻപ് ലോകത്ത് ഏറ്റവും കൂടുതൽ രോഗികളുള്ള രാജ്യമായി ഇന്ത്യ മാറും. രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം (ജിഡിപി) 23.9 ശതമാനം ഇടിഞ്ഞതായാണ് ഇപ്പോഴത്തെ കണക്കുകൾ. ഏറ്റവും കൂടുതൽ കോവിഡ് രോഗികളുള്ള അമേരിക്കയിൽ ഇത് 9.5 ശതമാനം മാത്രമാണ്. ഇന്ത്യയിലെ തൊഴിൽ നഷ്ടം വിവിധ ഏജൻസികൾ നൽകുന്ന കണക്കു പ്രകാരം 10 ശതമാനത്തോളമായി വർധിപ്പിച്ചിരിക്കുന്നു. സ്വകാര്യ മേഖലയിൽ പല സ്ഥാപനങ്ങളിലും വേതനം ഗണ്യമായി കുറച്ചു.

ഏതാനും വർഷങ്ങൾക്കു മുൻപുവരെ വെള്ളപ്പൊക്കം, വരൾച്ച എന്നൊക്കെ പറഞ്ഞുകൊണ്ട് ധാരാളം ഭിക്ഷക്കാർ നമ്മുടെ വീടുകളിൽ വരുമായിരുന്നു. അതിൽ കുറെയൊക്കെ വാസ്തവമുണ്ടായിരുന്നുതാനും. എന്നാൽ 2000-ത്തിനു ശേഷം വൻ സാമ്പത്തിക കുതിപ്പ് ഇന്ത്യ കൈവരിച്ചു. പഴയ കാലം വച്ചു നോക്കുമ്പോൾ ദാരിദ്ര്യം വളരെ കുറഞ്ഞു. തൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് എന്തെങ്കിലും ജോലി ഇവിടെയുണ്ടായിരുന്നു. എന്നാൽ, 2014 നവംബറിൽ പ്രഖ്യാപിച്ച നോട്ടു നിരോധനവും ഈ വർഷം മാർച്ചിലാരംഭിച്ച ലോക്ഡൗണും കൂടി ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ തകർത്തു കളഞ്ഞു. ഇന്ന് ഒട്ടുമിക്ക മേഖലകളും വൻ തകർച്ചയിലാണ്. ഭക്ഷണമൊഴികെയുള്ള ചെലവുകൾക്ക് തുക കണ്ടെത്താൻ വലിയൊരു ഗണം ജനങ്ങൾ ക്ലേശിക്കുകയാണ്. പാവങ്ങൾക്ക് സൗജന്യമായോ നിസ്സാര വിലയ്ക്കോ അത്യാവശ്യ ധാന്യം കിട്ടുന്നതുകൊണ്ട് പലരും വിശപ്പടക്കി മുന്നോട്ടു പോകുന്നു.

ഇത്തരമൊരു സാഹചര്യത്തിൽ, ഈവിധ കാര്യങ്ങളെപ്പറ്റിയുള്ള യാതൊരാകുലതയും ഇന്ത്യയിലെ മാധ്യമങ്ങൾക്കില്ലായെന്നത് ഖേദകരമാണ്. അവരിപ്പോഴും സുശാന്ത് സിങ് എന്ന സിനിമാനടന്റെ ആത്മഹത്യയുടെ പുറകെയും കൂടെ താമസിച്ചുകൊണ്ടിരുന്ന റിയ ചക്രവർത്തി എന്ന താരസുന്ദരിയുടെ അറസ്റ്റിന്റെയും പിന്നാലെ നടക്കുന്നു. മുംബൈയിൽ അനധികൃതമായി നടത്തിയ നിർമാണം പൊളിച്ചതിനാൽ മഹാരാഷ്ട്രാ സർക്കാരുമായി യുദ്ധം പ്രഖ്യാപിച്ച കങ്കണ റണൗത്ത് എന്ന നടിയെ ഏറ്റവും വലിയ ഹീറോയിനായി മാധ്യമങ്ങൾ ആഘോഷിക്കുന്നു.

തൊഴിലും ഭക്ഷണവുമില്ലാതെ ജനം വലയുമ്പോൾ ഇത്തരം കാര്യങ്ങൾ നോക്കിയിരുന്നാൽ മതിയെന്നായിരിക്കും ഇന്ത്യയിലെ ബഹുഭൂരിപക്ഷം മാധ്യമങ്ങളും വിചാരിക്കുന്നത്. മദ്യത്തിനും മയക്കുമരുന്നിനും ലൈംഗികാധഃപതനത്തിനും കേളികേട്ട താരനിരയുടെ ജീവിതത്തിന്റെ പിന്നാമ്പുറ രഹസ്യങ്ങൾ വാരിവിതറി രാജ്യം അഭിമുഖീകരിക്കുന്ന സുപ്രധാന വിഷയങ്ങളിൽ നിന്നും ജനങ്ങളുടെ ശ്രദ്ധ തിരിക്കുന്ന നട്ടെല്ലില്ലാത്ത മാധ്യമങ്ങൾ ആരെയൊക്കെ രക്ഷിക്കാനാണ് ഇതൊക്കെ നത്തുന്നതെന്ന് സൂക്ഷ്മതയോടെ വീക്ഷിക്കുന്നവർക്ക് മനസ്സിലാക്കാൻ പ്രയാസമില്ല.

## ഓണാഘോഷത്തിന്റെ പൊല്ലാപ്പുകൾ

ഇക്കഴിഞ്ഞ ദിവസങ്ങളിൽ സമൂഹ മാധ്യമങ്ങളിൽ വളരെയേറെ ചർച്ച ചെയ്യപ്പെട്ട സംഭവമാണ് നെടുംകുന്നം സെന്റ് തെരേസാസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് സി. ദിവ്യയ്ക്കുണ്ടായ അനുഭവം. കുട്ടികൾക്ക് വാട്സാപ്പിലൂടെ ഓണാശംസകൾ നേർന്നതാണ് പ്രശ്നമായത്. ആശംസയിൽ വാമനമൂർത്തിയെ ഇകഴ്ത്തിക്കാണിച്ചെന്നാണ് സംഘപരിവാറുകാർ ആരോപിച്ചത്. പുണ്യപുരുഷനായ മാവേലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തിയതിനാൽ വാമനനെപ്പറ്റി എതിർമനോഭാവമാണ് മിക്കവരുടെയും മനസ്സിലുള്ളത്. മുൻകാലങ്ങളിൽ സ്കൂളിൽ പഠിച്ച കഥ അങ്ങനെയായിരുന്നു. അതുകൊണ്ട് വാമനൻ ഒരു വില്ലൻ കഥാപാത്രമായാണ് പലരും മനസ്സിലാക്കിയിട്ടുള്ളത്. മഹാവിഷ്ണുവിന്റെ അഞ്ചാമത്തെ അവതാരമായ വാമനൻ മാവേലിയെപ്പോലെ ഒരു നല്ല ഭരണാധികാരിയെ പാതാളത്തിൽ ചവിട്ടിത്താഴ്ത്തിയത് ചെറുപ്പകാലത്ത് ഒരുപാട് സംശയങ്ങൾക്കും ചോദ്യങ്ങൾക്കും കാരണമായിട്ടുണ്ട്. പക്ഷേ, ഇപ്പോഴല്ലേ കാര്യങ്ങളൊക്കെ ശരിക്കും പിടികിട്ടുന്നത്. തൃക്കാക്കരയപ്പൻ വാമനമൂർത്തിയും മാവേലി അവിടത്തെ വെറുമൊരു ഉപദേവത മാത്രവുമാണെന്നും തിരിച്ചറിയാൻ വൈകി. ഓണപ്പൂക്കളം പോലും തൃക്കാക്കരയപ്പനുമായി ബന്ധപ്പെട്ട അനുഷ്ഠാനമാണ്.

പിന്നെ, ആരാണ് ഹിന്ദുക്കളുടെ മതാനുഷ്ഠാനത്തെ കേരളത്തിന്റെ ദേശീയോത്സവമാക്കി മാറ്റിയത്? കാർഷിക ഉത്സവമാണെന്നു



Photo by Milan Manoj on Unsplash

പറഞ്ഞത്? ഏതൊക്കെയോ സർക്കാരുകൾ അങ്ങനെ തീരുമാനിച്ചു. ഏതാണ്ട് അൻപതു വർഷങ്ങൾക്കു മുൻപ് നമുക്കും മാപ്പിള മാർക്കും ഒരുദിവസം ഓണമാഘോഷിക്കാമെന്ന് എന്റെ പിതാവി ന്റെ അമ്മ പറയാറുണ്ടായിരുന്നു. അങ്ങനെ ഓണമാഘോഷിച്ച് എല്ലാ മലയാളികളുടെയും ദേശീയ ഉത്സവമായി അതുമാറി. ഹിന്ദുക്കളുടെ ഈ മതാചാരത്തെ പൊതുസമൂഹത്തിലേക്കു മാത്രമല്ല, ക്രൈസ്തവാചാരങ്ങളിലേക്കും പിന്നെ പിടിച്ചു കയറ്റി. എറണാകുളത്തൊരു പള്ളിയിൽ ഓണക്കുർബാന വരെ നടന്നു. അൾത്താരയ്ക്കു മുൻപിൽ പോലും ചില ദേവാലയങ്ങളിൽ പൂക്കളമിടുന്നത് സാധാരണയായി. ചിലയിടങ്ങളിൽ വിശ്വാസ പരിശീലനം പോലും മാറ്റിവച്ച് ഓണമത്സരങ്ങൾ അതായത്, വടംവലി, ഗെയിംസ്, ഓണപ്പാട്ടുമത്സരം, പൂക്കളമത്സരം എന്നു തുടങ്ങി ഓണാഘോഷപരിപാടികൾ ഗംഭീരമായി നടത്തുന്നു. ചില ദേവാലയങ്ങളിൽ ദിവ്യബലി കഴിഞ്ഞ് മാവേലിയുടെ എഴു ന്നെള്ളത്തും നടത്താറുണ്ട്. ഇതിനിടയിൽ തന്ത്രപരമായി ക്രിസ്തു രാജന്റെ തിരുനാളാഘോഷം ഇല്ലാതാക്കുകയും ചെയ്തു. അല്ലെങ്കിൽ പേരിനു മാത്രമാക്കി ചുരുക്കിക്കളഞ്ഞു.

മാവേലിയുടെ ബലിയെ ക്രിസ്തുവിന്റെ ബലിയോടുപമിച്ചതാണ് സി. ദിവ്യയ്ക്കു പറ്റിയ അമളി. അവസാനം അറിവില്ലാതെ സംഭവിച്ചതാണെന്ന് മാപ്പു പറയുകയും ചെയ്തു. ഈ വർഷം എനിക്ക് ദേവാലയത്തിൽ നിന്നും, സൺഡേ സ്കൂളിൽ നിന്നും നിരവധി ജീസസ് യൂത്ത് മിനിസ്ട്രികളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും ബന്ധുക്കളിൽ നിന്നുമൊക്കെ അനേകം ഓണാശംസകൾ ലഭിച്ചു. ഞാനാർക്കും ഓണാശംസ കൾ പകരം നേർന്നില്ല. കാരണം, ഹിന്ദുക്കളുടെ ഒരാചാരത്തെ വികലമാക്കി നാമെന്തിനാണ് ഏറ്റെടുക്കുന്നത്?

ഇതിനിടയിൽ മൂവാറ്റുപുഴ ക്ളാരമഠത്തിലെ സി. ഇൻഫന്റ് ട്രീസ സൂര്യനമസ്കാരം പഠിപ്പിച്ചത് സംഘപരിവാറിന്റെ എതിർപ്പിനു കാരണമായി. ഇപ്പോഴത് ക്രൈസ്തവത്കരിച്ച് യേശു നമസ്കാര മാക്കി മാറ്റി പരിശീലിപ്പിക്കുന്നു. പ്രിയരേ, സമൂഹത്തിൽ ഇക്ക ഴിഞ്ഞ നാളുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ മാറ്റത്തെ നാം കാണാതെ പോകരുത്. കേരളം വർഗീയമായി വളരെയധികം ചേരിതിരിഞ്ഞു കൊണ്ടിരിക്കുന്നു. അതുകൊണ്ട് മറ്റു മതങ്ങളിലെ ആചാരങ്ങളെ പുൽകാതെ അവനവന്റെ മതാചാരങ്ങൾക്ക് പ്രാധാന്യം നൽകുക. മതേതരത്വത്തിന്റെ പേരു പറഞ്ഞ് അവന വന്റെ ആചാരങ്ങളിൽ വെള്ളം ചേർക്കാതിരിക്കുക. മറ്റു മതസ്ഥ രുടെ അനുഷ്ഠാനങ്ങളെ ഏറ്റെടുത്തു കൊണ്ടല്ല സൗഹാർദം പ്രകടിപ്പിക്കേണ്ടത്. നാം നടത്തുന്ന ഓണാഘോഷവുമായി ബന്ധപ്പെട്ട പരിപാടികൾ ഹൈന്ദവർക്കു വികലമായി തോന്നുന്നു വെങ്കിൽ അവരെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ആവശ്യമില്ലാ ത്തത് ഏറ്റെടുക്കാതിരിക്കുക. മാതാവിന്റെ സ്വർഗാരോപണ തിരുനാൾ, കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ, ക്രിസ്തുരാ ജന്റെ തിരുനാൾ തുടങ്ങിയവയൊക്കെ കുറച്ചു കൂടി ആഘോഷ ത്തിനു വിഷയമാക്കുക. ഇതെല്ലാം സന്തോഷിക്കാനുള്ള കാര്യങ്ങളാണല്ലോ. ഇവയൊക്കെ ഉണ്ണിയേശുവില്ലാത്ത ക്രിസ്മസ് പപ്പയുടെ ആഘോഷം പോലെ ആകരുതെന്നു മാത്രം. നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ക്രിസ്തീയതയെ തിരിച്ചെടുക്കാൻ ഇവയൊക്കെ കാരണമാകട്ടെ.

## ജനങ്ങളോടുകൂടെ ഒരു നേതാവ്

ഒരേ മണ്ഡലത്തിൽ നിന്നു തുടർച്ചയായി 50 വർഷം നിയമസ ഭയിൽ പ്രതിനിധീകരിക്കുകയെന്ന അപൂർവ നേട്ടത്തിനുടമ യാണ് ശ്രീ. ഉമ്മൻ ചാണ്ടി. നിരവധി പത്രങ്ങൾ അദ്ദേഹത്തെപ്പറ്റി പ്രത്യേക പതിപ്പുകൾ ഇറക്കി. പല ചാനലുകളും സ്പെഷ്യൽ പരിപാടികൾ പ്രക്ഷേപണം ചെയ്തു. സെപ്റ്റംബർ 17-ലെ ദീപിക പത്രത്തിൽ അദ്ദേഹത്തെപ്പറ്റി ഭാര്യ മറിയാമ്മ ഉമ്മൻ എഴുതിയത് ഇങ്ങനെയാണ്: "ഇത്രയും സദ്ഗുണങ്ങൾ ചേർന്ന ആണുങ്ങൾ വേറെ കാണുമോ എന്നറിയില്ല. കരുണ, ക്ഷമ, സ്നേഹം, സൗമ്യത, എളിമ, അലിവ്, സഹനശക്തി എന്നിവയെല്ലാം അദ്ദേഹത്തിനുണ്ട്. മറ്റുള്ളവരെ കേൾക്കാനും സഹായിക്കാ നുമുള്ള വലിയ തുറവിയുള്ള മനസ്സാണ്. ആരുടെയും കുറ്റം പറയാൻ സമ്മതിക്കുകയുമില്ല."

രാഷ്ട്രീയക്കാരെല്ലാം അഴിമതിക്കാരാണെന്നും തെമ്മാടികളാണെ ന്നുമാണ് ധാരാളം യുവജനങ്ങൾ കരുതുന്നത്. മേൽപറഞ്ഞ ഗുണങ്ങൾ നിറയാനാഗ്രഹിക്കുന്ന അനേകം ജീസസ് യൂത്തും നവീകരണത്തിലുള്ള മുതിർന്നവരുമുണ്ട്. ഇത്രയും ഗുണങ്ങൾ നിറയാൻ മാത്രം നിരവധി തവണ ധ്യാനങ്ങൾ കൂടുന്നവരുണ്ട്. ഇത്രയും ഗുണങ്ങൾ കിട്ടിയാൽ ഒരു വിശുദ്ധനായി/വിശുദ്ധ യായി എന്നു ചിന്തിക്കുന്നവരുമുണ്ട്. എന്നാൽ, ഒരു കാര്യം നാം മറക്കരുത്; മറ്റുള്ളവർക്ക് സുവിശേഷം നൽകാൻ പറ്റിയ ഏറ്റവും ഉചിതവുമായ മേഖലയാണ് രാഷ്ട്രീയമെന്ന കാര്യം. ഇതു മനസ്സിലാക്കാതെ അരാഷ്ട്രീയവാദികളും നിസ്സംഗരുമായി നവീകരണത്തിൽ വന്നവർ മാറുന്നു. പ്രാർഥനയും കൂദാശകളുടെ സ്വീകരണവുമായി നടന്നാൽ വിശുദ്ധി പാലിക്കാമെന്ന് ചിലരെ ങ്കിലും തെറ്റിദ്ധരിക്കുന്നു. മറ്റുള്ളവരുടെ വേദനയൊപ്പാൻ കഴിയുക യെന്നതാണ് ക്രിസ്തുവിനെ പിഞ്ചെല്ലാനുള്ള ഏറ്റവും നല്ല മാർഗം.


ചിത്രീകരണം: വെങ്കി


കഥ: സി. ജിയ എം.എസ്.ജെ.

# ഉടയാത്ത പാൽക്കുടങ്ങൾ

''വല്യമ്മച്ചി പണ്ടുകാലത്തെ ഒരു കഥ പറഞ്ഞു തര്വോ..? വീട്ടിൽ മുത്തച്ഛനും മുത്തശ്ശിയുമുള്ളവർ നല്ല കഥകൾ കേട്ട് പഠിച്ചുവരണമെന്ന് ഞങ്ങളുടെ ക്ലാസ്സ് ടീച്ചർ പറഞ്ഞിട്ടാ... നല്ല കഥ പറയുന്നവരെ സ്കൂളിൽ നടക്കുന്ന കഥാമത്സരത്തിൽ പങ്കെടുപ്പിക്കുമത്രേ... നല്ലൊരു കഥ വല്യമ്മച്ചി പറഞ്ഞു തരണം.''

നാലാം ക്ലാസ്സുകാരി ചിന്നുമോളുടെ ആവശ്യം കേട്ടപ്പോൾ വല്യമ്മച്ചി അതിശയിച്ചു പോയി. ജീവിച്ചു തീർത്ത കഥകൾ ഒരുപാടുണ്ട് പറയാൻ. പക്ഷേ, ഇതുവരെയും കേൾവിക്കാർ ആരുമുണ്ടായിരുന്നില്ല.

വ്രണം വന്ന് വിങ്ങിവീർത്ത ഇടതുകാൽ മറ്റൊരു കസേരയിലേക്ക് ആയാസപ്പെട്ട് കയറ്റിവച്ച് ചിന്നുമോളെ നോക്കി വല്യമ്മച്ചി മനസ്സു തുറന്നൊന്ന് ചിരിച്ചു. ''പപ്പയും മമ്മിയും എത്തുംമുമ്പ് വേഗം പറഞ്ഞു തീർക്കണം, വല്യമ്മച്ചിയോട് സംസാരിക്കുന്നത് കണ്ടാൽ അവരെന്നെ വഴക്കു പറയും''. മറ്റൊരു കസേര വലിച്ചിട്ട് ചിന്നുമോൾ കഥ കേൾക്കാൻ തിരക്കുകൂട്ടി. മുഖവുരയൊന്നും കൂടാതെ വല്യമ്മച്ചി കഥ പറഞ്ഞു തുടങ്ങി.

''ഭർത്താവ് മരിച്ചു പോയ ഒരു പാവപ്പെട്ട സ്ത്രീ, അവളുടെ ഒരേയൊരു മോനെ വളർത്താൻ അയൽവീടുകളിൽ കൂലിപ്പണിക്കു പോയി. ആൺകുട്ടിയല്ലേ, എങ്ങനെയെങ്കിലും അവനെ പഠിപ്പിച്ച് വലിയ ജോലിക്കാരനാക്കണം. അതിനുവേണ്ടി അമ്മ രാവും പകലുമില്ലാതെ ഓട്ടമായിരുന്നു. ഉണ്ണാനും ഉറങ്ങാനും അവൾ മറന്നു. കുളിക്കാനും ജപിക്കാനും അവൾക്ക് സമയം കിട്ടിയിരുന്നില്ല; അവളുടെ കുഞ്ഞിന് തീരെ ആരോഗ്യക്കുറവായിരുന്നതിനാൽ രോഗങ്ങൾ അവന്റെ കൂടപ്പിറപ്പായിരുന്നു. കൂലിയായി കിട്ടുന്ന പണം മുഴുവനും ആശുപത്രിയിൽ കൊടുക്കാനേ ഉണ്ടായിരുന്നുള്ളൂ. നാലു വയസ്സായിട്ടും അവന്റെ ശരീരം മെലിഞ്ഞുണങ്ങിയിരുന്നു''.

എന്നും രണ്ടുനേരം പാലുവാങ്ങി കൊടുക്കാൻപോലും അമ്മ നന്നേ വിഷമിച്ചു. ഒരു മാസത്തെ പാലിന്റെ പണം കൊടുത്തു വീട്ടാത്തതുകൊണ്ട് ഇന്നുമുതൽ പാൽ തരില്ലെന്നു പറഞ്ഞ് പാൽക്കാരൻ മാധവൻ ഒരു ദിവസം അമ്മയെ കണക്കിന് ശകാരിച്ചു. പാലു കിട്ടാതെ തിരികെയെത്തിയപ്പോൾ നാലു വയസ്സുകാരൻ കുഞ്ഞിന് വിശപ്പും അരിശവും സഹിക്കാനായില്ല. തറയിലിരുന്ന പാലിന്റെ ചില്ലുകുപ്പിയെടുത്ത് ഉമ്മറപ്പടിയിൽ സങ്കടപ്പെട്ടിരുന്ന അമ്മയുടെ കാൽമുട്ടിൽ ആഞ്ഞൊരടി. കുപ്പിപൊട്ടി ചില്ലുകൾ അവളുടെ കാലിൽ തറച്ചു കയറി. രക്തം വാർന്നൊഴുകി. കുഞ്ഞിന്റെ വിശപ്പിനു മുമ്പിൽ കുത്തിയൊഴുകുന്ന ചോര അവളെ ഭയപ്പെടുത്തിയില്ല. വേദനകൊണ്ട് കരഞ്ഞതുമില്ല. സ്വയം മുറിവുകൾ വച്ചുകെട്ടി കുഞ്ഞിനെ ആശ്വസിപ്പിച്ചു. അന്ന് കാലിൽ തറച്ചു കയറിയ ചില്ലുപൊടികൾ വർഷങ്ങൾക്കിപ്പുറം അവളെ ഒരു ചട്ടുകാലിയാക്കി. തന്റെ ആരോഗ്യമോ ആയുസ്സോ നോക്കാതെ മകനെ പഠിപ്പിച്ച് വലിയ ജോലിക്കാരനാക്കി, വിവാഹവും കഴിപ്പിച്ചു''.

ആകാംക്ഷയോടെ കഥ കേട്ടിരുന്ന ചിന്നുമോൾക്ക് മിഴി നിറഞ്ഞു. സങ്കടംകൊണ്ട് വല്യമ്മച്ചിയുടെ സ്വരമിടറി. കാർപോർച്ചിലേക്ക് വണ്ടി വന്നു നിൽക്കുന്ന ശബ്ദം കേട്ട് വല്യമ്മച്ചി പെട്ടെന്ന് കഥപറച്ചിൽ നിറുത്തി കണ്ണുകൾ തുടച്ചു. ചിന്നുമോളുടെ പപ്പയും മമ്മിയും ജോലി കഴിഞ്ഞെത്തിയതാണ്.

''അയ്യോ, അമ്മച്ചീ കഥ മുഴുവൻ പറഞ്ഞില്ലല്ലോ'' വേഗം തന്റെയരികിൽ നിന്ന് എഴുന്നേറ്റ് പോകാൻ വല്യമ്മച്ചി ചിന്നുമോളെ കണ്ണുകാണിച്ചു. കതകു തുറന്ന് അകത്തേക്ക് കയറി വന്ന അവളുടെ പപ്പ പുച്ഛത്തോടെ അമ്മച്ചിയെ ഒന്നു നോക്കി. ''ദേ തള്ളേ, നിങ്ങൾ കഴിഞ്ഞ മാസത്തെ പാലിന്റെ കാശ് കൊടുത്തില്ലെന്നു പറഞ്ഞ് മിൽമക്കാരൻ എന്നെയാ ചീത്ത വിളിക്കുന്നത്.! കാശില്ലെങ്കിൽ ഈ വയസ്സാം കാലത്തെ അമ്മേടെ പാലുകുടി നിർത്തിക്കൂടേ..? ഞങ്ങൾക്കുള്ള



**കാർപോർച്ചിലേക്ക് വണ്ടി വന്നു നിൽക്കുന്ന ശബ്ദം കേട്ട് വല്യമ്മച്ചി പെട്ടെന്ന് കഥപറച്ചിൽ നിറുത്തി കണ്ണുകൾ തുടച്ചു.**

പാൽ അതാതു ദിവസം ഞങ്ങൾ പണം കൊടുത്താ മേടിക്കുന്നത്. വെറുതെ മനുഷ്യനെ നാണം കെടുത്താൻ.. ഒും''.

വിതുമ്പിയ ചുണ്ടുകൾക്കിടയിൽ നിന്നും കഥ പൂർത്തീകരിക്കാൻ ഒന്നുരണ്ടു വാക്കുകൾ കൂടി ആ അമ്മച്ചി തപ്പി ചികഞ്ഞെടുത്തു. ''ചിന്നുമോളേ, മോളുടെ പപ്പ പറഞ്ഞതാണ് ഈ കഥയുടെ അവസാനം. അതുകൂടി ചേർത്ത് പറഞ്ഞാൽ മതി''

ഹൃദയത്തിലെ മാതൃസ്നേഹത്തിന്റെ പാൽ പാത്രം വീണ്ടുമയാതിരിക്കാൻ അമ്മച്ചി വീണ്ടും മൗനിയായി. വർഷങ്ങൾക്ക് മുമ്പ് നാലുവയസ്സുകാരൻ അരിശം തീർത്ത കാൽമുട്ടിൽ പതിയെ തടവി, നിറം മങ്ങിയ ആ സ്ത്രീ രൂപം അകത്തെ മുറിയുടെ ശൂന്യതയിലേക്ക് വേച്ചുവേച്ച് നടന്നു. ഓർമകളുടെ കഥപ്പുസ്തകത്തിൽ എഴുതിത്തീരാത്ത കഥകൾ ഇനിയും ജനിച്ചുകൊണ്ടിരിക്കുകയാണല്ലോ എന്ന നൊമ്പരത്തോടെ ■



കാർട്ടൂൺ: ജോയ്സ് കെ.ജോസ്



ആശയം: ജോസ് കുര്യൻ




**പിടിച്ചുകൊണ്ടുവരാൻ പറഞ്ഞാൽ കൊന്നുകൊണ്ടുവരും...!! അതാ ചെലയിനങ്ങൾ !**

## വായനയിൽ തുറക്കുന്ന വാതായനങ്ങൾ

- കാറ്റ് വീശുന്ന വഴികൾ
- വിസ്മയിപ്പിക്കുന്ന കരുണ
- ഞങ്ങടെ സ്വന്തം പള്ളിയച്ചൻ
- മറ്റു പുസ്തകങ്ങളും

**www.kairos.global**

**പ്രതീക്ഷയുടെയും പ്രത്യാശയുടെയും ചിറകുകൾ നൽകി, ആത്മീയ ഉണർവേകുന്ന വായനാനുഭവം.**

**Kairos Media**
8/174, Navodaya Studio Complex,
Thengode P.O, Kochi 682 030
✉ infoin@kairos.global
☎ +91 484 2984327 / 62382 79115









RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2019-21, Date of publication: 01/10/2020, ₹50.00

# ആരുപറഞ്ഞു...? വായന മരിച്ചെന്ന്!

നല്ല വായന ഇപ്പോഴുമുണ്ട്. കാലം മാറി, വായനയുടെ ശൈലികളും.
യുവലോകത്തിലെ പുത്തനനുഭവങ്ങൾ വർണപ്പകിട്ടോടെ നിങ്ങൾക്ക് നൽകുന്നു.

## കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041
Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662